
ചെറുകഥയുടെ വാതായനങ്ങൾ
തിരഞ്ഞെടുത്ത കഥാപഠനങ്ങൾ
• ഡോ. ബെന്നിച്ചൻ സ്കറിയ • ജെയിത്ത് രവീന്ദ്രൻ
ചെറുകഥയുടെ വാതായനങ്ങൾ
തിരഞ്ഞെടുത്ത കഥാപഠനങ്ങൾ
ABPC Publications

ഡോ. ബെന്നിച്ചൻ സ്കറിയ | രഞ്ജിത്ത് രവീന്ദ്രൻ.വി

# കഥയുടെ വാതായനങ്ങൾ

## തിരഞ്ഞെടുത്ത ചെറുകഥാപഠനങ്ങൾ

*Malayalam*

**Kadhayude Vathayanangal**

(Study)

**EDITORS**

Dr.Bennichan Scaria

Sri. Ranjith Raveendran V.

**FIRST EDITION**

June 2020

**COVER DESIGN**

Tobin James

**LAYOUT**

Anupriya Manuel

**PRE-PRESS**

Anulal- anulalvmanoj@gmail.com

Murickassery-9961768071

**PRINTING**

Central Press Kattappana

**PUBLISHED BY**

ABPL Publications, Kerala

www.abplpublications.co.in

**ISBN NO: 978-81-945965-7-8**

**Price Rs: 150**

# കഥയുടെ വാതായനങ്ങൾ
## (ലേഖനങ്ങൾ)

**എഡിറ്റേഴ്സ്**

ഡോ. ബെന്നിച്ചൻ സ്കറിയ

രഞ്ജിത്ത് രവീന്ദ്രൻ വി

പാവനാത്മ കോളേജിനു വേണ്ടി,
എ.ബി.പി.എൽ പബ്ലിക്കേഷൻസ്, കേരള
www.abplpublications.co.in

# apJhpc

**ചെ**റുകഥയ്ക്ക് കൃത്യമായ ഒരു നിർവചനം നൽകുക പ്രയാസകരമാണ്. കാലത്തെ ആവാഹിക്കുന്നതാണ് കഥ എന്നു പറയാം. മുത്തശ്ശിക്കഥകളിൽ നിന്നു തുടങ്ങുന്ന നമ്മുടെ കഥാകഥനസഞ്ചാരം വർത്തമാനകാലസങ്കീർണ്ണ സമസ്യകളെ പ്പോലും അതിന്റെ എല്ലാ ശക്തിസൗന്ദര്യങ്ങളോടുംകൂടി ആവി ഷ്ക്കരിക്കാൻ തക്ക കരവിരുത് പ്രകടമാക്കിക്കൊണ്ട് ഇന്നും അനസ്യൂതം തുടർന്നുകൊണ്ടിരിക്കുന്നു. ഈ യാത്രയിലെ ഓരോ ഘട്ടത്തിലും ചെറുകഥ അതിന്റെ ശക്തി ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞ് സ്വയം പൊളിച്ചെഴുതാനും നവീകരിക്കാനും കാല ത്തിന്റെ അനന്തസാധ്യതകൾ ഉൾക്കൊള്ളാനും നിരന്തരം ശ്രമി ച്ചിട്ടുണ്ട്.

മനുഷ്യജീവിതവുമായി ബന്ധപ്പെട്ട ഏതു വിഷയത്തേയും കൈകാര്യം ചെയ്യാനുള്ള അവധാനത ഇന്ന് മലയാള ചെറുകഥാ കൃത്തുക്കൾ പ്രദർശിപ്പിച്ചു തുടങ്ങിയിരിക്കുന്നു. വിഷയത്തിന്റെ

ചുറ്റുവട്ടത്തിൽ നിന്നു തെറിച്ചുപോകാത്ത ഒരച്ചടക്കം വർത്ത മാനകാല കഥാകൃത്തുക്കളുടെ എഴുത്തിൽ നമുക്ക് കാണാൻ സാധിക്കും.

നവോത്ഥാനകാല കഥാകൃത്തുക്കളുടെ ആദർശാത്മക സാമൂഹിക പ്രതിബദ്ധതയല്ല ഇന്നത്തെ എഴുത്തുകാർക്കുള്ളത്. പുതിയകാല കഥകളിലെ സാമൂഹികത ബഹുസ്വരസ്വഭാവമു ള്ളതാണ്. സൂക്ഷ്മമായ രാഷ്ട്രീയ വിവേകം, സാംസ്കാരവിമർ ശനത്വര, പ്രാദേശികമായ സ്വത്വസാക്ഷാത്കാരവ്യഗ്രത, സ്ത്രീ പക്ഷാഭിമുഖ്യം, പാരിസ്ഥിതിക-ജൈവാവബോധം, സാമൂഹ്യ മാറ്റത്തോടൊപ്പം സഞ്ചരിക്കുന്നതിൽ കാണിക്കുന്ന നിതാന്ത ജാഗ്രത എന്നിങ്ങനെ ബഹുമുഖമായി വികസിച്ചുകൊണ്ടിരി ക്കുന്ന ഒന്നായി വർത്തമാനകാല മലയാള ചെറുകഥയെ അടയാളപ്പെടുത്താം.

സമകാലിക കഥാകൃത്തുക്കളുടെ രചനകളെ ആസ്പദമാ ക്കിയുള്ള ആസ്വാദന പഠനങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ സിംഹ ഭാഗമെങ്കിലും പഠനത്തിന്റെ ഗൗരവസ്വഭാവം കണക്കിലെടുത്ത് നമുക്ക് വഴികാട്ടികളായിരുന്ന ചില എഴുത്തുകാരുടെ രചന കളെക്കുറിച്ചുള്ള പഠനങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒറ്റ ക്കഥാപഠനങ്ങളും ബഹുകഥാപഠനങ്ങളുമായി പതിമൂന്ന് ലേഖ നങ്ങളടങ്ങുന്നതാണ് ഗ്രന്ഥസ്വരൂപം. എം.സരസ്വതീഭായ്, സക്ക റിയ, വി.ആർ സുധീഷ്, കെ.ആർ മീര, ഇന്ദുമേനോൻ, കെ.രേഖ, കെ.വി പ്രവീൺ, എം. നന്ദകുമാർ, വി. ഷിനിലാൽ, എ.വി സുനു, ഫ്രാൻസിസ് നൊറോണ, എൻ.എസ് മാധവൻ, സാറാ ജോസഫ്, അഷിത എന്നിവരുടെ ശ്രദ്ധേയ രചനകളാണ് ഇവിടെ പഠനവിധേയമാക്കിയിട്ടുള്ളത്.

ചെറുകഥയെ ഗൗരവാവഹമായ ഒരു സാഹിത്യരൂപമായി കാണുന്നവർക്കും അതിന്റെ സൂക്ഷ്മരാഷ്ട്രീയ-സൗന്ദര്യതല ങ്ങളെക്കുറിച്ച് ആഴത്തിൽ അറിയാൻ ശ്രമിക്കുന്നവർക്കും സർ വ്വോപരി സാഹിത്യാസ്വാദകർക്കും ഈ പുസ്തകം ഒരു തുറ വിയായിരിക്കുമെന്ന് വിശ്വസിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ ലേഔട്ടിംഗ് നിർവ്വഹിച്ച അനുപ്രിയ മാനുവലിനോടും ഡി.റ്റി.പി ചെയ്ത അനുലാലിനോടും കവർ ഡിസൈൻ ചെയ്ത റ്റോബിൻ കെ.ജെയിംസിനോടും പ്രസാ ധനം നിർവ്വഹിച്ച പാവനാത്മ പബ്ലിക്കേഷനോടുമുള്ള ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

ഡോ. ബെന്നിച്ചൻ സ്കറിയ
രഞ്ജിത്ത് രവീന്ദ്രൻ.വി

# DÅSiw


1. കാലത്തിന്റെ കാതുസൂത്രം................................................. 11
tUm. A\ne kn.F k

2. ആദ്യപെൺകഥ: ഒരു വിശകലനാത്മക പഠനം............................. 18
\n½n Ipcy³

3. അബൂബക്കർ അടപ്രഥമൻ: കാലത്തിന്റെ പ്രതിരോധഭാഷ്യം................. 27
hn j Wpemð.ssh

4. വാർത്താളിമണ്ഡലം: പ്രതീതിയാഥാർത്ഥ്യത്തിന്റെ സൈബറിടം .......... 38
caytamÄ.Pn

5. അഷിതയുടെ 'ഒത്തുതീർപ്പുകൾ': ഒരു വിശകലനം ........................ 47
tUm.s_ ón¨³ k I dnb

6. സ്പർശത്തിന്റെ നാനാർത്ഥം ................................................ 51
cRPn¯ cho{µ³ hn.

7. അണുകുടുംബവും അന്തഃസംഘർഷങ്ങളുടെ ബാല്യവും ......................64
tUm. _n³ kn kn.sP

8. വീണ്ടും ഇരതേടുന്നവർ ...................................................... 71
c i antamÄ kptc j

9. സാറാജോസഫിന്റെ 'നീ': ഒരു വിശകലനം..................................78
B cy hnPb³

10. അലിഗറി സക്കറിയായുടെ കഥകളിൽ ........................................ 82
Aeo\ sI. t\m_nÄ.

11. ദേശീയത ഉത്തരാധുനിക ചെറുകുകഥകളിൽ :
തിരഞ്ഞെടുത്ത കൃതികളെ മുൻനിർത്തി ഒരു പഠനം ....................... 95
enâmdmWn

12. സ്ത്രീശരീരത്തിന്റെ പ്രതിനിധാനം കെ. ആർ മീരയുടെ കഥകളിൽ .... 104
{] ^nX tPmk

13. മൃഗകഥാപാത്രങ്ങൾ വി. ആർ സുധീഷിന്റെ കഥകളിൽ ................... 111
Aeo\ tUman

# കാലത്തിന്റെ കാതുസൂത്രം

ഡോ. അനില സി. എസ്.

സാഹിത്യം മിക്കപ്പോഴും കാലത്തിന്റെ പകർത്തുവയ്പാണ്. ഇന്നിന്റെ യാഥാർത്ഥ്യത്തെ ഭാവനയാകുന്ന മൂശയിൽ വാർത്തെടുക്കുമ്പോൾ നാളെയത് ഇന്നലെയുടെ ജീവിതമാകുന്നു. മലയാളത്തിലെ പുതു കഥാകൃത്തുക്കളിൽ ഏറെ ശ്രദ്ധേയനാണ് ഫ്രാൻസിസ് നൊറോണ. പ്രമേയം, ആഖ്യാന ശൈലി, ഭാഷ എന്നിവകൊണ്ട് വ്യത്യസ്തമാണ് അദ്ദേഹത്തിന്റെ കഥകൾ. പുതുസമൂഹത്തിന്റെ വേഗതകളെ അഭിസംബോധന ചെയ്യുന്നവയാണ് നൊറോണ കഥകൾ. മലയാള സാഹിത്യം കൈകാര്യം ചെയ്യാൻ മടിച്ചുനിന്ന ചിലയിടങ്ങളിലൊക്കെ നൊറോണക്കഥകൾ കടന്നുചെല്ലുന്നു. മനുഷ്യനെ പുരോഗതിയിലേയ്ക്ക് നയിക്കുന്ന അടിസ്ഥാന ചോദന, ആസക്തി ആയതിനാലാണ് തന്റെ കഥകളിൽ ആസക്തിയുടെ ചൂടും ചൂരും നിറഞ്ഞിരിക്കുന്നതെന്ന് കഥാകൃത്ത് പറഞ്ഞിട്ടുണ്ട്.

ആധുനികലോകം യാഥാർത്ഥ്യത്തിന്റെയും അതോടൊപ്പം സാങ്കേതികതകളുടേതുമാണ്. സമകാലിക സംഭവങ്ങളെ സർ ഗ്ഗാത്മക പ്രതികരണങ്ങളാക്കി മാറ്റുന്ന എഴുത്തുകാരൻ എന്ന നിലയിൽ 'കാതുസൂത്രം' എന്ന കഥാസമാഹാരവും കഥയും ഏറെ ശ്രദ്ധേയമാണ്. സൈബർ കുടുംബിനികളെ അഭിസം ബോധന ചെയ്യുന്ന ഒരു രചനയാണ് കാതുസൂത്രം. പരിസര ത്തിന്റെ അനുഭവതീവ്രതകൾക്കപ്പുറം സ്വയം നിർമ്മിതലോക ത്തിന്റെ ഏകാന്ത തടവിലെ അനുഭൂതികളിലാണ് ആധുനിക മനുഷ്യൻ. കാതുസൂത്രമെന്ന പേരിലൂടെ മൊബൈൽഫോ ണിന്റെ അറിവനുഭൂതികളിലൂടെയുള്ള ഒരു കടന്നുപോക്കാണ് ഈ കഥ. അമ്മയെ നോക്കിക്കാണുന്ന ഒരു മകളുടെ കഥപറ ച്ചിൽ രീതിയിലാണ് ഇതിന്റെ ആഖ്യാനം.

അച്ഛനും അമ്മയും മകനും മകളും അച്ഛന്റെ ചേച്ചിയായ അപ്പച്ചിയും അടങ്ങുന്നതാണ് കുടുംബം. ആന്റമാനിലാണ് അച്ഛന് ജോലി. അപ്പച്ചിയുടെ മരണശേഷം ഇപ്പോൾ അമ്മയും മക്കളും മാത്രമാണ് വീട്ടിൽ. ആറേഴുമാസം കൂടുമ്പോൾ അച്ഛൻ വരും. അച്ഛൻ വരാറായി എന്നത് ഉദ്യോഗസ്ഥയായ അമ്മയുടെ മുഖത്തുനിന്ന് അറിയാൻ കഴിയും. "ആ ഒരാഴ്ച ക്കാലം വെപ്രാളപ്പെട്ടാണ് അമ്മ ഓരോന്നു ചെയ്തിരുന്നത്. വീട്ടിലെ വാഷ് ബേസിൻ, ടൈലുപാകിയ തറ, ജനൽ കമ്പി കൾ, ഷോകേസിലെ അലങ്കാരങ്ങൾ അങ്ങനെ സകലതും തുടച്ച് വെടിപ്പാക്കി നടക്കും. ഇത്തിരി അഴുക്കുപോലും എങ്ങും കാണാതിരിക്കാൻ അമ്മ ശ്രദ്ധിച്ചിരുന്നു". നാട്ടിലെ ത്തിയാൽ അച്ഛന് മറ്റ് കൂട്ടുകാരൊന്നും തന്നെയില്ല. മകനായ ആദിയുടെ കണ്ണിന്റെ ട്രീറ്റ്മെന്റിനായി തൃശ്ശൂരിൽ പോകും. വീട്ടിലായാൽ അമ്മയോടൊപ്പം അടുക്കളയിൽ ചുറ്റിപ്പറ്റി

നിൽക്കും. ഇടയ്ക്ക് കവിളിൽ നുള്ളി സന്തോഷിപ്പിക്കുമെങ്കിലും എപ്പോഴാണ് വൃത്തിയുടെ കാര്യം പറഞ്ഞ് വഴക്കുണ്ടാക്കുക എന്ന് അമ്മയ്ക്ക് പേടിയാണ്. എന്നാൽ അച്ഛൻ സ്നേഹവാനല്ല എന്ന് പറയുവാൻ കഴിയില്ല. കാരണം മക്കളെ കളിപ്പിച്ചും പഠിപ്പിച്ചും ബന്ധുഗൃഹയാത്രകൾ നടത്തിയും കുടുംബം നോക്കിയും കഴിയുന്ന ഒരു ഗൃഹനാഥൻ.

അച്ഛൻ വരുന്നതിന് മുമ്പ് അമ്മ ബ്യൂട്ടി പാർലറിൽ പോയി മുടി ഹെന്ന ചെയ്ത് വൃത്തിയാക്കും. അമ്മ ലിപ്സ്റ്റിക് ഇടുന്നത് അച്ഛന് ഇഷ്ടമല്ല. എന്നാൽ അണിഞ്ഞൊരുങ്ങി നടക്കണം. അച്ഛൻ കൊണ്ടുവരുന്ന പ്ലെയിൻ കോട്ടൺ സാരികൾ അമ്മ ഫേബ്രിക് പെയിന്റ് ചെയ്ത് വൃത്തിയായി ഉടുക്കും. അമ്മയ്ക്ക് രണ്ട് ഫെയ്സ്ബുക്ക് ഐ.ഡി.യുണ്ട്. അതിൽ ഒന്നിന്റെ പ്രൊഫൈൽ പിക്ചർ ഫാമിലി ഫോട്ടായാണ്. രണ്ടാമത്തേതിൽ അമ്മയുടെ ലിപ്സ്റ്റിക്കിട്ട സെൽഫിയാണ്. അച്ഛൻ വീട്ടിലുള്ള ദിവസം ഈ ഐ.ഡി. ഡീ ആക്ടിവേറ്റായിരിക്കും. അച്ഛനുള്ളപ്പോൾ അമ്മയുടെ ഫോൺ മിക്കപ്പോറും സ്വിച്ച് ഓഫ് ആയിരിക്കും. തിരിച്ചുപോകാനുള്ള ദിവസം ആകുമ്പോൾ അമ്മ തിരക്കിട്ട് അച്ചാറും ഉപ്പേരിയും എല്ലാം ഉണ്ടാക്കി അച്ഛനെ യാത്രയാക്കും.

ഒരു യഥാർത്ഥ കുടുംബിനി എങ്ങനെ ആകാമോ ആ രീതിയിലായിരിക്കും അച്ഛനുള്ളപ്പോൾ അമ്മയായ ഭാനുവിന്റെ പെരുമാറ്റം. ഭർത്താവിന് വേണ്ടുന്നതെല്ലാം വെച്ചുവിളമ്പി, വീടെല്ലാം വൃത്തിയാക്കി, അയാൾക്ക് അസുഖം വന്നാൽ പ്രാർത്ഥനകളും നിരാഹാരവുമായി ഇരിക്കുന്ന ഉത്തമ ഭാര്യയാവുകയാണ് ഭാനു. എന്നാൽ അച്ഛനെ യാത്രയാക്കി തിരിച്ചെത്തുന്ന അമ്മ മുടങ്ങിക്കിടക്കുന്ന ഫോൺവിളി തുടങ്ങുകയാണ്. അക്വേറിയ

ത്തിലെ മീനിനെ നോക്കിയാണ് വിളി. "ചിലപ്പോൾ കാതിൽ നിന്ന് ഫോണെടുത്ത് മുഖത്തേയ്ക്ക് അടുപ്പിച്ച് പതുക്കെ വിളിക്കുന്നത് കേൾക്കാം. ചില്ലിൽ വന്ന് മുട്ടുന്ന ഗോൾഡ് ഫിഷിനെപ്പോലെ 'കുട്ടൂസേ..' എന്നുള്ള അമ്മയുടെ ചുണ്ടനക്കം". ഡീആക്ടിവേറ്റായിരുന്ന ഫെയ്സ് ബുക്ക് അന്നുമുതൽ ജീവൻ വയ്ക്കും.

അച്ഛന്റെ മുന്നിൽ എല്ലാം മറച്ച് നടക്കുമ്പോഴും അമ്മയെ ശ്രദ്ധിക്കുന്ന മകൾ അമ്മയുടെ ഫോണിന്റെ ലോക്ക് മനസ്സിലാക്കി വച്ചിരിക്കുകയാണ്. അമ്മയുടെ സംഭാഷണങ്ങളും ചെയ്തികളും മകൾ വീക്ഷിക്കുന്നു. അപ്പച്ചിയുടെ മരണശേഷം അച്ഛൻ മതിൽ വീണ്ടും പൊക്കികെട്ടി. വീട്ടിൽ പട്ടിയെ വാങ്ങുകയും സി.സി. ടി.വി. ക്യാമറ ഘടിപ്പിക്കുകയും ചെയ്തു. ആന്റമാനിലിരിക്കുന്ന അച്ഛന്റെ ഫോണിൽ വീടും വീട്ടുകാരും തെളിയും. അങ്ങനെ തന്റെ കുടുംബത്തിന്റെ സുരക്ഷ അച്ഛൻ കൂടുതൽ ബലപ്പെടുത്തി. അച്ഛനില്ലാത്തപ്പോൾ വീട് വൃത്തിയാക്കൽ പരിപാടി റദ്ദുചെയ്തിരുന്ന അമ്മയ്ക്ക് എന്നും അതൊക്കെ ചെയ്തേ പറ്റൂ. മതിൽ ചാടി പൂച്ച അകത്തുകയറിയത് അച്ഛൻ വിളിച്ചുപറഞ്ഞാണ് അമ്മ അറിഞ്ഞത്. ടെക്സ്റ്റയിൽ ഷോപ്പിൽ ഉടുപ്പിച്ചുനിർത്തിയ പാവയാണ് താനെന്ന് അമ്മ കുട്ടൂസിനോട് സങ്കടം പറയുന്നു.

പക്ഷേ, പിന്നീട് കുട്ടൂസിന്റെ കോളുകൾ അമ്മ എടുക്കാതായി. ബോബി എന്ന പട്ടി വീട്ടിലെ ഒരു ആളെപ്പോലെയായി. ബോബിക്കസുഖം വന്നതറിഞ്ഞ് അച്ഛൻ ഭ്രാന്തനെപ്പോലെ അമ്മയെ ചീത്ത പറഞ്ഞു. 'അപ്പച്ചിയെ കൊന്നപോലെ ഇവനേം കൊല്ലുമോ' എന്നായിരുന്നു അലർച്ച.

പിന്നീട് അമ്മ കിടപ്പുമുറിയിൽ നിന്ന് പുറത്തേയ്ക്കിറങ്ങാതായി. ജോലിക്ക് പോക്കില്ല. ക്യാമറയിൽ മുഖം പെടാതിരിക്കാൻ അമ്മ വീടിനുള്ളിലും കുട ഉപയോഗിച്ചു. പണ്ട് കഴിച്ചിരുന്ന ഗുളിക കഴിക്കാൻ അച്ഛനപ്പോൾ സ്നേഹപൂർവ്വം നിർബന്ധിച്ചു. മരുന്ന് മുടങ്ങിയതോടെ അമ്മയുടെ മുഖം നീരുവന്ന് വീർത്തു. എപ്പോഴും ഉറക്കമായി. വിരൽനഖങ്ങൾ വളർന്ന് വികൃതമായി. മകൾ നഖം വെട്ടിയപ്പോൾ അറ്റം മുറിഞ്ഞ് ചോര പൊടിഞ്ഞു. ചോര കണ്ട് അമ്മ ചിരിച്ചുകൊണ്ട് അത് നക്കിക്കുടിച്ചു. അമ്മയെ സന്തോഷിപ്പിക്കാറുള്ള കുട്ടൂസിന്റെ വിളിക്കുവേണ്ടി മകൾ പ്രാർത്ഥനയും വഴിപാടും നേർന്നു. അമ്മയറിയാതെ ഫോണിൽ നിന്നും കുട്ടൂസ് എന്ന പേര് സേർച്ച് ചെയ്തെടുത്ത് ഡയൽ ചെയ്തു. കോളെടുത്തപ്പോൾ പേടിച്ച് കട്ട് ചെയ്തു. വിളി ഇങ്ങോട്ടു കടന്നുവന്നപ്പോൾ മടിച്ചിട്ട് മകൾ ഫോണെടുത്തു. ഭാനൂ.. മോളൂസേ എന്നുള്ള വിളി തിരുത്തി മകൾ ആണെന്നു പറഞ്ഞു. ആ വീട്ടിലെ ഏറ്റവും ചെറിയ കാര്യം പോലും അറിയാവുന്ന കുട്ടൂസ് പല കാര്യങ്ങളും സംസാരിച്ചു. പതിഞ്ഞ ശബ്ദത്തിലുള്ള "ആർദ്രേ" എന്നുള്ള വിളി അവൾക്ക് വല്ലാതെ ഇഷ്ടപ്പെട്ടു.

അമ്മ മുറിക്കുള്ളിൽ മാത്രമായൊതുങ്ങി. അമ്മയുടെ ഫോണിൽ അമ്മ നിന്ന അതേ സ്ഥാനത്ത് അക്വേറിയത്തിന് സമീപം നിന്ന മകൾ കുട്ടൂസിനെ വിളിച്ചു, മോളൂസല്ലേ എന്നയാൾ ചോദിച്ചപ്പോൾ മറുപടി പറയാതെ വീണ്ടും കുട്ടൂസേ എന്നു വിളിച്ചു. "ഭാനൂ, എനിക്ക് നിന്നെ കണ്ടേ പറ്റൂ. വീഡിയോ വിളിക്ക്" എന്ന കുട്ടൂസിന്റെ പറച്ചിൽ കേട്ട് കോൾ വിളിച്ചിട്ട് അക്വേറിയത്തിലെ മീനുകളിലേയ്ക്ക് അവൾ ക്യാമറ തിരിച്ചുവച്ചു. "മോളൂസേ.. ന്റെ.. ഭാനൂ.. പ്ലീസ്...

മീനല്ല, നിന്റെ മുഖമൊന്ന് കാട്ടൂന്നുള്ള അയാളുടെ കരച്ചിലു പോലുള്ള വാക്കുകൾ. അമ്മയുടെ മൊബൈൽ സ്ക്രീനിൽ ഷർട്ടിന്റെ ബട്ടണഴിക്കുന്ന അയാളുടെ വിരലുകൾ. ഭാനൂ.. ന്റെ മോളൂസേ.. വിറച്ചുള്ള വിളികൾ. നരച്ച ജീൻസിന്റെ കരുകരുപ്പ്. പേടിച്ച് ഫോൺ അക്വേറിയത്തിലേയ്ക്കിട്ടു. അഴുക്ക് തിന്നുന്ന സക്കറിന്റെ പിടച്ചിലങ്ങനെ തുടർന്നു. ഞാൻ കണ്ണുപൊത്തി".

കാതുസൂത്രം കാലത്തിന്റെ സൂത്രമാകുന്നു. ഫോൺ, ഫെയ്സ്ബുക്ക് തുടങ്ങിയ ചാറ്റിംഗിലൂടെ തുടർന്നുവരുന്ന ധാരാളം വിപത്തുകൾക്ക് ഇന്ന് ലോകം സാക്ഷിയാണ്. അതിൽ ഏറെയും പങ്കാളികളാകുന്നത് കുടുംബിനികളാണ്. സ്ത്രീയുടെ മനഃശാസ്ത്രത്തെ മനസ്സിലാക്കി, അവളുടെ ബലഹീനതകളെ മനസ്സിലാക്കി അവളെ പടുകുഴിയിലാക്കുന്ന ആൺ സൗഹൃദങ്ങൾ ഏറെയാണ്. കാതുസൂത്രത്തിലെ ഭാനുവും ഇത്തരം ഒരു ഇരയാണ്. പുരുഷലൈംഗികതയ്ക്ക് അടിമപ്പെടുന്ന ഒരു കുടുംബിനി.

ഈ കഥയിൽ തന്റെ കുടുംബത്തെ പ്രത്യേകിച്ചും അമ്മയെ സസൂക്ഷ്മം വീക്ഷിക്കുന്ന ഒരു മകളെയാണ് കാണുന്നത്. ആ മകളുടെ കഥ പറച്ചിലാണ് കാതുസൂത്രത്തിന്റെ കലാസൂത്രം. നൊറോണയുടെ ഈ കഥ ചില സമകാലിക യാഥാർത്ഥ്യങ്ങളെ തുറന്നുകാട്ടുകയാണ്. എല്ലാ അർത്ഥത്തിലും സുരക്ഷിതത്വം അനുഭവിക്കുന്ന ഒരു സ്ത്രീ, ഒരു ഭാര്യ, ഒരമ്മ പരപുരുഷന്റെമധുരമായവാക്കുകളിൽനിലംപതിച്ചുപോകുന്നു.വാക്കുകൾക്കപ്പുറമുള്ള ബന്ധങ്ങളിലേയ്ക്കും അത് വളരുന്നു. ഇതു കണ്ട് വളരുന്ന മകളെ അമ്മ തിരിച്ചറിയുന്നില്ല. അമ്മയെ

മാതൃകയാക്കി വളരേണ്ട മകൾക്ക് മുന്നിൽ ഒരു നല്ല മാതൃക യാകാൻ ഇത്തരം അമ്മമാർക്ക് കഴിയുന്നില്ല.

കുടുംബങ്ങളിലെ ചെറിയ അസ്വസ്ഥതകൾ, ചെറിയ ന്യൂന തകൾ സ്ത്രീയെ വഴിതിരിച്ചുവിടുന്നതിന്റെ നേർചിത്രം എന്ന് വേണമെങ്കിലും ഈ കഥയെ പറയാം. കാരണം എല്ലാ സുര ക്ഷിതത്വങ്ങളിലും ഭാനു അനുഭവിക്കുന്ന അസ്വസ്ഥതകളെ വായനക്കാർക്ക് തിരിച്ചറിയാൻ കഴിയും. നൊറൊണ ഈ കഥ യ്ക്ക് നൽകിയിരിക്കുന്ന പേര് ഇന്ന് ഏറെ അന്വർത്ഥമാണ്. ഈ കാലത്തിന്റെ സവിശേഷതയായ മൊബൈൽഫോൺ ആണ് അദ്ദേഹത്തിന്റെ കാതുസൂത്രം.

# ആദ്യപെൺകഥ:
# ഒരു വിശകലനാത്മക പഠനം

നിമ്മി കുര്യൻ

മലയാളത്തിൽ പ്രസിദ്ധീകൃതമായ ആദ്യ പെൺകഥയായി പരക്കെ അംഗീകരിക്കപ്പെടുന്നത് എം. സരസ്വതീഭായി 1911-ൽ എഴുതിയ തലച്ചോറില്ലാത്ത സ്ത്രീകൾ എന്ന ചെറുകഥയാണ്. കുടുംബം/സാഹിത്യം എന്നിങ്ങനെ പ്രത്യക്ഷത്തിൽ പരസ്പര വിരുദ്ധമെന്ന് തോന്നാവുന്ന കർമ്മമണ്ഡലങ്ങളിൽ കുരുങ്ങിക്കിടക്കുന്ന കേന്ദ്രകഥാപാത്രത്തിലൂടെ പിതൃവാഴ്ചയുടെ നിഗൂഢയുക്തികളെ മറനീക്കി പുറത്തുകൊണ്ടുവരുവാൻ തന്റെ കഥയിലൂടെ കഥാകൃത്തിന് കഴിഞ്ഞിട്ടുണ്ട്. എഴുത്തുകാരി എന്ന നിലയിൽ സ്ത്രീ നേരിടേണ്ടിവരുന്ന മുൻധാരണകളെയും വെല്ലുവിളികളെയും കാര്യമാത്ര പ്രസക്തമായി കഥ അനാവരണം ചെയ്യുന്നു. സാമ്പ്രദായിക മനോനിലകളെ അപ്പാടെ പരിത്യജിച്ച് സമസ്തമേഖലകളിലുമുള്ള സ്ത്രീ പുരുഷ സമത്വം എന്ന ചിന്താധാരയുടെ മഹനീയത വിളംബരം ചെയ്യുന്നു ഈ കഥ. സാമൂഹിക, സാംസ്

കാരിക, രാഷ്ട്രീയ, വൈജ്ഞാനിക മണ്ഡലങ്ങളിൽ ഇന്ന് ഏറെ പ്രസക്തിയുള്ള സ്ത്രീപക്ഷ ചിന്തയുടെ പശ്ചാത്തല ത്തിൽ മലയാളത്തിലെ ആദ്യ പെൺകഥയേയും, കഥാകൃ ത്തിന്റെ ആത്മാംശം പേറുന്നവൾ എന്ന് വായനക്കാരെ തോന്നിപ്പിക്കുകയും ചെയ്യുന്ന സ്ത്രീ കഥാപാത്രത്തെയും പഠനവിധേയമാക്കുകയാണ് ലേഖനത്തിൽ.

സാഹിത്യരചന സ്ത്രീകൾക്കും സാധ്യമാകുമെന്നും അവരെ ബുദ്ധിശൂന്യരെന്നുപറഞ്ഞ് ആക്ഷേപിക്കുന്നത് അർ ത്ഥശൂന്യമാണെന്നും സാഹിത്യകാരനായ ഭർത്താവിനെ ബോധ്യപ്പെടുത്തുന്ന ബുദ്ധിമതിയുടെ കഥയാണ് എം. സര സ്വതീ ഭായിയുടെ 'തലച്ചോറില്ലാത്ത സ്ത്രീകൾ'. 1911 ൽ പ്രസി ദ്ധീകൃതമായ പ്രസ്തുത കഥ എഴുത്തിന്റെ തന്നെ കഥയാണ്. പാശ്ചാത്യലോകത്ത് സ്ത്രീവാദ ചിന്തയുടെ മുന്നണിപ്പോരാ ളികളിലൊരാളായ വെർജീനിയ വുൾഫ് തന്റെ ആദ്യകൃതി പ്രസിദ്ധീകരിക്കുന്നതിന് മുമ്പാണ് മലയാളിയായ സരസ്വതീ ഭായി ഈ കഥ എഴുതി പ്രസിദ്ധം ചെയ്തത്. യാഥാസ്ഥിതി കത്വവും സാമ്പ്രദായിക മനോഭാവവും മുറുകെ പിടിക്കുന്ന മലയാളി സമൂഹത്തെ സംബന്ധിച്ച് ഈ രചന ആ കാലഘട്ട ത്തിൽ ഒരു അത്ഭുതം തന്നെയായിരുന്നു. പാശ്ചാത്യവും പാശ്ചാത്യേതരവുമായ സമൂഹങ്ങളിൽ അനുകരണകാലം എന്ന് പേരിട്ട് സ്ത്രീപക്ഷചിന്തകർ മാറ്റിനിർത്തിയിരുന്ന താണ് പെണ്ണെഴുത്തിന്റെ ആദ്യഘട്ടം. ഈ ഘട്ടത്തിൽത്തന്നെ വിപ്ലവകരമായ ഇതിവൃത്ത സ്വീകരണത്തിലൂടെയും അവതര ണത്തിലൂടെയും പിൽക്കാല സ്വത്വാന്വേഷകരായ സ്ത്രീവാദ ചിന്തകരുടെ പാതയിലേയ്ക്ക് എത്തിച്ചേരുവാൻ കഥാകാ രിക്ക് സാധിച്ചിരിക്കുന്നു.

'തലച്ചോറില്ലാത്ത സ്ത്രീകൾ' എന്ന കഥയിലെ പ്രധാന വിഷയം എഴുത്ത് ആണ്. ഇവിടെ എഴുത്ത് പ്രശ്നവത്ക്കരിക്കുന്നതിന് കാരണം സ്ത്രീ എഴുതുന്നു എന്നതുകൊണ്ടാണ്. ഗാർഹസ്ഥ്യത്വത്തിന്റെ വാൽമീകത്തിൽ സുരക്ഷിതരായിരിക്കുന്ന സ്ത്രീസമൂഹമാണ് ആൺനോട്ടങ്ങളിൽ മികച്ചത്. ആ ചിതൽപ്പുറ്റ് ഭേദിച്ച് പുറത്തുവരുന്നവർ തന്റേടികളും സാമൂഹിക മര്യാദകൾക്ക് നിരക്കാത്ത മാനംകെട്ടവരുമാണ്. കുലീന/വേശ്യ എന്നീ ദ്വന്ദ്വങ്ങളിലാണ് പിതൃമേധാവിത്വ സമൂഹം സ്ത്രീയെ കാലാകാലങ്ങളായി തളച്ചിടുന്നത്. അതുകൊണ്ടു തന്നെ ഉത്തമസ്ത്രീയുടെ കർമ്മമണ്ഡലം കുടുംബം മാത്രമാണ്. സാഹിത്യം, സാഹിത്യാസ്വാദനം തുടങ്ങി ഇതര വ്യവഹാരങ്ങൾക്ക് അവിടെ പ്രസക്തിയില്ല. ഈ കഥയിലെ നായികാകഥാപാത്രം സമീപഗൃഹത്തിൽ ഉപാധ്യായനിയുടെ പണി സ്വീകരിക്കട്ടയോ എന്ന് ചോദിച്ചതിന് ഭർത്താവിൽ നിന്ന് ലഭിച്ച മറുപടി ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. "അല്ലെങ്കിൽത്തന്നെ കുട്ടികളെ പഠിപ്പിക്കാൻ നിനക്കെന്തോന്നറിയാം? സിസറോ, അരിസ്റ്റോട്ടിൽ, പ്ലേറ്റോ, സ്പെൻസർ ഇവരുടെ കൃതികൾ വല്ലതും നീ വായിച്ചിട്ടുണ്ടോ? നീ ശുദ്ധ ഭ്രാന്തി. നിനക്കിങ്ങനെയൊക്കെ തോന്നും. നിനക്ക് എത്ര പണം വേണം? ഞാനല്ലേ ഇരിക്കുന്നത്"[1].

പ്രസ്തുത കഥയിലെ ഭർത്താവ് സാഹിത്യകാരനാണ്. അദ്ദേഹം എഴുതുന്നതിനെക്കുറിച്ച് ഭാര്യയും കഥയിലെ കേന്ദ്ര കഥാപാത്രവുമായ കല്യാണിയമ്മ എന്തെങ്കിലും അഭിപ്രായങ്ങൾ പറഞ്ഞാൽ അദ്ദേഹത്തിന് രസിക്കുകയില്ലെന്നു മാത്രമല്ല, അടുക്കളയിൽ കിടക്കുന്ന നിങ്ങൾക്ക് സാഹിത്യത്തെക്കുറിച്ച് എന്തറിയാം എന്നും പറഞ്ഞ് ആക്ഷേപിക്കാറ് പതി

വാണ്. സ്ത്രീകളെ കുറിച്ചുള്ള പാരമ്പര്യവാദികളായ പുരുഷന്മാരുടെ കാഴ്ചപ്പാടാണ് ഇവിടെ പ്രകടമാകുന്നത്. അവർ അടുക്കളയിൽ മാത്രം ഒതുങ്ങേണ്ടവരാണെന്നും വേതനം അർഹിക്കാത്തതും വേദനയുള്ളതുമായ നിത്യത്തൊഴിലുകളിലേർപ്പെട്ട് കാലം കഴിക്കണ്ടവരാണെന്നുമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. സമകാലിക സമൂഹത്തിന്റെ പൊതുബോധവും ഇതിൽ നിന്നും വ്യതിരിക്തമല്ല. വെർജീനിയ വുൾഫിന്റെ 'ഷേക്സ്പിയറിന് ഒരു സഹോദരിയുണ്ടായിരുന്നെങ്കിൽ' എന്ന ലേഖനത്തിലെ ഒരു സന്ദർഭവും ഇവിടെ ചേർത്ത് വായിക്കാവുന്നതാണ്. തന്നോട് എന്തോ വിവരം ആരാഞ്ഞ സ്ത്രീയോട് ഒരു ബിഷപ്പ് ഇപ്രകാരം പറഞ്ഞുവത്രേ! "പൂച്ചകൾക്ക് ഏതാണ്ടൊരുതരം ആത്മാവുണ്ടെങ്കിലും അവ സ്വർഗ്ഗത്തിൽ പോകില്ല". അവരുടെ സമീപനത്തിൽ അജ്ഞതയുടെ അതിർത്തി എത്ര പിന്നോട്ട് ചുരുങ്ങിപ്പോയി. പൂച്ചകൾ സ്വർഗ്ഗത്തിൽ പോവുകയില്ലത്രേ! സ്ത്രീകൾക്ക് ഷേക്സ്പിയറുടെ നാടകങ്ങൾ എഴുതാൻ കഴിയില്ലത്രേ! എത്രമാത്രം പ്രതിഭയും സർഗ്ഗാത്മകതയുമുണ്ടെങ്കിലും സ്ത്രീയാണ് എന്നതുകൊണ്ടു മാത്രം ഒരുവൾ സാഹിത്യത്തിൽ പുരുഷനൊപ്പം എത്തില്ല എന്നതാണ് ഈ പ്രസ്താവനയിലെ ധ്വനി. ഇവിടെയെല്ലാം അബോധമായി സമർപ്പിക്കപ്പെടുന്നത് സ്ത്രീമൂല്യം പുരുഷമൂല്യത്തേക്കാൾ താഴ്ന്നാണ് നിലയുറപ്പിച്ചിരിക്കുന്നത് എന്നാണ്. അങ്ങനെയിരിക്കെ വൈജ്ഞാനികവും ബൗദ്ധികവുമായ മണ്ഡലത്തിൽ സ്ത്രീയെ പുരുഷനൊപ്പം നിർത്താൻ ആരെങ്കിലും തയ്യാറാകുമോ? ഈ ചോദ്യത്തിനുത്തരം തന്നെയാണ് ഗോവിന്ദൻനായർ എന്ന ഭർത്താവിൽ നിന്നും വായനക്കാർക്ക് ലഭിക്കുന്നത്.

ഇനി കഥയിലെ കുടുംബപരിസരം പരിശോധിക്കുകയാണെങ്കിൽ ഭാര്യ എന്ന നിലയിൽ കല്യാണിയമ്മയെ ഗാഢമായി സ്നേഹിക്കുന്ന ഗോവിന്ദൻനായർക്ക് സ്ത്രീകളെക്കുറിച്ച് വളരെ പുച്ഛമായിരുന്നു. ഇത് സംബന്ധിച്ച് കഥയിലെ വിവരണം ഇപ്രകാരമാണ്. "സാഹിത്യവിശേഷങ്ങളെ പരിഗണിക്കാനുള്ള തലച്ചോറ് സ്ത്രീകൾക്ക് കൊടുത്തിട്ടില്ലെന്നുള്ളതിന് ഏത് കോർട്ടിലും സാക്ഷ്യം പറയാൻ അദ്ദേഹം തയ്യാറാണ്"[2]. സ്ത്രീകളുടെ പേരുവച്ച് പ്രസിദ്ധം ചെയ്തിട്ടുള്ള സകല ഗ്രന്ഥങ്ങളും അവരുടെ ഭർത്താക്കന്മാരുടെയോ പരിചയക്കാരുടെയോ കൃതികളാണെന്ന് അദ്ദേഹം തെളിയാക്കാനും തയ്യാറാണ്. സ്ത്രീകളോട് പുച്ഛത്തോടും തന്നിൽത്തന്നെ അമിത വിശ്വാസമർപ്പിച്ചും ഗോവിന്ദൻനായർ എന്ന സാഹിത്യകാരനായ ഭർത്താവ് മുന്നോട്ടു പോകുമ്പോഴാണ് ഒരു സാമുദായിക നോവൽ മത്സരാടിസ്ഥാനത്തിൽ രചിക്കാൻ അദ്ദേഹത്തിന് അവസരം ലഭിക്കുന്നത്. നോവൽ രചനയ്ക്കു മുമ്പേ ഒന്നാം സമ്മാനം തനിക്കെന്നുറപ്പിച്ച അദ്ദേഹത്തിന് അവസാനം ലഭിക്കുന്ന തിരിച്ചടി സാഹിത്യരംഗത്ത് തന്റെ പ്രതിയോഗിയായ പ്രഖ്യാതനായ ബാലകൃഷ്ണൻ നായരിൽ നിന്നായിരുന്നു. അത് തന്റെ ഭാര്യയുടെ തൂലികാനാമമാണെന്നറിയുമ്പോൾ കഥാനായകനുണ്ടാകുന്ന ജാള്യം അഭിമാനക്ഷതത്തിന്റേതുമാത്രമാണ്. ആകെത്തകർന്നുപോയ അദ്ദേഹം ഭാര്യയേയും കുഞ്ഞുങ്ങളേയും ഉപേക്ഷിക്കുവാനാണ് പിന്നീട് വ്യഗ്രത കാണിക്കുന്നത്. ഭർത്താവിന്റെ യൂറോപ്യൻ മട്ടിലുള്ള ജീവിതരീതിക്കും കുടുംബത്തിന്റെ സുഗമമായ നടത്തിപ്പിനുമായി നോവലെഴുത്തെന്ന പ്രായോഗിക ബുദ്ധി പ്രയോഗിച്ച കല്യാണിയമ്മ ഇവിടെ വീണ്ടും ബുദ്ധിപൂർവ്വമായ നീക്കം നടത്തുന്നു. പൂർണ്ണ ഗർഭിണിയായ താൻ പ്രസവത്തോടെ മരി

ക്കുമെന്നും സമ്മാനത്തുക കുഞ്ഞുങ്ങളുടെ ഭാവിക്കായി വിനിയോഗിക്കണമെന്നും അവർ ഭർത്താവിനോട് ആവശ്യപ്പെടുന്നു. വേണ്ടതിലുമധികം തലച്ചോറുണ്ടെന്ന് അഹങ്കരിക്കുന്ന ഭർത്താവാകട്ടെ ഭാര്യയുടെ അപ്രതീക്ഷിത പ്രതികരണത്തിൽ വെറും ഭീരുവായി തീർന്നു. കല്യാണി മരിക്കാതിരിക്കുകയാണെങ്കിൽ ഭാര്യയുടെ സാഹിത്യജീവിതത്തിൽ തന്നേക്കൊണ്ട് ചെയ്യാൻ പറ്റുന്ന എന്ത് സഹായം ചെയ്യാനും തയ്യാറാണെന്ന് അറിയിക്കുന്നു. ഇവിടെ തലച്ചോറിന്റെ പ്രവർത്തനം മന്ദീഭവിച്ചത് ആർക്കാണെന്ന് വായനക്കാർക്ക് ബോധ്യമാകുന്നു. ഈ സന്ദർഭത്തിലാണ് 'തലച്ചോറില്ലാത്ത സ്ത്രീകൾ' എന്ന കഥാശീർഷകം പ്രസക്തമാകുന്നത്.

സാഹിത്യാവാസനയുള്ള പുരുഷനും സ്ത്രീയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഭിന്നമാണ്. പുരുഷൻ കുടുംബത്തിന് രണ്ടാം സ്ഥാനം മാത്രം കല്പ്പിക്കുമ്പോൾ സ്ത്രീ പ്രഥമ സ്ഥാനം നൽകുന്നത് തന്റെ കുടുംബത്തിനാണ്. ഭർത്താവിന്റെ എഴുത്തിനുവേണ്ടി എഴുത്തുകാരി കൂടിയായ പാവം ഭാര്യ ചെയ്ത കാര്യങ്ങൾ കഥയിൽ വിവരിക്കുന്നത് ഇപ്രകാരമാണ്. "നോവലെഴുതുന്ന കാലമത്രയും കല്യാണിയമ്മ ഗോവിന്ദൻ നായരെ ഒന്നിലും ബുദ്ധിമുട്ടിക്കാറുണ്ടായിരുന്നില്ല. കടക്കാർ വന്നുപദ്രവിച്ചാൽ താൻ തന്നെ എന്തെങ്കിലും സമാധാനം പറഞ്ഞയച്ചുകൊള്ളും കുഞ്ഞുങ്ങൾ കരയാതെ സൂക്ഷിച്ചുകൊണ്ട് അടുക്കളമൂലയിൽ തന്നെ പാവം ഇരുന്നുകൊള്ളും. പുറത്തെങ്ങും വരുന്നതേ കാണാനില്ല. കെട്ടിലെ വാതിൽ എപ്പോഴും അടച്ചിരിക്കുന്നത് കുഞ്ഞുങ്ങൾ കരഞ്ഞാൽ ബഹളം കേൾക്കാതിരിക്കാനായിരിക്കും"[3]. ഇവിടെ കുടുംബപ്രാരാബ്ധങ്ങളും കുഞ്ഞുങ്ങളും വീട്ടുചെലവുകളുമെല്ലാം തല

ച്ചോറില്ലാത്ത എന്ന് ഗോവിന്ദൻനായർ വിശേഷിപ്പിക്കുന്ന ഈ സ്ത്രീയെയാണ് അദ്ദേഹം ഏൽപ്പിച്ചിരിക്കുന്നത്. ചരിത്രം പരിശോധിച്ചാൽ എഴുത്തുകാരുൾപ്പടെ പ്രഗത്ഭരായ പല പുരുഷന്മാരുടെയും പിന്നിൽ നിശബ്ദരായ ഇത്തരം അനേകം സ്ത്രീകളെ കാണാൻ സാധിക്കും.

മലയാളത്തിലെ ആദ്യകാല കഥകളിൽ ഉൾപ്പെടുന്ന ഈ കഥ അത്തരം കഥകളുടെ സവിശേഷതകൾ എല്ലാം വച്ചുപുലർത്തുന്നുണ്ട്. അതിനുമപ്പുറം ഒരു സ്ത്രീ, സ്ത്രീയെ കേന്ദ്രീകരിച്ചെഴുതിയ ആദ്യകഥ എന്ന രീതിയിൽ അപഗ്രഥനവിധേയമാക്കുന്നതിലാണ് ഇവിടെ പ്രസക്തി. മുമ്പേ സൂചിപ്പിച്ചതുപോലെ സ്ത്രീവാദസാഹിത്യത്തിന്റെ പരിധിയിൽ അനുകരണഘട്ടത്തിലാണ് ഈ കഥ ഉൾപ്പെടുന്നത്. പുരുഷനെ മാനിച്ചുകൊണ്ടു തന്നെ തന്നിലെ സാഹിത്യകാരിയെ പുറത്തേയ്ക്കു കൊണ്ടുവരാൻ കഥാനായികയ്ക്ക് സാധിച്ചിട്ടുണ്ട്. സ്ത്രീസ്വത്വത്തിന്റെ ഭിന്ന പരിപ്രേക്ഷ്യങ്ങളും കഥയിൽ അനാവൃതമാകുന്നു. ഈ കഥയിലെ പുരുഷകഥാപാത്രം സാമ്പ്രദായിക കാഴ്ചപ്പാടിന്റെ സന്തതിയാണ്. പിതൃമേൽക്കോയ്മയുടെ യുക്തികൾ തന്നെയാണ് അദ്ദേഹത്തെ മുന്നോട്ടു നയിക്കുന്നത്. അദ്ദേഹത്തിന് സ്ത്രീ തലച്ചോറില്ലാത്ത, ബുദ്ധിയില്ലാത്ത വെറും ഉപകരണം മാത്രമാണ്. ആ കഥയിലെ സ്ത്രീയാകട്ടെ ഭർത്താവിനോട് വിധേയത്വം പുലർത്തി കുടുംബത്തോട് ആത്മാർത്ഥത കാണിക്കുന്നവളുമാണ്. ജീവിക്കാനുള്ള നെട്ടോട്ടത്തിൽ എന്നോ ഉള്ളിലൊളിപ്പിച്ച സാഹിത്യവാസന അവൾക്ക് മുതൽക്കൂട്ടാവുന്നു. ഒപ്പം വെല്ലുവിളിയുയർത്തുന്നു. ഇതിന്റെ പേരിൽ അവൾക്ക് കുടുംബം വരെ നഷ്ടപ്പെടുന്ന അവസ്ഥ കഥയിൽ കടന്നുവരുന്നുണ്ട്. ഇത് സാഹി

ത്യകാരിയായ ഏതൊരു സ്ത്രീയുടെയും പ്രശ്നമാണ്. ആദ്യം കുടുംബം പിന്നെ സമൂഹം. ഇവിടെ നിന്നെല്ലാം അവൾ അന്യ വത്ക്കരിക്കപ്പെടുന്നു.

ഒരു സ്ത്രീയെഴുതിയ കഥയെന്ന നിലയിൽ ഇതിനെ അവ ലോകനം ചെയ്യുമ്പോൾ എഴുത്തുകാരിയായ നായികയിൽ കഥാകൃത്തിനെ തന്നെ നാം കാണേണ്ടിയിരിക്കുന്നു. എഴു ത്ത് എന്നത് ആത്മാഭിമാനത്തിന്റെ പ്രശ്നമായി പരിണമിക്കു മ്പോൾ സരസ്വതീഭായി എന്ന കഥാകാരിക്കും കടന്നുപോകേ ണ്ടിവന്ന വഴികൾ കഥാനായികയുടേതു തന്നെയായിരിക്കാം എന്ന് ഊഹിക്കാൻ വായനക്കാർക്ക് രണ്ടാമതൊന്ന് ആലോ ചിക്കേണ്ടി വരുന്നില്ല. സ്ത്രീക്ക് തലച്ചോറില്ലെന്ന വിശ്വാസം വച്ചുപുലർത്തുന്ന പുരുഷാധിപത്യത്തിന്റെ അലിഖിത നിയ മാവലികളെ ചോദ്യം ചെയ്യുന്നു ഈ ആദ്യ പെൺകഥ. തല ച്ചോർ ബുദ്ധിയുടെ ലക്ഷണമാകുമ്പോൾ തലച്ചോറിന്റെ വ്യാപാരം ബൗദ്ധിക മണ്ഡലത്തിൽ ഊന്നിയുള്ളതാകുന്നു. അത്തരത്തിൽ പിന്നീടിങ്ങോട്ട് വന്നിട്ടുള്ള കഥാകാരികളിൽ അന്തർജ്ജനം, സരസ്വതിയമ്മ, രാജലക്ഷ്മി തുടങ്ങി ഉത്തരാ ധുനിക എഴുത്തുകാരികൾ വരെയുള്ളവർക്ക് സാഹിത്യ ത്തിലും ജീവിതത്തിലും ശക്തമായ അടിത്തറ പാകിനൽകു വാൻ ഈ ആദ്യകഥാകാരിക്ക് കഴിഞ്ഞു എന്നതാണ് പ്രശം സനീയം. അടുക്കളയിൽ കിടക്കുന്ന നിനക്കെന്തറിയാം എന്ന ചോദ്യത്തിലെ അധീശത്വധ്വനി അന്നും ഇന്നും സ്ത്രീകളെ അലോസരപ്പെടുത്തുന്ന ഒന്നാണ്. ഈ ചോദ്യത്തിന് വൈ ജ്ഞാനിക ബൗദ്ധിക മണ്ഡലം കൊണ്ട് ഉത്തരം നൽകുക യാണ് 'തലച്ചോറില്ലാത്ത സ്ത്രീകൾ' എന്ന ആദ്യ പെൺകഥ യിലൂടെ എം. സരസ്വതീഭായി.

## കുറിപ്പുകൾ

1. ഭാഷാപോഷിണി ഡിസംബർ 2016, പുറം - 6
2. അതേ പുസ്തകം, പുറം –8
3. അതേ പുസ്തകം, പുറം –11


## സഹായകഗ്രന്ഥങ്ങൾ

1. മലയാള ചെറുകഥാസാഹിത്യചരിത്രം
   *ഡോ. എം.എം. ബഷീർ*

2. ഫെമിനിസം, ദലിത് സാഹിത്യം, പരസ്യകല
   *- ഡോ. വി.സി. സുപ്രിയ, ഡോ. കെ.കെ. ശിവദാസ്,*
   *ഡോ. സന്തോഷ് മാനിച്ചേരി*

3. A Room of One's own - Virginia Woolf

## ആനുകാലികങ്ങൾ

1. ഭാഷാപോഷിണി ഡിസംബർ 2016
   (പുനഃപ്രസിദ്ധീകരണം)

# അബൂബക്കർ അടപ്രഥമൻ : കാലത്തിന്റെ പ്രതിരോധ ഭാഷ്യം

**വിഷ്ണുലാൽ. വൈ**

ഒന്നേകാൽ നൂറ്റാണ്ടിന്റെ പാരമ്പര്യം മാത്രം അവകാശപ്പെടുന്ന 'കുഞ്ഞൻ' സാഹിത്യരൂപം എന്നതിലുപരിയായി ഉൾക്കാമ്പുള്ളതും അനുഭവലോകത്തിന്റെ കരുത്തും പ്രതിഭയുടെ സ്പർശവും നിറഞ്ഞ സമ്മേളന നഗരിയായി മലയാള ചെറുകഥയെ നമുക്ക് വിശേഷിപ്പിക്കാം. ലോകസാഹിത്യത്തിന്റെ തന്നെ ശ്രദ്ധ ക്ഷണിക്കുന്ന വിധത്തിൽ നമ്മുടെ ചെറുകഥകൾക്കും കഥാകൃത്തുക്കൾക്കും ഉയരാൻ കഴിഞ്ഞിട്ടുണ്ട് എന്ന വസ്തുത അഭിനന്ദനാർഹമാണ്. പുതുതലമുറ എഴുത്തുകാർ പലരും നൂതനമായ ആശയധാരകളെ സ്വയം അക്ഷരങ്ങൾ കൊണ്ടുള്ള പ്രതിരോധാത്മകതയെ തങ്ങളുടെ കഥകളിലൂടെ കാലഘട്ടത്തിന് നൽകിയിട്ടുണ്ട്. ഇത്തരം പുതുകഥാകൃത്തുക്ക

ളിൽ ശ്രദ്ധേയനാണ് സുനു. എ.വി. തന്റെ കഥകളിൽ നിറച്ചിരിക്കുന്ന നിതാന്ത ജാഗ്രതയിലൂടെ നിലനിൽക്കുന്ന കാലുഷ്യങ്ങൾക്കെതിരെ അക്ഷരപ്രതിരോധം നടത്തുകയാണ് ഈ യുവാവ്. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് 'അബൂബക്കർ അടപ്രഥമൻ' എന്ന ചെറുകഥ.

'ഒരു പേരിൽ എന്തിരിക്കുന്നു? എന്ന ചോദ്യത്തിന്റെ ഉത്തരം അതിൽ എല്ലാം ഉണ്ട് എന്നതാണ്. പ്രത്യേകിച്ച് മാറിയ ഇന്ത്യൻ സാഹചര്യങ്ങളിൽ ഒരു പേര് നിങ്ങളുടെ ജീവിതം നീട്ടി നൽകുന്നതിനോ പെട്ടെന്ന് അവസാനിപ്പിക്കുന്നതിനോ കാരണമായേക്കാം'.

'അബൂബക്കർ അടപ്രഥമൻ' എന്ന കഥ സമൂഹത്തിൽ നിലനിൽക്കുന്ന ജാതി, മത, വർഗ്ഗീയതയുടെ പുഴുക്കുത്തുകൾക്കെതിരെയുള്ള 'ലേപന'മായി കാണാവുന്നതാണ്. ഭക്ഷണം പോലും വർഗ്ഗീയവത്കരിക്കപ്പെടുന്ന, ഊണിലും ഉറക്കത്തിലും, എന്തിന് ശ്വാസവായുവിൽ പോലും മതത്തിന്റെയും വർഗ്ഗീയതയുടെയും വിഷകണികകൾ പുറന്തള്ളുന്ന സമൂഹത്തിന്റെ അഹന്തയെ ചോദ്യം ചെയ്യുകയാണ് കഥാകൃത്ത് 'അബൂബക്കർ അടപ്രഥമൻ' എന്ന കൃതിയിലൂടെ.

'അബൂബക്കർ അടപ്രഥമൻ' എന്ന പേരുതന്നെ യഥാസ്ഥിതിക വർഗ്ഗീയവാദികളുടെ നെറ്റിചുളിക്കാൻ പോന്നതാണ്. 'അബൂബക്കർക്ക് അടപ്രഥമനിൽ എന്തുകാര്യം അയാൾക്ക് നെയ്ച്ചോറോ, ബിരിയാണിയോ, ഇറച്ചി മസാലയോ ഉണ്ടാക്കി വിറ്റൂടേ'? ഇന്ത്യൻ സാഹചര്യത്തിൽ നാം ഇങ്ങനെ ചിന്തിച്ചു പോകും. കാരണം കൺതുറന്നപ്പോൾ മുതൽ, കാതുറച്ചപ്പോൾ മുതൽ കേട്ടുവളർന്നത് അത്തരത്തിലാണ്. തൊഴിലും, ഭക്ഷണവും, വസ്ത്രധാരണവും മതത്തിന്റെ തളികയിൽ തരംതി

രിച്ച് ഊട്ടി വളർത്തിയപ്പോൾ നഷ്ടമായത് മനുഷ്യത്വവും എല്ലാത്തിനേയും ഒന്നായികാണാനുള്ള മനോഭാവവുമാണ്.

ഇവിടെ നാം എല്ലാത്തിലും മതം കലർത്തുന്നു. ബിരിയാണി മുസ്ലീമിനും, പാലടപ്രഥമൻ ഹിന്ദുവിനും കോഴിയും പിടിയും ക്രിസ്ത്യാനിക്കും നാം ചാർത്തി നൽകിയിട്ടുണ്ട്. നിലവിളക്ക് ഹിന്ദുവിനും മെഴുകുതിരി ക്രിസ്ത്യാനിക്കും, ചന്ദനത്തിരി ഹിന്ദു/മുസ്ലീമിനും എന്ന തരത്തിൽ തിരിച്ചിരിക്കുന്നു. സെറ്റ് സാരി 'അമ്മ'മാർക്കും ചട്ടയും മുണ്ടും 'അമ്മാമ്മ'മാർക്കും ഹിജാബ് 'ഉമ്മ'മാർക്കും എന്ന ക്രമത്തിലുള്ള വസ്ത്രവൈവിധ്യവും നാം നിഷ്ക്കർഷയോടെ പാലിച്ചുപോരുന്നു.

ഇവിടെയാണൊരു ചോദ്യത്തിന്റെ പ്രസക്തി, എന്താണ് മനുഷ്യന്റെ അടയാളം? മേൽപ്പറഞ്ഞവയെല്ലാം ആളുകളെ മതത്തിന്റെ പേരില്, വിശ്വാസത്തിന്റെ പേരിൽ വേർതിരിക്കാനുള്ള, വർഗ്ഗീയത കലർത്താനുള്ള ഉപകരണങ്ങളാകുമ്പോൾ നാം എങ്ങനെയാണ് മനുഷ്യരെ തിരിച്ചറിയുക എന്ന ദാർശനികമായ പ്രശ്നവത്കരണമാണ് ഈ കഥ മുന്നോട്ട് വയ്ക്കുന്ന പ്രത്യയശാസ്ത്രം.

കഥ വളർന്നു വികസിക്കുന്നത് ഹരിനാരായണൻ എന്ന പരസ്യസ്ഥാപനത്തിലെ കോപ്പീറൈറ്ററുടെ ജീവിതത്തിലൂടെയാണ്. നാളെ അയാളുടെ പ്രണയിനിയുടെ വിവാഹമാണ്. മറ്റെല്ലായിടത്തെയുംപോലെ മതമാണ് അയാളുടെ പ്രണയത്തിലും വില്ലൻ വേഷത്തിൽ വന്നത്. ഷഹനാസ് എന്ന പെൺകുട്ടി അയാളുടെ ജീവനായിരുന്നു. അവൾക്ക് തിരിച്ചും. ഇരുവീട്ടുകാരും പരസ്പരം സ്നേഹത്തിലുമായിരുന്നു. എന്നാൽ പ്രണയം നാടറിഞ്ഞതോടെ അടിയിലും വഴക്കിലും അവരുടെ പ്രണയം അവസാനിച്ചു. അതിന് നൽകേണ്ടി വന്ന വില

അയാളുടെ അച്ഛന്റെ ഇടതുകണ്ണിന്റെ കാഴ്ചശക്തിയും അവളുടെ വാപ്പയുടെ കീഴ്ത്താടിയിലെ പല്ലുകളുമായിരുന്നു.

പലയിടത്തും പ്രണയം അചുംബിത കുസുമങ്ങളായി വാടി വീഴാനുള്ള കാരണവും മതാത്മകതയിൽ അധിഷ്ഠിതമായ സദാചാര മൂല്ല്യബോധം മൂലമാണ്. ജാതി-മത ദുരഭിമാനങ്ങൾ ഉടലെടുക്കുമ്പോഴാണ് അവ ഉയിരെടുക്കാനുള്ള കാട്ടാളത്ത മായി മാറുന്നത്. സ്നേഹം/പ്രണയം എന്നത് സ്വസമുദായ/ സ്വമതത്തിൽ നിന്നേ ആകാവൂ എന്ന അലിഖിത നിയമമാണ് ഒരു പുരോഗമനാത്മക ചിന്താഗതി വച്ചു പുലർത്തുന്ന സമൂഹ ത്തിന്റെ ഏറ്റവും വലിയ ശാപവും പരാജയവും.

ഇവിടെ എല്ലാ ഇഷ്ടങ്ങൾക്കും മുകളിലാണ് നാം മതത്തിന് നൽകുന്ന പ്രാധാന്യം. മതത്തിന് വേണ്ടി മരിക്കാൻ മടിയി ല്ലാത്ത ആളുകളെ ആത്മഹത്യാ സ്ക്വാഡുകളായും, ആരാച്ചാർ മാരുമായൊക്കെ കിട്ടാനുള്ളപ്പോൾ മതം എന്ന വ്യവസ്ഥാപിത മായ, സമൂഹനന്മയ്ക്ക് ഉപകരിക്കാനുള്ള ഒരുപകരണം തിന്മയി ലേക്കും മരണത്തിലേക്കും നയിക്കുന്ന, അന്ധന്റെ കൈയ്യിലെ ത്തപ്പെട്ട മൊണാലിസ ചിത്രം പോലെ ഫലശൂന്യമാവുകയാണ് ചെയ്യുന്നത്.

ഇന്ന് വിഭജനങ്ങൾക്കിടയിലൂടെയാണ് നാം കടന്നുപോകു ന്നത്. ഇവയുടെയൊക്കെ പ്രധാന ഉറവിടം മതം എന്ന സുരക്ഷി തതാവളമാണ്. സഹിഷ്ണുത നഷ്ടപ്പെട്ട മനുഷ്യർക്ക്, ദൈവം സ്നേഹത്തിന്റെയും പ്രേമത്തിന്റെയും രൂപത്തിലാണ് പ്രത്യക്ഷ പ്പെടുകയെന്നുള്ള വിവിധ മതങ്ങളുടെ ബോധനങ്ങളെ മനസ്സിലാ ക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ ഹരിനാരായണനും രഹ്നാ സിനും ഒന്നിക്കാൻ ചിലപ്പോൾ കഴിഞ്ഞേനെ.

എന്തായാലും കഥയിൽ അവരെ ഒന്നാക്കാൻ വിധിയും മനുഷ്യരും (മതങ്ങളും) അനുവദിക്കുന്നില്ല. അവളുടെ വിവാഹത്തലേന്ന് നാട്ടിലേക്ക് തിരിക്കാൻ തുടങ്ങുന്ന ഹരിനാരായണന് ബോസ് നൽകുന്നത് പുതിയൊരു അസൈൻമെന്റാണ്. അതിന് മുൻപ് ഒരു വാചകവും.

'എടോ അവളുടെ  കല്ല്യാണാണ് നാളെ
മുട്ടത്തോടിന്റെ കനമുള്ള മനസ്സും വച്ചോണ്ട്
നാട്ടിപ്പോയാ....താൻ പാന്റേ മുള്ളത്തേയുള്ളു'.

ഇവിടെ സ്നേഹവും പ്രണയവുമൊക്കെ അതിധീര ഗുണപ്രതാപവാനായ ഒരുവന്റെ സാഹസിക കൃത്യങ്ങളിലൊന്നായല്ല ഗണിക്കുന്നത്. കഥാകൃത്ത് ഉദ്ദേശിക്കുന്നത് സമൂഹത്തെ മാറ്റിമറിക്കാനും നിലവിലുള്ള ജാതിമത വേർതിരിവുകളെയും വേലിക്കെട്ടുകളെയും മറികടന്ന് പ്രണയികൾക്ക് ഒന്നാവാൻ കഴിയണമെങ്കിൽ ഉള്ളിൽ കുറച്ച് ധീരതയും ചങ്കൂറ്റവും വേണം എന്നാണ്. സമൂഹത്തെയും മതത്തെയും പേടിയുള്ളവർ എന്നും പേടിച്ചുതന്നെയിരിക്കും. അവർക്ക് മതങ്ങൾ അടിച്ചേൽപ്പിക്കുന്ന തീട്ടൂരങ്ങൾ കണ്ടാൽ മുട്ടുവഴി മൂത്രം പോവുക തന്നെ ചെയ്യും.

ഇവിടെ വ്യക്തി സ്വതന്ത്രനാണെങ്കിൽ തന്നെയും വർഗ്ഗീയതയുടെ -മതത്തിന്റെ വേലിക്കെട്ടുകൾ അവനെ സ്വയം ആഗ്രഹപൂർത്തീകരണത്തിൽ നിന്ന് അകറ്റി നിർത്തുന്നു. അത്തരം പേടിയേയും സാമൂഹിക ഭയത്തെയും ഈ ബോസിന്റെ വാക്കുകളിലൂടെ കഥാകൃത്ത് വിമർശനവിധേയമാക്കുന്നു.

ഹരിനാരായണന്റെ പുതിയ ദൗത്യമെന്നത് അബൂബക്കർ എന്ന ബിസിനസ്സുകാരനെ കാണുകയും അയാൾ പുറത്തി

റക്കുന്ന പുതിയ ഉത്പന്നത്തിന്റെ മാർക്കറ്റിംഗ് നടത്തുക എന്ന തായിരുന്നു. അബൂബക്കർ എന്ന 'അബൂക്ക' കടന്നുവരുന്ന തോടെ കഥ കൂടുതൽ ചലനാത്മകമാകുന്നു. പ്രേമനൈരാശ്യ ത്തിന്റെ 'ഇട്ടാവട്ട'ത്ത് നിന്ന് കഥ സമൂഹത്തിലേക്ക് ഇറങ്ങി ച്ചെല്ലുന്നത് അബൂബക്കറിന്റെ വരവോടെയാണ്.

വിപണി കീഴടക്കിയ 'ബക്കേഴ്സ് നോൺവെജ് മസാല'യുടെ അമരക്കാരനായിരുന്നു അബൂബക്കർ. ആ ഉൽപ്പന്നത്തിന്റെ പരസ്യം മുൻപ് താൻ ടി.വിയിൽ കണ്ടതായി ഹരിനാരായണൻ ഓർമ്മിക്കുന്നുണ്ട്. എന്നാൽ ഒരു സുപ്രഭാതത്തിൽ നാടുവിട്ട അബൂബക്കർ തിരിച്ചെത്തുമ്പോഴേക്കും ബിസിനസ്സ് തകർന്ന ടിഞ്ഞിരുന്നു. ഒരു തിരിച്ചുവരവിന് ശ്രമിക്കുകയാണ് അബൂബ ക്കർ. അതിന്റെ ഭാഗമായാണ് ഹരിനാരായണനുമായി നിശ്ച യിച്ച കൂടിക്കാഴ്ച്ച.

അബൂബക്കറിന്റെ വീട്ടിലെത്തുന്ന ഹരിനാരായണനെ എതി രേറ്റത് 'പട്ടിയുണ്ട് സൂക്ഷിക്കുക' എന്ന ബോർഡും ഒരു സ്ത്രീ യുടെ നിലവിളിയും ഒരു നായയുടെ കനത്ത കുരയുമായി രുന്നു.

'ഒരീസം ഞാനീ ഹറാമിനെ വെഷം വെച്ചുകൊല്ലും' അബൂ ബക്കറിന്റെ സഹോദരി ഹരിനാരായണനോട് പറയുന്നതാ ണിത്. സാധാരണ 'നായ' എന്നത് മുസ്ലീങ്ങൾക്ക് 'ഹറാ' മായതിനാൽ തന്നെ അതിനെ അവർ വീട്ടിൽ വളർത്താറില്ല. എന്നാൽ ഇവിടെ അബൂബക്കർ നാട്ടിൽ തിരിച്ചെത്തുന്നത് ഈ നായയേയും കൊണ്ടാണ്. അതിനെ വീട്ടിൽ വളർത്തു ന്നതിലൂടെ മാമൂലുകൾ ആദ്യം തന്നെ ലംഘിക്കുകയാണ് അബൂബക്കർ ചെയ്യുന്നത്. അത് അബൂബക്കറിന്റെ സഹോ ദരി പറയുംപോലെ ഭ്രാന്ത് പിടിച്ചിട്ടൊന്നുമല്ല. മറിച്ച് സാമൂ

ഹിക മാറ്റങ്ങൾ തന്നിൽനിന്ന് തുടങ്ങട്ടെ എന്ന് വിചാരിച്ചാവാം. ലോകത്തെ  മാറ്റിമറിക്കാൻ ഇറങ്ങിത്തിരിച്ച പലരേയും ജനം 'ഭ്രാന്തൻ' എന്ന് മുദ്രകുത്തിയ ചരിത്രം നമുക്ക് മുൻപിൽ ഉണ്ടല്ലോ?.

സാധാരണ സമൂഹത്തിൽ നായകൾ രണ്ട്തരമാണ്. വീട്ടിൽ വളർത്തുന്നവയും തെരുവിൽ അലയുന്നവയും. ഇവക്കെല്ലാം പേരുകളും ഉണ്ടാവും. എന്നാൽ ഒരു നായയെയും മുസ്ലീം പേരിട്ട് വിളിക്കുന്നത് നാം കണ്ടിട്ടില്ല. ഇവിടെ 'ഹനീഫ' എന്ന പേര് ഒരു പ്രതിരോധമാണ്. രൂപങ്ങളും ചിഹനങ്ങളും മൃഗങ്ങളും ധ്രുവീകരിക്കപ്പെടുന്ന, ഫാസിസത്തിന്റെയും, മാംസത്തിന്റെയും, ഭക്ഷണത്തിന്റെയും, മൃഗങ്ങളുടേയും പേരിൽആളുകൾ പട്ടിയെപ്പോലെ തെരുവിൽ ആൽക്കൂട്ട ആക്രമണങ്ങൾക്ക് വിധേയമാകുന്ന ഇന്നിന്റെ അനുഭവ പരിസരങ്ങളിൽ 'ഹനീഫ' വെറും പേരല്ല. പ്രതിരോധ രാഷ്ട്രീയത്തിന്റെ വ്യക്തമായ സൂചനയാണ്.

അബൂബക്കർ അടപ്രഥമൻ എന്ന പേര് ഏത് ചീഞ്ഞ തമാശക്കും തലവെച്ചുകൊടുക്കുന്ന ഹരിനാരായണന്റെ ചിന്താലോകത്തിന് പോലും അംഗീകരിക്കാൻ കഴിയുന്നില്ല. പ്രത്യേകിച്ച് പ്രണയിനിയായിരുന്നവളുടെ വിവാഹചിത്രം തന്റെ ഫോണിൽ ലഭിച്ച് നിമിഷങ്ങൾക്കുള്ളിൽ കേൾക്കുന്ന 'ഭൂലോക ബ്ലണ്ടർ' എന്നൊക്കെ പറയാൻ പറ്റുന്ന ഒന്ന്. ഒരുവേള സഹോദരി പറഞ്ഞതുപോലെ 'ഭ്രാന്തന്റെ ജൽപ്പന'മായാണ് അബൂബക്കർ അടപ്രഥമൻ എന്ന വാക്ക് അയാൾക്ക് തോന്നിയത്. പ്രത്യേകിച്ച് ഉച്ഛ്വാസത്തിലും നിശ്വാസത്തിലും പോലും മതം കലർത്തുന്ന, മറ്റെന്തിനേക്കാൾ മതഗ്രന്ഥങ്ങൾക്ക്  പ്രാമുഖ്യം നൽകുന്ന, പേരുകൾ പോലും മതചിഹനങ്ങളാകുന്ന ഇന്നിന്റെ കെട്ടകാലത്ത്

'അബൂബക്കർ അടപ്രഥമൻ' പ്രതിനിധീകരിക്കുന്നത് മനുഷ്യന്റെ പ്രതിരോധ രാഷ്ട്രീയത്തെയാണ്. മതത്തിന്റെ അതേ ആയുധം കൊണ്ട് തന്നെ പ്രതിരോധം തീർക്കുകയാണ് കഥാകൃത്ത് ഇവിടെ ചെയ്യുന്നത്. പ്രത്യേകിച്ച് മതം പ്രധാന അജൻഡയാകുന്നൊരു ഭരണകൂടത്തിന്റെ കാലത്ത് ഇത്തരം ചെറുത്തുനിൽപ്പുകൾ കാലം ആവശ്യപ്പെടുന്നത്കൂടിയാണ്.

ഉത്തരേന്ത്യൻ പശ്ചാത്തലത്തിലേക്ക് അബൂബക്കർ തന്റെ ഓർമ്മകളെ കൊണ്ടുപോകുന്നു. ഖുർ–ആൻ വചനം ഹിന്ദുക്കുട്ടി പറഞ്ഞതിന്റെ പേരിൽ കലാപം നടക്കുന്നതും രക്തരൂക്ഷിതമായ ആ കലാപത്തിന്നവസാനം 'പുരുഷോത്തം ത്യാഗി' എന്ന ഹിന്ദു സന്യാസി സ്വന്തം വസ്ത്രങ്ങളും രുദ്രാക്ഷവും നൽകി അബൂബക്കറിനെ രക്ഷപ്പെടുത്തിയതും അദ്ദേഹം ഓർക്കുന്നു. ഇവിടെ ചിന്തനീയമായ ഒട്ടേറെ കാര്യങ്ങളുണ്ട്. വസ്ത്രം നോക്കിയാണ് ഇന്ത്യയിലെ ആളുകളെ തിരിച്ചറിയുക. ഒരുവന്റെ വസ്ത്രധാരണത്തിലൂടെ അവന്റെ മതത്തെ തിരിച്ചറിയുമ്പോൾ അവിടെ നശിക്കുന്നത് മനുഷ്യത്വമാണ്. അബൂബക്കർ കൊല്ലപ്പെടാതിരുന്നത് അയാൾ ധരിച്ചിരുന്ന സന്യാസിവേഷം മൂലമാണ്. എന്നാൽ വിധിവൈപരീത്യാ ആ ഭ്രാന്തനായ സന്യാസിയുടെ മരണത്തിന് കാരണവും ഇതേ വസ്ത്രം തന്നെയാണ്. ഒന്നിന് പത്തായി തിരികെ നൽകുന്ന നാട്ടിൽ കാഷായവസ്ത്രം ധരിച്ചിരുന്ന സന്യാസിക്ക് നഷ്ടമായത് സ്വന്തം ജീവനാണ്. ഒരുവേള ആരെങ്കിലും അയാൾക്ക് മുസ്ലീംവേഷം നൽകിയിരുന്നെങ്കിൽ ഒരു പക്ഷെ അയാൾ രക്ഷപ്പെടുമായിരുന്നിരിക്കണം.

ഇവിടെ കലാപത്തിന് കാരണം ഹിന്ദുക്കുട്ടി ഖുറാൻ വചനങ്ങൾ ചൊല്ലുന്നതാണ്. എല്ലാവർക്കും വായിക്കാനും പഠിക്കാനുമല്ലെങ്കിൽ എന്തിനാണ് നാം പുസ്തകങ്ങൾ സൂക്ഷിക്കുന്നത്.

എല്ലാവരും എല്ലാം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യു മ്പോൾ മാത്രമേ നാനാത്വത്തിൽ ഏകത്വമുണ്ടാകൂ എന്ന് ആരാണ് ഈ വിഡ്ഢിക്കൂട്ടങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊ ടുക്കുക.

'പുരുഷോത്തം ത്യാഗി'എന്ന ഭ്രാന്തനായ സന്യാസി കേ വലം ഒരു മതചിഹ്നമല്ല ഇവിടെ. 'പുരുഷന്മാരിലെ ഉത്തമനായ ത്യാഗി' എന്നും നമുക്ക് അദ്ദേഹത്തെ വിശേഷിപ്പിക്കാം. ഇവിടെ അദ്ദേഹം മനുഷ്യനായാണ് പ്രത്യക്ഷപ്പെടുന്നത്. കുമാരനാശാൻ പറഞ്ഞതുപോലെ 'അന്യ ജീവനുതകി സ്വജീവിതം ധന്യമാ ക്കുമമലേ വിവേകികൾ' എന്നാണല്ലോ. മതം നോക്കാതെ മനു ഷ്യനെ സ്നേഹിക്കാനാണ് പുരുഷോത്തം ത്യാഗി ത്യാഗപൂർണ്ണ മായ തന്റെ ജീവിതത്തിലൂടെ പ്രഖ്യാപിക്കുന്നത്.

ട്രെയിനിൽ കയറും മുൻപ് സന്യാസി നൽകിയതാണ് 'ഹനീഫ' എന്ന നായക്കുട്ടിയെ. സന്യാസിയുടെ കൂടെയുണ്ടാ യിരുന്നെങ്കിൽ ഹിന്ദുനാമധാരിയായി വളരേണ്ട അവൻ ഇന്ന് അബൂബക്കർ എന്ന മുസ്ലീം നാമധാരിയുടെ കൂടെയാ യതിനാൽ ഹനീഫ എന്ന് വിളിക്കപ്പെടുന്നു. ശരിക്കും ഇതുത ന്നെയല്ലേ നാം മനസ്സിലാക്കേണ്ട ഉൾക്കൊള്ളേണ്ട സത്യം.

മനുഷ്യൻ ജനിക്കുന്നതും മരിക്കുന്നതും സ്വതന്ത്രനായാണ്. പിന്നെപ്പോഴാണ് നമ്മൾ ക്രിസ്ത്യാനിയും, മുസ്ലീമും, ഹിന്ദു വും, ജൈനനും, സിക്കും, പാഴ്സിയുമൊക്കെയായി മാറുന്നത് എന്ന ദാർശനികമായ ചോദ്യം കഥാകൃത്ത് മുന്നോട്ട് വയ് ക്കുന്നു. പിന്നെപ്പോഴാണ് നിസ്ക്കാരത്തൊപ്പിയും ചന്ദനക്കു റിയും കുരിശും നമ്മളിലേക്ക് കയറിക്കൂടുന്നത്. എന്തിനാണ് നാം തൊട്ടടുത്ത് നിൽക്കുന്നവന്റെ മതം തിരയാൻ പോകു

ന്നത്. നൈതികമായ ഒരുപാട് ചോദ്യങ്ങളാണ് ഈ കഥ നമുക്ക് മുൻപിൽ നിരത്തുന്നത്.

ഹരിനാരായണൻ ആത്യന്തികമായി എത്തുന്നത് ഈ ചോദ്യങ്ങൽക്കുള്ള ഉത്തരങ്ങളിലേക്കാണ്. മതമല്ല മനുഷ്യനാണ് മുഖ്യം. 'അബൂബക്കർ അടപ്രഥമൻ' ലക്ഷ്യം വയ്ക്കുന്നത് കേവലം മതചിഹ്നങ്ങൾ ധരിച്ചവരെയല്ല. മറിച്ച് മനുഷ്യരെയാണ്. നാനാത്വത്തിൽ ഏകത്വമുണ്ട് എന്ന് കരുതുന്ന; എല്ലാ ദേഹത്തെയും ചോരക്ക് ചുവപ്പാണ് എന്നറിയുന്ന, ദൈവത്തിന്റെ മതം സ്നേഹമാണ് എന്നറിയുന്ന പച്ച മനുഷ്യരെയാണ് അവർക്ക് വേണ്ടിയാണ് 'അബൂബക്കർ അടപ്രഥമൻ' തയ്യാറാക്കേണ്ടത് അഥവാ കഥാകൃത്ത് തയ്യാറാക്കിയിരിക്കുന്നത്.

സമകാലിക ലോകത്ത് ഫാസിസ്റ്റ് ശക്തികളുടെ തണലിൽ വളർന്ന് പന്തലിക്കുന്ന മത-വർഗ്ഗീയവാദികൾ മൃഗങ്ങളെയും. ചിഹ്നങ്ങളെയും,പേരുകളെയും, മനുഷ്യരെയും ധ്രുവീകരിക്കുന്ന കറുത്തകാലത്ത് ഇത്തരം 'അബൂബക്കർ അടപ്രഥമനുകൾ' ഉണ്ടാക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യത കൂടിയാണ്.

ഇവിടെ മതങ്ങൾ മാത്രമല്ല കുറ്റക്കാർ അതിനെ കൃത്യമായ രാഷ്ട്രീയ ആയുധമാക്കുന്ന വെറിപിടിച്ച ഫാസിസ്റ്റ് ഭരണകൂടങ്ങൾ ഉള്ളിടത്തോളം കാലം മനുഷ്യനെ മയക്കുന്ന വീര്യമുള്ള കറുപ്പായി മതം തുടരുക തന്നെ ചെയ്യും. കേവലം രാഷ്ട്രീയ നേട്ടങ്ങൾക്ക് വേണ്ടി ആളുകളെ മതത്തിന്റെ പേരിൽ ധ്രുവീകരിച്ച് സാമുദായിക സ്പർധ വളർത്തുന്ന രാഷ്ട്രീയ പാർട്ടികളാണ് ഈ നാടിന്റെ യഥാർത്ഥ ശാപം. നിർഭാഗ്യവശാൽ ഇന്നു നമ്മുടെ രാജ്യം കടന്നുപോകുന്നത് ഇത്തരത്തിലാണെന്ന് മനസ്സിലാക്കുമ്പോഴാണ് 'അബൂബക്കർ അടപ്രഥ

മൻ' പോലെയുള്ള കഥകളുടെ സാമൂഹിക -രാഷ്ട്രീയ പ്രസക്തി നമുക്കറിയാൻ കഴിയുന്നത്.

സഹിഷ്ണുത നഷ്ടപ്പെടുന്ന കാലഘട്ടം കൂടിയാണിത്. നഷ്ടമാകുന്ന നന്മയെ തിരികെ പിടിക്കണമെങ്കിൽ മനുഷ്യൻ മനുഷ്യനെ തിരിച്ചറിയുന്ന കാലഘട്ടം വരണം. എല്ലാ വർഗ്ഗീയതകൾക്കും അപ്പുറം അബൂബക്കറിന് അടപ്രഥമൻ നിർമ്മിക്കാനും, ശിവരാമന് ബിരിയാണി ഉണ്ടാക്കാനും ജോസഫിന് ഇവ രണ്ടും ആസ്വദിക്കാനും കഴിയുന്ന കാലം വരണം. മതചിഹ്നങ്ങൾ നോക്കാതെ മനുഷ്യത്വം പ്രകടിപ്പിക്കുന്ന ആളുകൾ ഉണ്ടാവണം. സുഹറക്ക് കൃഷ്ണനേയും അബ്ദുള്ളക്ക് ആര്യയേയും ജോസഫിന് പാർവ്വതിയേയും പ്രണയിക്കാൻ കഴിയണം. മാനവികതയുടെ അടിസ്ഥാനം പരസ്പരമുള്ള സ്നേഹസഹവർത്തിത്വത്തിലാണെന്ന് വഴിതെറ്റിയ ഈ നാട്ടിലെ ജനത ഓർമ്മിക്കണം.

'ആരും ആരുടേതുമല്ല
എല്ലാം എല്ലാവരുടേതുമാണ്'

ജാതിക്കും മതത്തിനും അതീതമായി ബിരിയാണികളും അടപ്രഥമനും മറ്റ് വിഭവഭങ്ങളും ഉണ്ടാക്കപ്പെടുകയും നാനാ ജാതി മതസ്ഥർ വേലിക്കെട്ടുകളില്ലാതെ അവ രുചിയോടെ ഭക്ഷിക്കുകയും ചെയ്യുമ്പോളാണ് വിശക്കുന്ന ഹിന്ദുവും വിശക്കുന്ന മുസ്ലീമിനും വിശക്കുന്ന ക്രിസ്ത്യാനിക്കും പകരം വിശക്കുന്ന മനുഷ്യർ ഭൂമിയിലുണ്ട് എന്ന തിരിച്ചറിവ് സമൂഹത്തെ മുന്നോട്ട് നയിക്കുന്നത്. അങ്ങനെയൊരു സമൂഹത്തിനേ ഇങ്ങനെ ചിന്തിക്കാനാവുകയുള്ളു. 'അബൂബക്കർ അടപ്രഥമൻ-മനുഷ്യന് വേണ്ടി ഒരു മനുഷ്യൻ നിർമ്മിച്ചത്'.

# വാർത്താളിമണ്ഡലം: പ്രതീതിയാഥാർത്ഥ്യത്തിന്റെ സൈബറിടം

രമ്യമോൾ ജി.

കാലദേശങ്ങൾക്കതീതമായി സർഗ്ഗാത്മകതയെ വെളിപ്പെടുത്താൻ വ്യത്യസ്തവും നൂതനവുമായ മാർഗ്ഗങ്ങളുടെ നിരന്തരഅന്വേഷണത്തിലാണ് മനുഷ്യർ. ആവിഷ്കാരത്തിന്റെ വാമൊഴി വരമൊഴി കടന്ന് തിരമൊഴിയുടെ (hyper text) അനന്തസാദ്ധ്യതകളുമായി സംവദിക്കുകയാണ് വർത്തമാനകാലം. വൈജ്ഞാനിക മേഖലയിൽ മാത്രമല്ല ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഒഴിവാക്കാനാവാത്ത സാന്നിദ്ധ്യമായി കമ്പ്യൂട്ടർ സാങ്കേതികത മാറിക്കഴിഞ്ഞു. ഉത്തരാധുനികമായ ഈ സംവേദന സാധ്യതകളെ മലയാളം ഉപയോഗപ്പെടുത്താൻ തുടങ്ങിയത് 90–കളിലാണ്. മനുഷ്യന്റെ സാങ്കേതിക സൃഷ്ടിയുടെയും സർഗ്ഗാത്മക സൃഷ്ടിയുടെയും സൗകര്യത്തിൽ നിന്ന് രൂപം കൊണ്ട നവീന ഇടമാണ് സൈബർ സാഹിത്യം.

എഴുത്തിന്റെയും ആസ്വാദനത്തിന്റെയും വ്യവസ്ഥാപിത സങ്കല്പങ്ങളെല്ലാം പുനർനിർവ്വചിക്കപ്പെടുന്ന വിശാലമായ ലോകത്താണ് ഇന്നിന്റെ സർഗ്ഗാത്മകതയുടെ സ്വാതന്ത്ര്യവിഹാരം.

സൈബർ എഴുത്തിന്റെ സാങ്കേതികത മലയാള സാഹിത്യത്തിന് അപരിചിതമായിരുന്ന കാലത്ത് ഇത്തരമൊരു ആവിഷ്ക്കാര പരീക്ഷണത്തിൽ ചുരുക്കം ചില സാഹിത്യകാരന്മാർ പങ്കാളികളായി. ഇക്കൂട്ടരിൽ സ്വന്തമായൊരിടം സൃഷ്ടിച്ചവരിൽ പ്രധാനിയാണ് എം. നന്ദകുമാർ. സൈബർ എഴുത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തിയ ഇദ്ദേഹം സർഗ്ഗാത്മകതയെ പാരമ്പര്യത്തിനും ആധുനികതയ്ക്കും അപ്പുറത്തേക്ക് നയിച്ചു. 'വാർത്താളി: സൈബർസ്പേസിൽ ഒരു പ്രണയ നാടകം' എന്ന കഥയിലൂടെ വ്യവസ്ഥാപിത കഥാസങ്കല്പത്തെ നവഭാവുകത്വ സ്ഥലകാലരാശിയിലൂടെ അപരിചിതമായൊരു സൈബറിടത്തേക്ക് മാറ്റി പ്രതിഷ്ഠിക്കുകയായിരുന്നു. ചരിത്രം, ശാസ്ത്രം, മിത്ത്, അതീന്ദ്രിയയാഥാർത്ഥ്യം, തത്വചിന്ത, ഭാഷ തുടങ്ങിയവയുടെ കലർപ്പിലൂടെ ഒരു ബദലെഴുത്ത് തന്നെ നന്ദകുമാർ സൃഷ്ടിക്കുന്നു. സൈബറിടത്തിൽ നിരന്തര സഞ്ചാരിയായ ഹരിയാണ് കഥാനായകൻ. നെറ്റ് പൊട്ടറ്റോ എന്ന നാമവിശേഷണം നന്നായി യോജിക്കുന്നയാൾ. ക്ലാസ്സ് കഴിഞ്ഞ് എല്ലാവരും പിരിഞ്ഞതോടെ വിവരസാങ്കേതികത സൃഷ്ടിച്ച ആഗോള സങ്കല്പങ്ങൾക്കും വിജ്ഞാനശേഖരണത്തിനു നടുവിൽ ഹരി ഏകനായി. വിവരസാങ്കേതികതയുടെ അതിപ്രസരത്തിൽ ഒറ്റപ്പെട്ടു പോകുന്ന ഉത്തരാധുനിക മനുഷ്യന്റെ പ്രതീകം തന്നെയാണ് ഹരി.

ഗൃഹാതുരമായ ഓർമ്മകളേക്കാളും ലഹരി വസ്തുക്കളേക്കാളും ഹരി സന്തോഷിക്കുന്നത് തന്റെ മുന്നിലെ കമ്പ്യൂട്ടറിലെ

കൃത്രിമ ലോകത്തിലാണ്. പുറം ലോകത്തേക്കുള്ള വാതിലുകളും ജനലുകളും അടച്ച് കർട്ടനുകൾ വലിച്ചിട്ട്, മറ്റാർക്കും പ്രവേശനമില്ലാത്ത തന്റെ വിശാലമായ സ്വകാര്യയിടത്തേക്ക്; കമ്പ്യൂട്ടർ സാങ്കേതികതയുടെ ലോകത്തേക്ക് വാതിൽ തുറക്കുന്നു. അവിടെ പാസ്‌വേർഡുകളാൽ എല്ലാം ഭദ്രമാക്കപ്പെട്ടിരിക്കുന്നു. വെർച്വൽ ലോകം ഹരിക്ക് മുന്നിൽ തെളിഞ്ഞു വരും. അനേകം ഹൈപ്പർ ടെക്സ്റ്റുകളാലും ലിങ്കുകളാലും നിർമ്മിതമായ ക്രമത്തിന്റെയും ക്രമഭംഗത്തിന്റെയും ലോകം. ബന്ധങ്ങളുടെ ഉറവിടവും അവസാനവും വെബ്പേജാണ്. തന്റെ മുത്തച്ഛൻ വിഹരിച്ചിരുന്ന മാന്ത്രിക ലോകത്തിന് സമാനമായൊരു പ്രതീത്യാത്മക ലോകത്തേക്ക് ഹരി കടക്കുന്നു. ശാസ്ത്രവും വിശ്വാസവും കൂടിക്കലർന്ന് സൃഷ്ടിച്ച ഈ ഭ്രമാത്മക ലോകത്തിരുന്ന് മറ്റൊരു ലോകസൃഷ്ടിക്കായി ഹരി ശ്രമിക്കുന്നു. "ക്ലോഡ് ഷാനൺ ഇൻഫർമേഷൻ ടെക്നോളജി എനിക്കാരുമല്ല. ഞാൻ ഗുരുസ്ഥാനത്ത് കല്പിച്ചിരിക്കുന്നത് മുത്തച്ഛനെയാണ്" എന്നു പറയുമ്പോൾ താൻ സൃഷ്ടിക്കാൻ പോകുന്ന അയഥാർത്ഥ ലോകത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. ഇത് ഭാവനയുടെ ലോകമാണ്. ഉത്തരം കിട്ടാത്ത പല സമസ്യകളും അവിടുണ്ട്.

ചരിത്രവും വർത്തമാനവും സയൻസും വിശ്വാസവും എല്ലാം ചേർത്ത് താൻ നിർമ്മിച്ച മായിക പ്രപഞ്ചത്തിന് വാർത്താളി മണ്ഡലമെന്ന് പേരിടുന്നു. സൗരയൂഥത്തിനു സമാനമായി നിരവധി ഗോളങ്ങൾ ഉൾപ്പെടുന്ന ഒരു ബദൽ ലോകം. ആദി പ്രപഞ്ചോല്പത്തി മുതൽ ഉത്തരാധുനിക കാലം വരെയുള്ള മനുഷ്യന്റെ ചരിത്രം കൃത്രിമമായി പുനഃസൃഷ്ടിക്കുന്നു. എല്ലാത്തിനെയും നിയന്ത്രിക്കാനായി മാന്ത്രികന്മാരുടെ ഇഷ്ട

ദേവതയും സ്ഫോടനാത്മകമായ ഊർജ്ജപ്രവാഹത്തെ ഉൾക്കൊള്ളുന്ന അത്യുഗ്രമൂർത്തിയായ വാർത്താളിയെ കുടിയിരുത്തുന്നു. ആദി പ്രപഞ്ച മഹാവിസ്ഫോടനം മുതൽ സൃഷ്ടി പ്രക്രിയയിലെ ഓരോ പരിണാമഘട്ടങ്ങളും ഒരു സ്രഷ്ടാവിന്റെ ലാഘവത്തോടെ വലംകൈയിൽ മൗസുമായിരുന്ന് ഹരി നിർവ്വഹിച്ചു. ഓരോ ഘട്ടവും മൾട്ടിമീഡിയാ പ്രോഗ്രാമുകളുടെ മഹാവിസ്ഫോടനത്തിലൂടെ ആവിഷ്ക്കരിച്ചു.

മോണിട്ടറിൽ ആദിമധൂളികൾ പാറി. ധൂളിമേഘങ്ങൾ സാന്ദ്രീകരിച്ചു നക്ഷത്രങ്ങൾ ജ്വലിച്ചു. ഗ്യാലക്സികളുടെ സർപ്പിളഹസ്തം കാന്തികസമ്മർദ്ദത്താൽ വിങ്ങി. സൂചിമുനയിൽ നിൽക്കുന്ന ഐൻസ്റ്റീൻ പ്രപഞ്ചമാതൃക കൊണ്ട് ഹരി ചെപ്പും പന്തും കളിച്ചു. ഐൻസ്റ്റീനെ മടുത്തപ്പോൾ അയാൾ മൗസിൽ വലതുബട്ടൺ അമർത്തി വേറൊരു ലോകം നിർമ്മിച്ചു. ഒരു ചെപ്പടിവിദ്യക്കാരന്റെ കരവിരുതോടെ ഹരി പ്രപഞ്ചസൃഷ്ടി കൈകാര്യം ചെയ്യുന്നു; അവിടെ തന്നെ തന്നെ സൃഷ്ടിക്കാൻ ശ്രമിക്കുന്നു. വെർച്വൽ റിയാലിറ്റിയുടെ ലോകത്ത് ഓരോ മനുഷ്യനും താൻ എന്ന സ്വത്വത്തിനൊപ്പം ഒരു അപരസ്വത്വത്തേ കൂടി സൃഷ്ടിക്കുന്നുണ്ട്. യഥാർത്ഥ സ്വത്വം, ലിംഗ പദവി, പ്രായം, പരിമിതികൾ തുടങ്ങിയ വ്യക്തിയാധിഷ്ഠിതമായ എല്ലാം രഹസ്യമാക്കിവെച്ച് അപരവ്യക്തിത്വത്തിനുടമയാകുന്നു. ഇത് ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഇന്ന് സമൂഹം നേരിടുന്ന വലിയ പ്രശ്നം തന്നെയാണ് അപരത്വം.

തന്റെ മുത്തച്ഛന്റെ സ്വത്വം സ്വയം അണിയുന്നതിനൊപ്പം തന്റെ വെർച്വൽ പ്രണയിനിയായ രമണിയുടെ മുന്നിൽ വെർച്വൽ രമണൻ എന്ന മറ്റൊരു അപരസ്വത്വം നിർമ്മിക്കുന്നു. അവർക്കിടയിലെ സംവാദത്തിൽ വ്യക്തിത്വത്തെക്കുറിച്ച് സൂചിപ്പി

ക്കുന്നു. ആരാണ് ഒരു വ്യക്തി ? ഏതാനും വർഷങ്ങളുടെ കാല് പനികത, അഹങ്കാരം, നിസ്സാര വിജയങ്ങൾ, ക്രൂരത, കരയിപ്പിച്ച നിരാശകൾ, അസത്യത്തെക്കാൾ ഭയാനകമായ ഉറപ്പുകൾ, അധോവായുവിന്റെ ബൃഹദ് സംഖ്യാശ്രേണി, വ്യക്തിത്വങ്ങൾക്ക് പൊതുകക്കൂസിന്റെ നാറ്റമാണ്. നിന്നെയറിയാൻ ഇലക്ട്രോണിക് വൈറ്റ്ബോർഡിൽ ഞാൻ വരയ്ക്കുകയും മായ്ക്കുകയും ചെയ്യുന്ന ദൃശ്യങ്ങളാണ് പ്രധാനം. അടിസ്ഥാനപരമായി ഒരു മനുഷ്യസത്തയിൽ എനിക്ക് വിശ്വാസം പോരാ. 'ഓരോ മനുഷ്യനും എനിക്ക് ഓരോ പ്രതീകം മാത്രമാണ്' എന്ന രമണിയുടെ തിരിച്ചറിവ് വെർചൽ ലോകത്തിലെ സ്വത്വനിഷേധത്തിന്റെയാണ്. താൻ സൃഷ്ടിച്ച തന്റെ അപരസ്വത്വത്തിന് പൊരുത്തക്കേടുകളുടെ ശിവതാണ്ഡവം പോലെയാണ് ഹരിക്കനുഭവപ്പെട്ടത്. രമണി എന്ന വ്യക്തിത്വവും ഒരു മിഥ്യാസൃഷ്ടിയാണെന്ന് തെളിയിക്കപ്പെടുന്നു. കമ്പ്യൂട്ടർ ഗ്രാഫിക്സിലൂടെ നവലോകത്തിന്റെ സൃഷ്ടി എന്ന പുതിയ കളി ഹരി തുടർന്നു. വൻകരകൾ, പ്രളയം, സമുദ്രം, ഹിമശൈലങ്ങൾ, ഏകകോശജീവി, സസ്യജന്തു ജാലങ്ങൾ എന്നിങ്ങനെ സൃഷ്ടികർമ്മം നിർവ്വഹിക്കുമ്പോൾ 'ലോകത്തിന്റെയും മനസ്സിന്റെയും പ്രതലങ്ങൾക്ക് ഒരേ വളവാണ് കമ്പ്യൂട്ടർ സ്ക്രീനിന്റെ വളവ്' എന്ന ഹരിയുടെ ചിന്ത എല്ലാം തന്റെ കൈപ്പിടിയിൽ നിയന്ത്രിതമാണെന്ന് ചിന്തിക്കുന്ന ഉത്തരാധുനികത സന്തതിയുടെതാണ്. തന്റെ വലംകൈയിലെ മൗസിലൂടെ ഹരി രണ്ടാം ലോകം നിർമ്മിച്ചു. പ്രതീതിയാഥാർത്ഥ്യത്തിന്റെ, സൃഷ്ടിവേളയിൽ ആകസ്മികതയുടെ സൃഷ്ടിയാണ് ലോകം എന്ന ചിന്ത ഹരിയിൽ നിറയുന്നു.

തന്റെ വെർചൽ സൃഷ്ടിയായ ജാവ മനുഷ്യനിലൂടെ പരിണാമ പ്രക്രിയയുടെ വിഭിന്നഘട്ടങ്ങൾ സ്ക്രീനിൽ മിന്നി മറ

ഞ്ഞു. നിയാണ്ടർത്താൽ, ക്രോമാഗ്നൻ, നിയോലിത്തിക്, പാൻഡോറയുടെ പെട്ടി എന്നിങ്ങനെ മുന്നേറിയപ്പോൾ ഹരി ഉറക്കെ പൊട്ടിച്ചിരിക്കുന്നു. ചരിത്രത്തെയും വിശ്വാസത്തെയും ഇവിടെ ചോദ്യം ചെയ്യുന്നു. ഈ കെട്ടുകഥയുടെ പേരാണോ ചരിത്രം എന്ന് ഹരി പരിഹസിക്കുന്നു. വീണ്ടും പരിണാമ പ്രക്രിയ തകൃതിയായി പുന:സൃഷ്ടിക്കുന്നു. നദീതട സംസ്കാരം, അധിനിവേശം, യുദ്ധം, അധികാര കൈമാറ്റങ്ങൾ, വംശഹത്യ, ജൈവായുധ സ്ഫോടനം എന്നിങ്ങനെ മുന്നേറിയ തിന്മയുടെ പരിണാമം ചരിത്രത്തെ രക്തം, തീ, നിലവിളി എന്നിവയുടെ കൊളാഷു കൊണ്ട് കമ്പ്യൂട്ടർ ഗെയിം എന്നതുപോലെ ഹരി കൃത്രിമമായി സൃഷ്ടിക്കുന്നു. ചരിത്രം ഒരു അമർചിത്രകഥയായി ഹരിയുടെ കമ്പ്യൂട്ടറിൽ നിറഞ്ഞു.

'മാഗ്നറ്റോസ്ഫിയറിനെ പൊതിയുന്ന മനോമണ്ഡലം. അതിന്റെ വരമ്പുകളിൽ സാറ്റലൈറ്റുകൾ കറങ്ങി. താഴെ കമ്മ്യൂണിക്കേഷൻ ലൈനുകളും കമ്പ്യൂട്ടർ ശൃംഖലകളും. അതിപൂരിത യാഥാർത്ഥ്യത്തിന്റെ സൂപ്പർ ഹൈവേകൾ ഹരിയെ മാടി വിളിച്ചു.' 'പരിണാമത്തിലൂടെയും ചരിത്രത്തിലൂടെയും പ്രകാശ വർഷങ്ങൾ നീളുന്ന പൊക്കിൾക്കൊടി അയാൾ അറുത്തെറിഞ്ഞു. ചരിത്രമെല്ലാം വിട്ട് ഹരി വർത്തമാനകാലത്തേക്ക് പ്രവേശിക്കുന്നു; വെർച്വൽ റിയാലിറ്റിയുടെ ലോകം. സ്പിനോസ പറഞ്ഞിരിക്കുന്നതുപോലെ ക്രമം പാലിച്ച് ഭൂതകാലത്തിൽ നിന്ന് വർത്തമാനത്തിലേക്ക് കടക്കുന്നു. ഭൂതകാല പ്രോഗ്രാം ഫയലുകളിലൂടെയുള്ള സഞ്ചാരത്തിൽ നിന്ന് മുത്തച്ഛന് ഉപാസനമൂർത്തിയായ കർണ്ണപിശാചിനി പൂർവ്വജന്മം പറഞ്ഞു കൊടുത്തതുപോലെ ഗ്രാഫിക്സിലൂടെ വംശാവലിയുടെ വെർച്വൽ റിയാലിറ്റിക്കായി പരിശ്രമിക്കുന്നു. വെർച്വൽ ലോകവും മാന്ത്രി

കലോകവും രണ്ടാണെന്ന രമണിയുടെ വാദത്തിന് മറുപടി യായി ഞാനും മുത്തച്ഛനും ഒരാൾ തന്നെയാണെന്ന അപര സ്വത്വം വ്യക്തമാക്കുന്നതിലൂടെ തന്റെ ലോകം ദൃശ്യമായ മായി കപ്രപഞ്ചമാണെന്ന് ഹരി സൂചിപ്പിക്കുന്നു. രണ്ടാളും അന്വേ ഷിക്കുന്നത് ഒന്നു തന്നെ. കാമം. ഒരാൾ യഥാർത്ഥ ലോകത്തും മറ്റൊരാൾ ഹൈപ്പർ പ്രണയത്തിലും മനുഷ്യന്റെ അടിസ്ഥാന പരമായ കാമം cyber sex എന്ന നിലയിലേക്ക് മാറുന്നു. മുത്ത ച്ഛനു വേണ്ടി നിർമ്മിക്കാൻ പോകുന്ന ഇമ്മോർട്ടാലിറ്റി ചിപ്പിന്റെ സൂചനയിൽ ഹരിയുടെ യഥാർത്ഥ വ്യക്തിത്വം പ്രകടമാകുന്നു ണ്ടെങ്കിലും കോളറിഡ്ജിന്റെ 'ദി പ്രിൻസ് ഓഫ് ഡാർക്ക്നെസ് ഈസ് എ ജെന്റിൽമാൻ' എന്ന മനോഹരമായ വാക്കുകളിലൂടെ മറയ്ക്കുന്നു. എന്നാൽ പരസ്പരമുള്ള വ്യക്ത്യാന്വേഷണം ഇവർക്കിടയിലെ ഇലക്ട്രോണിക് ബന്ധത്തെ വിച്ഛേദിക്കുന്നു. പരമിതികളില്ലാത്ത ഈ ലോകത്ത് ബന്ധങ്ങൾ അല്പായു സ്സാണ് എന്ന തിരിച്ചറിവുണ്ടായിട്ടും പ്രേമം എന്ന കുറുക്കുവഴി യിലൂടെ കൊണ്ടുപോകുന്നു. ഇവിടെ മനസിനുപകരം ശരീരം പ്രദർശനവസ്തുവാകുന്നു. സ്വകാര്യത പരസ്യമാകുന്നു. സാമൂ ഹികബോധം മാനുഷികത എന്നിവയ്ക്കു പകരം യന്ത്രബോധ നമാണ് നയിക്കുന്നത്. ബന്ധങ്ങളുടെ നിരർത്ഥകത, ക്ഷണി കത, ഉപഭോഗ സംസ്കാരം, രതി വൈകൃതങ്ങൾ, ലൈംഗിക അരാജകത്വം എന്നിവയ്ക്കു അടിപ്പെട്ടു പോകുന്ന സമൂഹത്തെ കാണാം.

പ്രതീതിയാഥാർത്ഥ്യത്തിൽ അവന്റെ വികാരവിചാരങ്ങൾ ചലിക്കുന്നു. കൃത്രിമ ദൃശ്യശബ്ദ പ്രതീകങ്ങളിലൂടെ അവൻ അഭിരമിക്കുന്നു. ഹൈപ്പർ ലിങ്കുകൾ വഴി ബന്ധങ്ങളെ സൃഷ്ടി ക്കുന്നു. 'വാർത്താളി : സൈബർ സ്പേസിലെ ഒരു പ്രണയ

നാടകം' എന്ന കഥാനാമത്തെ അന്വർഥമാക്കുന്ന ഒരു പ്രണയ നാടകമാണ് അവിടെ അരങ്ങേറുന്നത്. ഹരി, രമണി കേവലം അഭിനേതാക്കൾ മാത്രം. പ്രണയത്തിന്റെ നാടകീയമൂഹൂർത്ത ങ്ങൾക്ക് ശേഷം തിരശ്ശീല ............ സ്വപ്നാടനത്തിന്റെ അയഥാർ ത്ഥഭൂമി എന്നാണ് നന്ദകുമാർ വെർച്വൽ ലോകത്തെ വിശേ ഷിപ്പിക്കുന്നത്. ഈ തിരിച്ചറിവിൽ എത്തുന്ന ഹരിക്ക് രമ ണിയും അവളുടെ വാക്കുകളും മിഥ്യയായി അനുഭവപ്പെടു മ്പോൾ തന്റെയുള്ളിലെ കുഞ്ഞൂട്ടൻ നായർ എന്ന അപര വ്യക്തി ഉണരുകയും വെർച്വൽ കുറ്റകൃത്യങ്ങൾക്കുള്ള പ്രേര ണരൂപം കൊള്ളുകയും ചെയ്യുന്നു. എന്നാൽ ഗുരുവിനെയും കുടുംബത്തെയും വഞ്ചിച്ച മുത്തച്ഛൻ നേടിയ മാന്ത്രിക വിദ്യ യെല്ലാം ഗുരുശാപത്തിൽ ഒടുങ്ങുന്നു. ഹരിക്കും ആ ശാപ ത്തിൽ നിന്ന് മുക്തനാകാൻ കഴിയുന്നില്ല. തന്റെ മുന്നിലെ സ്ക്രീനിൽ തെളിഞ്ഞ മനോഹരമായ പെൺമുഖം പുരുഷമു ഖമായി മാറി. അഴിഞ്ഞുവീണ വസ്ത്രങ്ങൾക്കൊപ്പം ഹരി നിർ മ്മിച്ച web page ഉം തകരുന്നു. എല്ലാം ഒരു മിഥ്യയായി ഹരിക്കു മുന്നിലെ മോണിട്ടറിൽ തെളിഞ്ഞു നിന്നു. കടശ്ശിക്കളി കഴിഞ്ഞ ലാഘവത്തോടെ ഹരി കമ്പ്യൂട്ടർ ഓഫ് ചെയ്തു. ഇതെല്ലാം അയ ഥാർത്ഥമാണ്. മായപ്രപഞ്ചമാണ്. കൃത്രിമമാണ് എന്ന ചിന്ത അവിടെ അവശേഷിക്കുന്നു. മനുഷ്യ - സാങ്കേതിക ഇടപെ ടലുകളെ മന്ത്രവാദത്തിന്റെ അന്തരീക്ഷത്തിൽ പുനർനിർവ്വ ചിക്കപ്പെടുമ്പോൾ മാജിക്കൽ റിയലിസം, ഫാന്റസി എന്നിവ സൃഷ്ടിക്കുന്നു. ഭ്രമാത്മകാന്തരീക്ഷം കഥാപശ്ചാത്തലമായി നിറഞ്ഞു നിൽക്കുന്നു. സ്പിനോസ ഒക്കാഡെ, കോളറിഡ്ജ്, നീഷെ എന്നിവരുടെ തത്വചിന്തകൾ ഈ കഥയ്ക്ക് മറ്റൊരു ദാർശനികമാനം പ്രധാനം ചെയ്യുന്നുണ്ട്. ഒരേ സമയം ക്രമവും ക്രമരഹിതവുമായി മുന്നേറുന്ന കൃത്രിമ ലോകത്തിന്റെ അതിർ

ത്തികൾക്കപ്പുറത്തേക്ക് സഞ്ചരിക്കുന്ന സമകാലമാനവ സമൂഹം ഭൗതീക ലോകത്തിന്റെ ഡിജിറ്റൽ പതിപ്പുകളാണ്. എന്നാൽ മനുഷ്യനിർമ്മിതമായ സൈബറിടം പലപ്പോഴും നിയന്ത്രണാതീതമാകുകയും മനുഷ്യൻ അതിന് കീഴ്പ്പെട്ടുപോകുകയും ചെയ്യുന്നു എന്ന സത്യം ചർച്ച ചെയ്യപ്പെടുന്നു. സാങ്കേതികത സൃഷ്ടിക്കുന്ന ഈ അടിമത്തം ആഗോള ഗ്രാമത്തിലെ ഒരു വ്യക്തിയുടെ ജീവിതത്തെ എങ്ങനെ മാറ്റിമറിക്കുന്നു എന്ന് കഥകാരൻ കാണിച്ചു തരുന്നു.

# അഷിതയുടെ ഒത്തുതീർപ്പുകൾ: ഒരു വിശകലനം

ഡോ.ബെന്നിച്ചൻ സ്കറിയ

ഇരുപതാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിൽ ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഫലമായി സാമൂഹിക ചിന്തയിലും വീക്ഷണത്തിലും ഏറെ മാറ്റങ്ങൾ മലയാളി ദർശിക്കുവാൻ തുടങ്ങി. തനിമയുടേയും സ്വത്വത്തിന്റെയും അടയാളങ്ങളെ ഉന്മൂലനം ചെയ്യുന്ന സാങ്കേതികാധീശശക്തികൾ മലയാള ചെറുകഥാകൃത്തുക്കളെ സ്വാധീനിക്കുകയും ചെയ്തു. സമൂഹത്തിൽ നിന്ന് സ്വയം ഭ്രഷ്ടനായി അലയുന്ന ഏകാകിയാണ് അത്യാധുനിക മനുഷ്യൻ. മോഹഭംഗങ്ങളും ദുഃഖങ്ങളുമില്ലാതെ സ്വന്തം ക്ഷതങ്ങളിൽ സുഖംകണ്ടുകൊണ്ട് അവൻ ജീവിക്കുന്നു. മനുഷ്യജീവിതം ഭദ്രമാക്കുന്നതിൽ മതവും ശാസ്ത്രവും പരാജയപ്പെട്ടതുകൊണ്ട് അവന് അതിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. എല്ലാറ്റിനേയും നിഷേധിക്കുന്നവനായി അവൻ

മാറിയിരിക്കുന്നു. ലോകത്തെ ഒരു കൂറ്റൻ വിപണിയായി മാത്രം കാണാൻ ശ്രമിക്കുന്ന ഭീകരമായ ശക്തികളോട് കലഹിക്കുകയും അതിന്റെ ദുഷ്ചെയ്തികൾക്കെതിരെ സമൂഹചേതനയെ ജാഗരൂഗമാക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം എക്കാലത്തും അതാതുപ്രദേശത്തെ കലാകാരന്മാർക്കും എഴുത്തുകാർക്കുമാണ് ഏറ്റെടുക്കേണ്ടി വരുന്നത്.

പ്രകൃതിയുടെ വീണ്ടെടുപ്പും മനുഷ്യപ്രകൃതിയുടെ പ്രതിരോധവും പ്രാന്തവൽക്കരിക്കപ്പെടുന്നവരുടെ ജീവിതവും ചരിത്രവും അടയാളപ്പെടുത്തലും ആധുനിക ചെറുകഥാകൃത്തുക്കളിൽ പ്രധാനിയായ അഷിതയുടെ ചെറുകഥയുടെ സവിശേഷതയാണ്.

മനുഷ്യമനസ്സുകൾ വിചിത്രവും നിഗൂഢവുമായ രീതിയിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാനാണ് അഷിത കഥകൾ രചിച്ചത്. സാമൂഹിക ജീവിതത്തിൽ മാത്രമല്ല കുടുംബജീവിതത്തിലും വ്യക്തിജീവിതത്തിലും ദുരൂഹതകൾ നിറഞ്ഞുകിടക്കുന്നു എന്നും ഈ ദുരൂഹതകളുടെ വാതിൽ തുറന്നുകാണിക്കാനുമാണ് അഷിത തന്റെ തൂലിക ചലിപ്പിച്ചത്. ബഹളങ്ങളുടെ ലോകത്ത് നിന്ന് മാറിനിൽക്കുന്ന കഥാകാരിയാണ് അഷിത. അടിസ്ഥാനപരമായി ആർക്കും ആരേയും മനസ്സിലാക്കാനാവില്ല എന്ന സങ്കൽപത്തിൽ നിന്നുകൊണ്ടാണ് അവർ കഥകൾ രചിച്ചതും.

ഏകാന്തതയുടെ ദ്വീപിൽ ഒറ്റപ്പെട്ടുപോയ രണ്ട് സ്ത്രീകളുടെ കഥയാണ് അഷിത ഒത്തുതീർപ്പുകളിലൂടെ പറഞ്ഞുവയ്ക്കുന്നത്. അവളിൽ ഒരാൾ കുലീനസ്ത്രീയെന്നും മറ്റവൾ കുലടസ്ത്രീയെന്നും ചേരിതിരിവുകൾക്ക് വിധേയമാകുന്നു. ഇതിനു കാരണം തങ്ങളിലെ ഏകാന്തത ഇല്ലാതാക്കുവാൻ അവർ

തിരഞ്ഞെടുത്ത മാർഗ്ഗങ്ങളാണ്. സരളക്ക് അതിനായി ബാൽക്കണിയിലെ നിൽപും തെരുവിലെ കാഴ്ചകളും മതിയായിരുന്നുവെങ്കിൽ കുപ്പമ്മ അതിനായി വാടിയ മുല്ലപ്പൂക്കൾ സ്വീകരിക്കുകയാണ് ചെയ്തത്. സരളമ്മ അഭ്യസ്തവിദ്യയും സംസ്കാര സമ്പന്നയുമായിരുന്നപ്പോൾകുപ്പമ്മ നാണയത്തുട്ടുപോലെവില കുറഞ്ഞ പദങ്ങൾ കൈമാറിക്കൊണ്ടിരുന്നു. ചുവന്ന റിബൺ കെട്ടി മുറുക്കി ചുവപ്പിച്ച് കുപ്പിവളകൾ കിലുക്കി കോൺക്രീറ്റ് കെട്ടിടങ്ങൾക്കും നിരകളായി നീണ്ട കുടിലുകൾക്കും ഇടയിൽ കുപ്പമ്മ ഉരുകുന്ന തീജ്വാല പോലെ കത്തിനിൽക്കുന്നവളായിരുന്നു.

ഫ്ളാറ്റ് സംസ്കാരത്തിൽ കുട്ടികളുടെ ബാലകേളികൾക്ക് അതിരുകൾ നിശ്ചയിക്കപ്പെട്ടപ്പോൾ തെരുവിൽ കുട്ടികൾ എല്ലാ അതിരുകളും ലംഘിച്ച് ഓടിക്കളിച്ചുകൊണ്ടിരുന്നു. ഫ്ളാറ്റിനേയും തെരുവിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സുപ്രധാന ഘടകമാണ് കുപ്പമ്മയുടെ സാന്നിധ്യം. അതിനാലാവാം ഉലയുന്ന, ഉരുകുന്ന തീജ്വാലപോലെ കെട്ടിടത്തിനും തെരുവിനുമിടയിൽ അവർ രൂപപ്പെട്ടത്. സ്വരങ്ങൾ ഇല്ലാത്തതുകൊണ്ടു മാത്രം അപസ്വരങ്ങൾ ഉലയ്ക്കാത്ത കുടുംബാന്തരീക്ഷങ്ങൾ

ഫ്ളാറ്റ് സംസ്കാരത്തിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. തുറന്ന ജനലുകൾ അതേവേഗത്തിൽ വലിച്ചടയ്ക്കപ്പെടുന്നത് ഫ്ളാറ്റുസംസ്കാരത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. പുറത്തുള്ളതെല്ലാം തെറ്റുകളും കുറ്റങ്ങളുമെന്നു കരുതി ഉള്ളിലേക്ക് ഉൾവലിയുമ്പോൾ ഉള്ളിൽനിന്നും മുഖംമൂടികൾ പലതും പൊഴിഞ്ഞുവീഴുന്നതായി കുപ്പമ്മയുടെ വാക്കുകളിലൂടെ കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നു. നിങ്ങളെപ്പോലുള്ള മഹാറാണിമാരുടെ കെട്ടിയവന്മാരാണ് സന്ധ്യമയങ്ങിയാൽ എന്റെ അടുത്തേക്ക് എഴുന്നള്ളുന്നത് എന്ന കുപ്പമ്മയുടെ വാക്കുകൾ

ഫ്ളാറ്റ് സംസ്കാരത്തിലെ പൊയ്മുഖങ്ങൾ പിച്ചിചീന്തുന്നതിന് തുല്യമാണ്. ആധുനിക അണുകുടുംബത്തെ ബാധിച്ചിരിക്കുന്ന അപസ്വരങ്ങളുടെ ചിത്രീകരണവും ഒത്തുതീർപ്പുകൾ അവതരിപ്പിക്കുന്നു.

സരളയെ സംബന്ധിച്ചിടത്തോളം തന്റെ കുടുംബജീവിതം സുഗമവും,സുന്ദരവുമെന്ന് കരുതി മുന്നോട്ട് പോകുന്നു. എന്നാൽ തന്റെ ധാരണകൾ തെറ്റായിരുന്നു എന്ന് മനസ്സിലാക്കാൻ കുപ്പമ്മ തന്നെ വേണ്ടിവന്നു. തുറന്നുകിടക്കുന്ന ജനൽ സൗഹാർദ്ദത്തിന്റെ ചിഹ്നമായി കണ്ടിരുന്ന, ആ സഹതാപത്തിൽ അഭിമാനിച്ചിരുന്ന സരള ജനലുകൾ ചേർത്തടക്കുന്നതിൽ നിന്നും അവരുടെ മനോഭാവത്തിൽ ഉണ്ടായമാറ്റം വ്യക്തമാക്കപ്പെടുന്നു. എങ്കിലും മുറുക്കിചുവപ്പിച്ച ചിരിയാകുന്ന പരിഹാസത്താൽ സരളയുടെ ഹൃദയത്തിൽ കുപ്പമ്മ കറതേച്ചു. രക്തത്തിലലിഞ്ഞുചേർന്ന എന്തോ ഒന്ന് സരളയിൽ പിടഞ്ഞുണർന്നു. പ്രാകൃതമായ ഒരു വികാരം കയറുകൾ പൊട്ടിച്ചോടി മനസ്സിനെ ചവിട്ടിമെതിച്ചപ്പോൾ സരളയുടെ നാവിൻതുമ്പിൽ പൊടിഞ്ഞമർന്നത് കുപ്പമ്മ ഉപയോഗിക്കാറുള്ള നാണയത്തുട്ടുകൾ പോലെ വിലകുറഞ്ഞ പദങ്ങളായിരുന്നു. ദുസ്സഹമായ കോപത്തോടെ നിസ്സഹായമായ വെറുപ്പോടെ ജനൽപ്പാളികൾ ചേർത്തടക്കുന്ന സരള ഫ്ളാറ്റുജീവിതത്തിലെ പൊരുത്തക്കേടുകൾ ഉറക്കെ വ്യക്തമാക്കുകയാണ് ചെയ്യുന്നത്.

എന്നന്നേക്കുമായി അടയ്ക്കപ്പെട്ട ആ ജനലുകൾ തെരുവിനും ഫ്ളാറ്റിനുമിടയിൽ അവയറിയാതെ തന്നെ എന്തൊക്കെയോ ഒത്തുതീർപ്പുകൾ മെനഞ്ഞെടുത്തിരിക്കാം. അതിനിടയിൽ ഭൂതകാലത്തിന്റെ ഉറയ്ക്കാത്ത കാലടികളിൽപെട്ട് മുന്നോട്ട് കുതിക്കാനാവാതെ കിതച്ചുനിൽക്കുന്ന രണ്ടുപേർ ഒത്തുതീർപ്പുകൾക്കിടയിൽ അനാഥരാവുന്നു. കുപ്പമ്മയും സരളയും...

# സ്പർശത്തിന്റെ നാനാർത്ഥം

രഞ്ജിത്ത് രവീന്ദ്രൻ വി

ലോകസാഹിത്യത്തിലെ ഏതുഭാഷയിലെ ചെറുകഥകളോടും കിടപിടിക്കുന്ന ചെറുകഥകളാണ് ഇന്ന് മലയാളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഭാഷയുടെ അപൂർണ്ണതയെ മറികടക്കാനുള്ള അസാമാന്യ ശ്രമങ്ങൾ മലയാള ചെറുകഥാകൃത്തുകൾ നടത്തുന്നുണ്ട്. ഭാഷാശൈലി, പ്രമേയം തിരഞ്ഞെടുക്കുന്നതിലെ സൂക്ഷ്മത, കഥപറച്ചിലിലെ പുത്തൻ പരീക്ഷണങ്ങൾ എന്നിവയിലൂടെ സ്വയം പൊളിച്ചെഴുതുകയും നവീകരിക്കുകയും ചെയ്യുന്ന സാഹിത്യമേഖലയായി മലയാള ചെറുകഥ മാറുന്നത് സമകാലിക ചെറുകഥകൾ വിശകലനം ചെയ്യുന്ന ഏതൊരാൾക്കും ബോധ്യപ്പെടുന്നതാണ്. കഥ കാഴ്ചയ്ക്കപ്പുറം അനുഭവം ആണെന്ന തത്വത്തെ മുറുകെപിടിക്കുന്നതിൽ കാണിക്കുന്ന ബദ്ധശ്രദ്ധയാണ് സമകാലിക എഴുത്തുകാരുടെ ചെറു

കഥകൾക്കുള്ള നവനവോന്മേഷശാലിത്വത്തിന് കാരണം. കഥാപ്രമേയം ആവശ്യപ്പെടുന്ന ഭാഷാശൈലിയിലുള്ള നിതാന്ത ജാഗ്രതയാണ് ഇത്തരം കഥകളുടെ ശക്തിസൗന്ദര്യത്തിന്  നിദാനം. മലയാളിജീവിതസംബന്ധിയായ സമകാലിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു എന്നതു മാത്രമല്ല ഇന്നത്തെ കഥാകൃത്തുക്കളുടെ സവിശേഷത. തദനുസൃതമായ ഭാവുകത്വ പരിസരം വായനക്കാരനിൽ സന്നിവേശിപ്പിക്കുന്നതിലെ വൈദഗ്ധ്യം കൂടിയാണ്.  മലയാളചെറുകഥയുടെ പൂർവ്വമാതൃകകളെ അപേക്ഷിച്ച് മനുഷ്യനെ, അവന്റെ ജീവിതത്തെ കുറേക്കൂടി അടുത്ത് നിന്ന് നോക്കിക്കാണാനും ആഴത്തിൽ പരിശോധിക്കാനും തൽഫലമായി ഉണ്ടാകുന്ന ബോധ്യങ്ങളെ വർത്തമാനകാല ജീവിതത്തിന്റെ സങ്കീർണത നിറഞ്ഞ ഭാഷാക്രമത്തിൽ പുനരവതരിപ്പിക്കാനും സമകാലിക ചെറുകഥയ്ക്ക് സാധിക്കുന്നുണ്ട്. സമകാലിക ചെറുകഥാകൃത്തുക്കളിൽ താനൊരു മനുഷ്യപര്യവേഷകനാണെന്ന് ഉറച്ചുവിശ്വസിക്കുന്ന എഴുത്തുകാരനാണ് വി. ഷിനിലാൽ. ഉടൽ ഭൗതികം,സമ്പർക്കക്രാന്തി (നോവൽ), നരോദപാട്യയിൽ നിന്നുള്ള ബസ്(കഥകൾ)എന്നീ കൃതികളിലൂടെ ഷിനിലാലിന്റെ ഈ മനുഷ്യപര്യവേഷണപരതയും രാഷ്ട്രീയ ജാഗ്രതയും മാനവികതാബോധവും നമുക്ക് ബോധ്യപ്പെടുന്നതാണ്.

2020 മാർച്ച് 1 ലക്കം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച ഷിനിലാലിന്റെ ഏറ്റവും പുതിയ  ചെറുകഥയാണ് 'സ്പർശം'. ഉടലിന്റെയും മനസിന്റെയും സൂക്ഷ്മരാഷ്ട്രീയത്തെ വിശകലനം ചെയ്യുന്ന കഥയാണ് 'സ്പർശം.' ഓരോ ഉടലിൽ നിന്നും എണ്ണമറ്റ  അനുഭൂതി ശലഭങ്ങൾ ഉയിരുവെച്ചുയരുന്ന വർണക്കാഴ്ച ഈ കഥയിലൂടെ കണ്ണോടിക്കുന്ന വായനക്കാരനു മുൻപിൽ തെളിയും. പുതുകഥകൾക്ക് പൊതുവെ പറയാവുന്ന

വർത്തമാനകാല ജീവിതസങ്കീർണ്ണതകളെ ആവിഷ്കരിക്കാനുള്ള വൈദഗ്ധ്യത്തിന്റെ പശ്ചാത്തലത്തിൽ വി. ഷിനിലാലിന്റെ 'സ്പർശം' എന്ന കഥയെ വായിക്കാനാണിവിടെ ശ്രമിക്കുന്നത്.

കവിതയുടെ അപൂർവ്വ ലാവണ്യത്തെ ഓർമിപ്പിക്കുന്ന വാങ്മയ ചിത്രണത്തോടെയാണ് 'സ്പർശം'എന്ന കഥ ആരംഭിക്കുന്നത്.

*'ആൾപ്പൊക്കമുള്ള നിലക്കണ്ണാടിക്ക് മുന്നിൽ സ്ത്രീ പൂർണ്ണനഗ്നയായി നിന്നു. ചുവരുകളിൽ വെള്ള വെളിച്ചം തെളിഞ്ഞതും ഉടലിൽ നിന്ന് അവളുടെ പകുതി ഇറങ്ങി നടന്നു.*

*അത് സാധാരണയിലും വലുപ്പത്തിൽ കണ്ണാടിയിൽ കയറിനിന്ന്  അവളെ നോക്കി.*

*തന്റെ ഉടൽ കൺമുന്നിൽ പകർന്നുനിൽക്കുന്നത് കണ്ട സ്ത്രീ അദ്ഭുതത്താൽ വിറച്ചു'.*

സൂക്ഷ്മമായി വായിച്ചാൽ ഒരു സ്ത്രീയുടെ സ്വയംഭോഗത്തിന്റെ താളക്രമം കൂടിയുണ്ട് ഇതിലെ ഭാഷയ്ക്ക് എന്നു കാണാം.

*'കണ്ണടച്ചുകൊണ്ടവൾ കണ്ണാടിയിലെ പെണ്ണിന്റെ ചുണ്ടിൽ തൊട്ടു.*

*മൂക്കിൽ ,കണ്ണുകളിൽ, കവിളിൽ, കാതുകളിൽ, ഓരോ സ്പർശത്തിലും പെണ്ണിന്റെ ഉടലിൽ നിന്നും എണ്ണമറ്റ ശലഭങ്ങൾ ഉയിരുവെച്ചുണർന്നു.*

*അവ പറന്നു. നിമിഷങ്ങൾക്കകം മുറിയാകെ വർണശലഭങ്ങൾ നിറഞ്ഞു.*

*കഴുത്തിൽ, മുലകളിൽ, ഉദരത്തിൽ....*

*കണ്ണാടിയിലെ പെണ്ണിന്റെ ഉടലാകെ വസന്തം വിരിഞ്ഞു.*

*അവൾ ഒരുദ്യാനമായി. ഭ്രാന്താവേശിച്ച വിരൽതുമ്പു കൊണ്ടവൾ കണ്ണാടിയിലെ പെണ്ണിനെ താഡിച്ചു.*

*അവൾ മൂർച്ഛിച്ച് നിലത്തുവീണു.'*

വയസ്സ് നാല്പത് കടന്ന കോളേജ് അധ്യാപികയായ ജൽസ എന്ന ഒരു സ്ത്രീയുടെ 'ആരെങ്കിലും എന്നെ ഒന്നു തൊട്ടെങ്കിൽ' എന്ന ആത്മഗതം കഥയുടെ ആദ്യഭാഗങ്ങളിൽ കല്ലിച്ചു നിൽക്കുന്നുണ്ട്. ഇവിടെ ഈ കഥ എഴുതാനുണ്ടായ സാഹചര്യത്തെക്കുറിച്ച് കഥാകൃത്ത് പറയുന്നതുകൂടി ചേർത്തുവായിക്കേണ്ടതുണ്ട്.

ഒരിക്കൽ ഒരു സ്നേഹിത എന്നോടു പറഞ്ഞു; *നിനക്കറിയാമോ, ഇത്രനാളും ആ മനുഷ്യൻ എന്റെ ശരീരത്തിന്റെ പിൻഭാഗം കണ്ടിട്ടില്ല.*

മറ്റൊരിക്കൽ ഒരു വയോധിക എന്നോടു പറഞ്ഞു

*നാൽപതുകളിലെത്തുമ്പോൾ ഒരു സ്ത്രീ അലറുന്ന സമുദ്രമായി മാറും.*

*മറ്റൊരു സ്നേഹിത പറഞ്ഞു; Hidden Spots in mind and body*

അപ്രതീക്ഷിതവും അനാവശ്യവുമായ സ്പർശനങ്ങളാണ് ഇന്ന് സ്ത്രീ അനുഭവിക്കുന്ന ഏറ്റവും വലിയ ദുരിതങ്ങളിൽ ഒന്ന്. പ്രായഭേദമന്യേ സ്ത്രീക്ക് അനുഭവിക്കേണ്ടി വരുന്ന ഈ അനാവശ്യ 'തൊടലു'കൾക്കെതിരെയുള്ള പ്രതിഷേധം സാഹിത്യവും സമൂഹവും ഏറ്റെടുക്കുകയും ചർച്ചചെയ്യുകയും ചെയ്യുന്നുണ്ട്. എന്നാൽ ഈ അശ്ലീലസ്പർശത്തിൻ നിന്നും തികച്ചും വിഭിന്നമായ ഒരു മാനമാണ് ഷിനിലാൽ ഈ കഥയിൽ സ്പർശത്തിന് നൽകുന്നത്. ഇവിടെ സ്പർശം സ്ത്രീയ്ക്ക് തന്റെ തന്നെ പൂർണ്ണതയാണ്. സ്വയം വെളിപ്പെടലാണ്. 'പെണ്ണിന്റെ പടുമർമ്മത്തിൽ തൊട്ടാൽ പൂവിടരുന്നതുപോലെ അവൾ വെളിപ്പെട്ടുവരും. മനുഷ്യസ്പർശമേൽക്കാതെ നിലവിളിക്കുന്ന ഉടലുകൾ ശാന്തമാകും'.

നാലുഭാഗങ്ങളായാണ് 'സ്പർശം'എന്ന കഥയുടെ ഇതൾ വിരിയുന്നത്. ഒന്നാം ഭാഗത്ത് ഒരു സ്പർശത്തിനുവേണ്ടി കൊതിക്കുന്ന, ആഗ്രഹസാഫല്യത്തിന് പലവഴികൾ അന്വേഷിക്കുന്ന സ്ത്രീയെയാണ് നമ്മൾ കാണുന്നത്. ആ അന്വേഷണം ഒരു പോൺസൈറ്റിലെ വിചിത്രകാമനകളുടേയും ഗാഢസ്പർശങ്ങളുടെയും ഗുപ്തലോകത്തിൽ ചെന്നാണ് നിൽക്കുന്നത്.

ജൽസ കാണുന്ന ഒരു സ്വപ്നദൃശ്യത്തോടെയാണ് രണ്ടാം ഭാഗം ആരംഭിക്കുന്നത്.

*'അന്നുരാത്രി അവൾ ഒരു സ്വപ്നം കണ്ടു: തകർന്ന കടൽപ്പാലത്തിൽ നിന്ന് ഇരുവർ കെട്ടിപ്പിടിക്കുന്നു.*

*ഉപ്പുകാറ്റ് പതിവുപോലെ വീശുന്നുണ്ടായിരുന്നു.*

*പാലത്തിന്റെ കോൺക്രീറ്റ് തൂണുകളിൽ അതിശക്തിയിൽ തിരകൾ വന്നടിക്കുന്നുണ്ടായിരുന്നു.*

*എന്നാൽ അതൊന്നും ഗൗനിക്കാതെ രണ്ട് ചെറുജന്മങ്ങൾ പരിസരം മറന്ന് ആലിംഗനബദ്ധരായി നിന്നു.*

*അതുവരെ അനുഭവിക്കാത്ത ആനന്ദമൂർച്ഛയാൽ പെൺകുട്ടിയുടെ ഉടൽ വെട്ടിവിറച്ചു. കണ്ണുകൾ കൂമ്പിയടഞ്ഞു. ദൃഢദൃഢമായി ഇരുവരും മത്സരബുദ്ധിയോടെ ഉടലുകളെ ചേർത്തുപിടിച്ചു'.*

ക്രമേണ സ്വപ്നത്തിലെ ചെറുപ്പക്കാരനും പെൺകുട്ടിയും ജൽസയും അവൾ ഒരു ദിവസത്തേക്ക് മാത്രം വാടകക്കെടുത്ത ചെറുപ്പക്കാരനായ ആൺവേശ്യയുമായി രൂപാന്തരം പ്രാപിക്കുന്നു. ഒരർത്ഥത്തിൽ തന്റെ ഈ തിരഞ്ഞെടുപ്പ് കുറെക്കൂടി നേരത്തെ ആകാമായിരുന്നു എന്ന ചിന്തയെ വെളിപ്പെടുത്തുന്നുണ്ട് ഈ രൂപാന്തരീകരണം. ഈ സ്വപ്നദൃശ്യവും തുടർന്നുള്ള രൂപാന്തരീകരണവും അതിനുശേഷമുള്ള സംഭാഷണങ്ങളുമാണ് ഈ കഥയുടെ മർമ്മപ്രധാനഭാഗം. ഇക്കാലമത്രയും ദാമ്പത്യത്തിന്റെ തടവറയിൽ കഴിഞ്ഞ, ഏതുനിമിഷവും ഉടലിന്റെ കാമനകളവസാനിക്കാമെന്ന ബോധ്യമുള്ള മധ്യവയസ്സു പിന്നിട്ട ഒരുപാടുസ്ത്രീകളുടെ ഉടലിന്റെ നിലവിളി ജൽസയിലൂടെ നാം കേൾക്കുന്നു. ഈ നിലവിളി ചിലപ്പോഴൊക്കെ പങ്കാളിയോട്, മറുപാതിയോട്, പുരുഷനോട്, സമൂഹത്തോട് ഒക്കെയുള്ള ചോദ്യങ്ങളായും മാറുന്നുണ്ട്.

*'മനുഷ്യസ്പർശമേൽക്കാത്ത ഉടലുകൾ നിലവിളിക്കുന്നത് നീ കേട്ടിട്ടുണ്ടോ'?.*

*'പെണ്ണുങ്ങളുടെ പടുമർമ്മം ഏതാണെന്നറിയാമോ'?.*

സ്ത്രീ കാമനകളെക്കുറിച്ച് ഉള്ള/ഉണ്ടാവേണ്ടുന്ന ചില തിരിച്ചറിവുകളും അവൾ പങ്കുവയ്ക്കുന്നു.

*‘ഇങ്ങനെ ഉടലുകൾ നിലവിളിക്കും. മനുഷ്യസ്പർശമേൽക്കാത്ത ഉടലുകൾ’.*

*‘പെണ്ണുങ്ങളുടെ ശരീരം കടലാണ് ചങ്ങാതീ’.*

*‘കാണാൻ പറ്റാത്ത ഒരിടത്താണ് പെണ്ണുങ്ങളുടെ പടുമർമ്മം ഉള്ളത്. അതിൽ തൊട്ടാൽ പൂവിടരുന്നതുപോലെ പെണ്ണ് വെളിപ്പെട്ടുവരും. അതറിയാത്തതുകൊണ്ടാണ്’.*

*‘നിനക്കറിയാമോ പിരീഡ്സിന് തൊട്ടുമുൻപ് കടൽക്ഷോഭിക്കാൻ തുടങ്ങും.*

*അപ്പോൾ ഒരു മനുഷ്യജീവി എന്നെ ഒന്ന് തൊട്ടെങ്കിലെന്ന് ഞാൻ അതിയായി ആഗ്രഹിക്കും’.*

പുരുഷന്റെ ലൈംഗികമായ അജ്ഞതയെ, ദാരിദ്ര്യത്തെ, വൈകല്യത്തെ, ഇണയെ മനസിലാക്കുന്നതിലുള്ള കഴിവുകേടിനെ പരിഹസിക്കാനും ഈ നാല്പതുകാരി മടിക്കുന്നില്ല.

*‘നിങ്ങൾ തമ്മിൽ സെക്സില്ലേ’?* എന്ന ചെറുപ്പക്കാരന്റെ ചോദ്യത്തിന് അവൾ നൽകുന്ന മറുപടി *‘സ്പർശം പോലും ഇല്ല’* എന്നാണ്.

തുടർന്നുള്ള സംഭാഷണത്തിൽ അവൾ അനുഭവിക്കുന്ന അമർഷവും അടക്കിപ്പിടിക്കലും നിരാശകലർന്ന പരിഹാസമായി വെളിപ്പെടുന്നു.

*‘കല്ല്യാണം കഴിഞ്ഞിട്ട് എത്രവർഷമായി?’*

*‘ഇരുപത്’.*

*'പിന്നെങ്ങനെ മക്കൾ?'*

*'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.'*

*'എനിക്കതിശയം തോന്നുന്നു. അയാൾക്കതെങ്ങനെ സാധിക്കുന്നു?*

*സ്ത്രീക്ക് മേയ്ക്കപ്പ് പോലെയാണ് പുരുഷന് യുദ്ധവും രതിയും എന്നല്ലേ?*

*അവൾ അവന്റെ കൈമുഷ്ടി ചുരുട്ടിപ്പിടിച്ചു. പ്രത്യേകരീതിയിൽ ചലിപ്പിച്ചു.*

*എന്നിട്ട് പൊട്ടിച്ചിരിച്ചു'.*

സ്പർശസുഖത്തെ രതിയിലെ പൂർവ്വലീലകളുമായ് മാത്രം കൂട്ടിവായിച്ച് ശീലിച്ച വായനക്കാരോട് അതിന്റെ മറ്റ് പല തലത്തെക്കുറിച്ചും സംവദിക്കാനുള്ള ശ്രമമാണ് ജൽസയിലൂടെ കഥാകൃത്ത് നടത്തുന്നത്. കഥയുടെ മൂന്നാംഘട്ടത്തിൽ തന്റെ ഉടലിന്റെയും ഉയിരിന്റെയും പരിപൂർണ്ണതയ്ക്കായുള്ള ജൽസയുടെ അസാധാരണവും അപൂർവവുമായ ഒരു തിരഞ്ഞെടുപ്പ് രീതിയെ വിവരിക്കുകയാണ്. ഒരേ വ്യക്തിയുടെ സ്പർശം തന്നെ അവൾക്ക് രണ്ട് ഘട്ടങ്ങളിൾ രണ്ട് തരത്തിലാണ് അനുഭവപ്പെടുന്നത് എന്നതും ശ്രദ്ധേയമാണ്.

*ഹെഡ്മസാജ് ചെയ്യുന്നതിനിടയിൽ അവൻ അവളുടെ മാറിൽ സ്പർശിച്ചു.*

*പെട്ടെന്നവൾ അവന്റെ കൈ പിടിച്ചുമാറ്റി.*

എന്നാൽ നിമിഷങ്ങൾക്കകം അവൾ തന്നെ അവന്റെ ഫോൺ നമ്പർ ആവശ്യപ്പെടുന്നതും കാണാം.

മസാജ് ചെയ്യാൻവേണ്ടി മാത്രം ഒരാൺവേശ്യയെ ആവശ്യപ്പെടുന്ന ഒരു സ്ത്രീ അവനെ സംബന്ധിച്ചിടത്തോളം അൽഭുതമായിരുന്നു. തികച്ചും വിചിത്രമായ കാമനകൾ സൂക്ഷിക്കുന്നവൾ എന്ന സൂചനയിൽ നിന്നോ മറ്റോ അവന്റെ ഏകാന്തതയിൽ അവൻ ജൽസയുടെ ഇൻബോക്സ് തന്നെ തിരഞ്ഞെടുത്തു. തട്ടിമാറ്റിയ കൈകളെ തന്നെ ഒരു രാത്രിയിലേക്ക് കൂട്ടുവിളിച്ച് തീർത്തും പ്രവചനാതീതയായ കഥാപാത്രമായി മാറുകയാണ് ജൽസ. തന്നിലെ സ്പർശപരവശതപോലും സ്വാഭാവികമായ ഒരൊഴുക്കിന്റെ ഭാഗമായ് പുനഃസൃഷ്ടിക്കാനുള്ള ജൽസയുടെ ശ്രമം തന്നെയാണ് പിന്നീട് വായനക്കാർക്ക് കഥയിൽ കാണാനാവുക.വഴിയേപോകുന്നവന്റെ കേവലസ്പർശമല്ല, തന്നോടൊത്ത്, തന്നെ കേട്ട്, അറിഞ്ഞ് സ്പർശിക്കപ്പെട്ടുണരുകയാണ് അവളുടെ ആവശ്യം. വാടകയ്ക്കെടുത്ത കൂട്ട് അൽപ്പനേരത്തേക്കെങ്കിലും തന്റേതുമാത്രമെന്ന് ഭാവിച്ച്, ആ അസ്വാഭാവികതയെ തികച്ചും സ്വാഭാവികമാക്കി സ്വയം ധരിപ്പിക്കുന്ന പ്രക്രിയയിലൂടെ ജൽസ അന്നോളം തനിക്ക് സാധിക്കാതെ പോയ പലമോഹങ്ങളും സാക്ഷാത്കരിക്കുകയാണ്.

*'നീ മൂളികേട്ടാൽ മതി, ഞാൻ പറഞ്ഞുകൊണ്ടേയിരിക്കും'.*

ഒരേ നഗരത്തെ തന്റെ കാറിൽ മൂന്നുതവണ ചുറ്റി, അതുവരെയുള്ള തന്റെ ജീവിതവും, കൗതുകങ്ങളും സന്തോഷങ്ങളും രാഷ്ട്രീയവും എല്ലാം ഒരാത്മഭോഗമെന്നവണ്ണം ഇളക്കിയൊഴുക്കുകയാണ് ജൽസ.

*'ആദ്യമായി ചുംബനമേൽക്കുമ്പോൾ,*

*ആദ്യമായി ഇണചേരുമ്പോൾ,*

*ആദ്യമായി ആലിംഗനം ചെയ്യുമ്പോൾ,*

*ആദ്യമായി താൻ പറയുന്നതെല്ലാം ഒരാൾ ശ്രദ്ധയോടെ കേൾക്കുമ്പോൾ, ഒരു സ്ത്രീ കരഞ്ഞു പോകുന്നു'.*

സ്പർശത്തിന് ഉടലിനപ്പുറം ഉള്ളിൽ ഒരു തലമുണ്ടെന്നും അത് സ്പർശിക്കപ്പെടുന്നത് താൻ എവിടെയെങ്കിലുമൊക്കെ കേൾക്കപ്പെടുമ്പോൾ കൂടിയാണെന്ന് ജൽസയിലൂടെ ലോകത്തെ മുഴുവൻ സ്ത്രീകളും പറയുകയാണ് കഥയുടെ നാലാംഭാഗത്തിൽ.

തികച്ചും വിചിത്രമായ ചില ആവശ്യങ്ങളുമായി ഒരു ആൺ വേശ്യയെ അന്വേഷിച്ചെത്തുന്ന വയസ്സ് നാൽപ്പത് കടന്ന ഒരു കോളേജ് അധ്യാപിക. വാത്സല്യമെന്ന വ്യാജേനയോ സ്പായിലെ ഹെഡ്മസാജായോ പ്രണയമായോ ചുംബനമായോ സ്വയംഭോഗമായോ അങ്ങനെ ഏതുവിധേനയും ഉടനടി സ്പർശിക്കപ്പെടണമെന്ന ഉടലിന്റെ ചോദന, അതടക്കാനാവാത്ത ഒരുവൾ. ഫീസും ടിപ്പും നൽകി സ്പർശിക്കപ്പെടുന്നതിന്റെ അസ്വാഭാവികതയെപ്പോലും മറന്ന് അതാസ്വദിക്കാനവൾക്ക് കഴിയുന്നത് അത്രകാലവും ആഘോഷിക്കപ്പെടാതെ പോയ തന്റെ ശരീരത്തെ ഓർത്തുള്ള വ്യാകുലതയാണ്. കല്യാണം കഴിഞ്ഞ് ഇരുപതോളം വർഷം വിരളമായി മാത്രം സ്പർശിക്കപ്പെട്ട ഉടലാണ് അവളുടേത്. അവളുടെ ഭാഷയിൽ, "ഒരൊറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ജനിച്ച മകൾ മാത്രമാണ് അതിന്റെ ഒരേയൊരു തെളിവ്". തന്റെ ഭർത്താവ് ഇന്നോളം തന്റെ ശരീരത്തിന്റെ പിൻഭാഗം കണ്ടിട്ടില്ലെന്നവൾ മനസ്സുതുറക്കുന്നത് ഒരു രാത്രിയിലേക്കായി മാത്രം അവൾ വാടകയ്ക്കെടുത്ത ഒരാണിനോടാണ്. കാമാർത്തയായ ഒരു സ്ത്രീ തന്നോടൊത്തൊരു രാത്രി ചിലവഴിക്കാൻ ആഗ്രഹിക്കുന്നു എന്നതില

പ്പുറം ഒന്നും ആൺവേശ്യാവൃത്തിയിൽ ഏർപ്പെട്ട ആ ചെറുപ്പക്കാരൻ പ്രതീക്ഷിച്ചിരുന്നില്ല. സ്ത്രീകളുടെ രതിമൂർച്ഛാവൈവിധ്യങ്ങളിൽ തികഞ്ഞ ധാരണയുള്ളവനായിട്ടും, ഹിറ്റ്ലർക്കുപോലും ഇക്കിളി ഉണ്ടാകുന്ന ഒരു കുമ്പിടാംകുഴി തന്റെയും അവളുടെയും ശരീരത്തിൽ സ്പർശസുഖമേൽക്കാതെ ഒറ്റപ്പെട്ടു കഴിയുന്നുണ്ടെന്ന് അവൾ പറഞ്ഞാണ് അവൻ അറിയുന്നത്.

ശരീരത്തെപ്രതിയുള്ള തന്റെ അപകർഷതകൾ അഴിച്ചുവെച്ച് അവനോടവൾ മനസ്സ് തുറന്നത് ഇതേ ഇടം അവനിലും ഒറ്റപ്പെട്ടിരിപ്പാണെന്ന തികഞ്ഞ ബോധ്യത്തോടെയാണ്. സ്പർശംകൊണ്ട് മാത്രം ഒരു മൂർച്ഛ ഉയിരിനും ഉടലിനും ഉണ്ടാകുന്നുണ്ടെന്നവൻ അറിഞ്ഞത് അവളോടൊപ്പമുള്ള ആ രാത്രിയിലാണ്. ലിംഗഭേദമന്യേ ഒരു മനുഷ്യജീവി ഏറ്റവും കൊതിക്കുന്നത് സ്പർശനമാണെന്ന് പറഞ്ഞ് അവസാനിപ്പിക്കുകയാണ് ഈ കഥ. രതിക്കും പ്രണയത്തിനും വാത്സല്യത്തിനുമൊക്കെ അപ്പുറം സ്പർശനം ഒരംഗീകാരമായി വളരുകയാണ് ഇവിടെ. സ്പർശിക്കപ്പെടുക എന്നതിനോളം തന്നെ സ്പർശിച്ചുണർത്തുക എന്നതിനും പ്രാധാന്യമുണ്ടെന്നവൾ അറിയുകയും അറിയിക്കുകയും ചെയ്യുന്നിടത്ത് ഈ കഥയവസാനിക്കുന്നു. ആണിനും പെണ്ണിനും സ്പർശനമൊരുപോലെ പ്രധാനമാകിലും, വൈകാരികമായ ഒരാവശ്യമോ അത്യാവശ്യമോ ആയി അതിനെ തിരിച്ചറിഞ്ഞത് ഈ കഥയിലെങ്കിലും, അവൾ മാത്രമാണ്. ഒരർത്ഥത്തിൽ സ്പർശനത്തെ അംഗീകാരത്തിന്റെയോ ആത്മാഭിമാനത്തിന്റെയോ അടയാളമായി കണക്കിലെടുക്കുന്നതും അത്രത്തോളം വലുതായി തിരിച്ചറിയുന്നതും സ്ത്രീകൾ തന്നെയാണ് എന്നും വായിച്ചെടുക്കാവുന്നതാണ്.

*'എന്റെ ഭർത്താവ് എന്നെ ഭോഗിക്കുമ്പോൾ ഭോഗാനന്തരം അദ്ദേഹം എന്നെ തന്റെ കരവലയത്തിൽ സൂക്ഷിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. അദ്ദേഹം എന്റെ മുഖത്ത് തലോടുകയോ എന്റെ വയറ്റത്ത് കൈവയ്ക്കുകയോ ചെയതിരുന്നെങ്കിൽ ഓരോ സംഭോഗക്രിയയ്ക്ക് ശേഷം ഞാനനുഭവിച്ച് പോന്ന നിരാകരണബോധം അത്രതന്നെ കൂടുതൽ എനിക്കനുഭവ പ്പെടുമായിരുന്നില്ല'.-*

മാധവിക്കുട്ടിയുടെ 'എന്റെ കഥ'യിലെ ഈ വാചകങ്ങളും പറഞ്ഞുവയ്ക്കുന്നത് മറ്റൊന്നല്ല. രതിയോട് ചേർത്തുവച്ചല്ലാതെ സ്പർശനങ്ങൾക്ക് മാത്രമായ് ഒരാഴമുണ്ടെന്ന് പറയാൻ ഒരു നാൽപ്പത്കാരി കഥാപാത്രം തന്നെ വേണമെന്ന് യാതൊരു നിർബന്ധവുമില്ല. എന്നാൽ ശരീരം ഇനിയേറെ നാൾ ആഘോ ഷിക്കപ്പെടില്ല എന്ന് ഒരു സ്ത്രീ ആകുലപ്പെടാനിടയുള്ള പ്രായം മധ്യവയസ്സ് തന്നെയാണ് എന്നതാണ് വാസ്തവം.

ഒരിക്കലും ഉപയോഗിക്കാനിടയില്ലാത്ത ശരീരത്തിന്റെ സ്വകാ ര്യഇടങ്ങൾ എന്തിനവൾ ഇത്രഭംഗിയായി സൂക്ഷിക്കുന്നെന്ന് അൽഭുതപ്പെടുന്ന ആ ചെറുപ്പക്കാരൻ വേശ്യയ്ക്കുമുന്നിൽ സ്പ ർശിക്കപ്പെടുവാനായ് മാത്രം ഒരുക്കിവച്ച ഉടലിനെ കൂടുതുറന്നു വിടുന്നു അവൾ. ഒരേ സമയം ശാരീരികമായും മാനസിക മായും അവഗണിക്കപ്പെട്ട അനവധി സ്ത്രീകളുടെ പ്രതിനി ധിയും കാമനകൾ വീണ്ടെടുക്കാൻ രണ്ടുംകൽപ്പിച്ച് തുനിഞ്ഞി റങ്ങുന്ന ധൈര്യശാലിനിയുമായ് മാറുന്ന കഥാപാത്രമാണ് ജൽസ. സ്നേഹം, രതി, വാത്സല്യം, പ്രോത്സാഹനം, സ്വാന്തനം അങ്ങനെ വിവിധ വികാരങ്ങളെ പൊതിഞ്ഞു നൽകുന്ന സ്പ ർശനങ്ങൾ മനുഷ്യനെ സംബന്ധിച്ച് ജീവവായുവോളം പ്രധാ നമാണെന്നത് എന്നോ കണ്ടെത്തിയ കാര്യമാണെങ്കിലും

അവയെ സർഗ്ഗാത്മകമായ ചർച്ചയ്ക്ക് വിധേയമാക്കുന്ന പക്ഷം അത്തരം സൃഷ്ടികൾക്ക് ഒരു സാമൂഹിക ഉത്തരവാദിത്തം കൂടി നിർവ്വഹിക്കാൻ സാധിക്കുന്നുണ്ട്.

'സ്പർശം' എന്ന വൈകാരികാനുഭവത്തെ മുൻനിർത്തി ലൈംഗികത, സദാചാരം, കുടുംബം, പ്രണയം, സൗഹൃദം, ദാമ്പത്യം എന്നിവയെല്ലാം സൂക്ഷ്മമായി പ്രശ്നവത്കരിക്കുന്നുണ്ട് കഥാകൃത്ത് ഈ കഥയിൽ. സ്പർശിക്കപ്പെടുകയെന്നാൽ തിരിച്ചറിയപ്പെടുകകൂടിയാണെന്ന് ഈ കഥ നമ്മെ ബോധ്യപ്പെടുത്തുന്നു. കഥാകൃത്തിന്റെ ഭാഷയിൽ പറഞ്ഞാൽ

*'സ്പർശമേൽക്കാത്ത ഉടൽ*
*അനാഥമായ ഒരു ദ്വീപാണ്.'*

# അണുകുടുംബവും അന്തഃസംഘർഷങ്ങളുടെ ബാല്യവും

(കെ.വി.പ്രവീണിന്റെ കയേൻ എന്ന കഥയെ അടിസ്ഥാനമാക്കിയുള്ള പഠനം)

**ഡോ.ബിൻസി സി.ജെ**

ഉത്തരാധുനിക മലയാളിയുടെയും മലയാളസാഹിത്യത്തിന്റെയും അപരിചിതമായ ഭൂപ്രകൃതികളെ അടയാളപ്പെടുത്തുന്നവയാണ് കെ.വി.പ്രവീണിന്റെ കഥകൾ. പ്രവാസി മലയാളി കൂടിയായ അദ്ദേഹത്തിന്റെ കഥകൾ പകർന്നു നൽകുന്ന വായനാനുഭവവും, ആവിഷ്ക്കരിക്കുന്ന സ്വത്വാനുഭവവും പാരമ്പര്യത്തിലും പരിചിതത്തിലും നിന്ന് വ്യത്യസ്തമാണ്. മലയാളിയുടെ ആസ്വാദനത്തെ നവീകരിക്കാനുതകുന്നതുമാണ്. അദ്ദേഹത്തിന്റെ ഓർമ്മച്ചിപ്പ് എന്ന കഥാസമാഹാരത്തിലെ 'കയേൻ' എന്ന കഥയാണ് ഇവിടെപഠനവിഷയമാകുന്നത്.

അച്ഛന്റെയും അമ്മയുടേയും സ്നേഹപരിചരണങ്ങൾ ലഭിക്കാതെ അസന്തുഷ്ടനായികഴിയേണ്ടിവരുന്ന ആബേൽ കേന്ദ്രകഥാപാത്രമാകുന്ന കഥയാണ് കയേൻ. ബാങ്ക്ജീവനക്കാ

രനായ പീറ്ററന്റെയും സദാദൈവീകകര്യങ്ങൾക്കു മാത്രം പ്രാധാന്യം കൽപ്പിക്കുന്ന തെരേസായുടെയും ഏകമകനാണ് ആബേൽ. പ്രൈമറിസ്കൂൾ വിദ്യാർത്ഥിയായ അവൻ പഠനത്തിൽ പിന്നോക്കമാണ്. അധ്യാപകരും കൂട്ടുകാരും പലപ്പോഴുമവനെ ഒറ്റപ്പെടുത്തുന്നു. തന്റെ കൊച്ചുമനസ്സിനെ ഞെരുക്കുന്ന സംഘർഷങ്ങൾ അവൻ പലരൂപത്തിൽ പുറത്ത്പ്രകടിപ്പിക്കാൻ തുടങ്ങി. ആശ്വസിക്കാനായി ആബേൽ കണ്ടെത്തിയ ഏകവഴി ഏലിയൻസിന്റെ ലോകത്തിൽ സ്വയം പ്രതിഷ്ഠിച്ച് മറ്റൊരു സങ്കൽപലോകം തീർക്കലായിരുന്നു. ആബേലിനെ ഉപദേശിച്ച് നല്ലകുട്ടിയാക്കാനായി സ്കൂൾ കൗൺസിലർ ഫാദർ ഗോൺസാലസിന്റെ അടുക്കലയച്ചു. ഈ കൗൺസലിങ് ആബേലിന്റെ പിതാവായ പീറ്ററിൽ വരെ എത്തി ഇത് ആബേലിന്റെ സാഹചര്യങ്ങൾക്ക് ഒരു മാറ്റം ഉണ്ടാക്കുമെന്ന പ്രതീക്ഷ നൽകിയെങ്കിലും കാര്യമായ ഫലമുണ്ടായില്ല. ബൈബിളിലെ ആബേലിന്റെയും കായേന്റേയും കഥയും ദൈവത്തിന്റെ ഉടമ്പടിയുടെ ചിഹ്നമായ മഴവില്ലും ആബേലിന് വലിയ ആശ്വാസമായിരുന്നു.

ആഗോളവൽക്കരണാനന്തര കാലത്തെ അണുകുടുംബത്തിലെ ബന്ധങ്ങൾ എങ്ങനെ കുട്ടികളുടെ സ്വഭാവരൂപീകരണത്തെ സ്വാധീനിക്കുന്നു എന്ന് ഈ കഥയിൽ നിന്ന് വായിച്ചെടുക്കാം. കഥാപാത്രവിശകലനം അതിനുകൂടുതൽ സഹായകമാകും.

പീറ്റർ – പീറ്റർ സന്തുഷ്ടനായ ഒരച്ഛനോ ഭർത്താവോ അല്ല. ഒപ്പം ബാങ്കുജീവനക്കാരന്റെ സംഘർഷങ്ങൾക്കും അയാൾ വിധേയനാണ്. മകനെക്കുറിച്ച് പ്രിൻസിപ്പൽ ഫോണിൽ വിളിച്ചു പറഞ്ഞകാര്യങ്ങൾ അയാളെ അസ്വസ്ഥനാക്കുന്നുണ്ട്.

'ഒരു അച്ഛൻ തന്റെ മകനെക്കുറിച്ചോർത്ത് വ്യാകുലനാകുന്ന ത്രയും തന്നെ തന്റെ അച്ഛനെയോർത്ത് ഒരു മകനും വേദനി ക്കുന്നുണ്ടെന്ന് പീറ്റർ മനസിലാക്കണം.' എന്ന ഫാദർ ഗോൺസാ ലസിന്റെ വാക്കുകൾ അയാളെ ഒരാത്മപരിശോധയ്ക്കു നിർബ ന്ധിച്ചു. 'ഇനി കുറെ നാളത്തേയ്ക്ക് ആബേലിന്റെ കാര്യങ്ങൾ ശ്രദ്ധിക്കലാണ് എന്റെ ജോലി' എന്നതീരുമാനം പീറ്ററിന് വലി യൊരു സ്വാതന്ത്ര്യം നൽകി. പക്ഷേ അയാളെ അലട്ടുന്നത് കാമു കി നീനയാണ്. വിദേശത്തായിരുന്ന അവളുടെ ഭർത്താവ് നാട്ടി ലെത്തിയതും അദ്ദേഹത്തിന് ചില സംശയങ്ങൾ തോന്നിയ തുമെല്ലാം പീറ്ററിന്റെ സമനിലതെറ്റിച്ചിരിക്കുകയാണ്. ഫാദർ ഗോൺസാലസിന്റെ കൺസൾട്ടിങ്മുറിയിലെ ചുമരിൽ തൂക്കി യിട്ടിരിക്കുന്ന യിസഹാക്കിനെ ബലി നൽകാൻ തീയും വിറകു മായി എബ്രഹാം തയ്യാറെടുക്കുന്ന ചിത്രം പീറ്ററിന്റെ മാനസീ കഭാവത്തിന്റെ പ്രതിബിംബമാണ്. താൻ ആർക്കുവേണ്ടി എന്തി നുവേണ്ടി തന്റെ മകനെ ബലിവസ്തുവാക്കുന്നു എന്ന് ചിന്തി ക്കാനുള്ള വിവേകം ഇപ്പോൾ അയാൾക്കില്ല. എല്ലാപിഴക ൾക്കും കാരണം ആബേലാണെന്ന മട്ടിലാണ് അയാൾ അവ നോട് പെരുമാറിയത്. ഏതുവിധേനെയും തന്റെ സൽപേര് നഷ്ട പ്പെടാതെ സൂക്ഷിക്കുക എന്നത് ഇപ്പോൾ അയാളുടെ ആവശ്യ മാണ്. കാമുകിയുടെ നിർത്താതെയുള്ള മെസേജുകളും ഫോ ൺവിളികളും ഭീഷണികളും കുറ്റപ്പെടുത്തലുകളും അയാളെ ഭാരപ്പെടുത്തുന്നു. ഇതിൽ നിന്നും എന്തുവിലകൊടുത്തും രക്ഷപ്പെടാനുള്ള ശ്രമമാണ് പിൻകഴുത്തിൽ കൈ ചുറ്റിപ്പിടിച്ചു കൊണ്ട് ദേഹത്തേയ്ക്കുകയറിയ ആബേലിനെ കുടഞ്ഞെറി യുന്നത്.

തെരേസ – ഒരമ്മയുടെയോ ഭാര്യയുടെയോ കടമകൾ ഭംഗിയായി നിർവ്വഹിക്കാൻ കഴിയാത്ത സ്ത്രീയാണ് തെരേസ. ഭക്തിയുടെ മൂടുപടം കൊണ്ട് തന്റെ ഉത്തരവാദിത്വങ്ങളും കടമകളും മറയ്ക്കാൻ അവർ ശ്രമിക്കുന്നു. ആബേലിനെ ദൈവത്തിന് വലിയ ഇഷ്ടമായിരുന്നു എന്ന് അവൾ ആബേലിനെ പറഞ്ഞ് പഠിപ്പിക്കുന്നു. ‘ദൈവത്തിന് ആബേലിനെ വലിയ ഇഷ്ടമായിരുന്നു അല്ലേ മമ്മ  ആബേൽ ചോദിച്ചു

അതേ മോനെ, വലിയ ഇഷ്ടമായിരുന്നു.... എന്തെങ്കിലും സംശയമുണ്ടെങ്കിൽ മഴ മാറുമ്പോ ആകാശത്തേക്ക് നോക്കിയാൽ മതി. മഴവില്ല് കാണും അതാണ് ദൈവത്തിന്റെ ഉടമ്പടി.’ മകനെ ദൈവാശ്രയബോധത്തിൽ വളർത്താനും  തെരേസ ശ്രദ്ധിച്ചിരുന്നു. സംഘടനകളുടേയും പ്രസ്ഥാനങ്ങളുടേയും പേരിൽ ഉത്തരവാദിത്വങ്ങൾ മറക്കുന്ന ആധുനിക സ്ത്രീത്വത്തിന്റെ പ്രതീകമാണവൾ.

ആബേൽ – അച്ഛന്റേയും അമ്മയുടേയും സ്നേഹവും കരുതലും ലഭിക്കാത്തതിന്റെ പ്രതിഷേധം അറിഞ്ഞോ അറിയാതെയോ സ്കൂളിൽതീർക്കുന്ന കഥാപാത്രമാണ് ആബേൽ. ഏലിയൻസിനൊപ്പം അവൻ കല്പിക്കുന്ന സങ്കൽപലോകമല്ലാതെ അവനു സന്തോഷം പകരുന്ന മറ്റൊരു ലോകമില്ല. ഗേറ്റിനു മുന്നിൽ നിർത്തുന്ന മഞ്ഞനിറമുള്ള സ്കൂൾ ബസ്സിൽ നിന്നിറങ്ങി, മുഷിഞ്ഞ യൂണിഫോമും പൊടിപിടിച്ച ഷൂസുമായി അവൻ വീട്ടിലെത്തുമ്പോൾ അവന്റെ കൊച്ചുലോകത്തിലെ വിശേഷങ്ങൾ ചോദിക്കാനോ കേൾക്കാനോ വീട്ടിൽ ആരുമില്ല. പപ്പായും മമ്മയും അവരുടെ ലോകത്താണ്. പാൽഗ്ലാസ്സിനും ബിസ്ക്കറ്റിനുമൊപ്പം സ്കൂളിൽനിന്നും കിട്ടിയ റിപ്പോർട്ടനുസരിച്ച് രണ്ടു പേരുടെയും വക ശകാരമുണ്ടാകും.

ശകാരം ഭയന്ന് മുറിയിൽകയറി ഇരുന്നാലോ ആരും പിന്നാലെ വരില്ല അന്വേഷിക്കില്ല. അപ്പോഴാണ് ഏലിയൻസ് അവനെ കൊണ്ടുപോകാൻ വരുന്നത്. പഠിക്കാൻ മോശമായതിനാൽ അധ്യാപികയിൽനിന്നും സ്വഭാവം മോശമായതിനാൽ സഹപാഠികളിൽ നിന്നും അവന് പരിഹാസമേൽക്കേണ്ടി വരുന്നു. അപ്പോഴൊക്കെ 'ക്ലാസ്സിലല്ലെന്നും ഏലിയൻസിന്റെകൂടെ ദ്വീപിലാണെന്നും ഈ ശവബ്ദമെല്ലാം അവിടുത്തെ മൃഗങ്ങളുടേതാണെന്നും വിശ്വസിക്കാൻ ശ്രമിച്ച് ക്ലാസ്സിന്റെ ഏറ്റവും പിന്നിൽ പോയിനിന്നു. ഫാദർ ഗോൺസാലസിനോട് ആബേൽ പറയുന്ന വാക്കുകൾ അവന്റെ അന്തസംഘർഷത്തിന്റെ കരകവിഞ്ഞൊഴുകലാണ്.' ആബേൽ നല്ല കുട്ടിയായി ഗുഡ് ഗ്രേഡൊക്കെ വാങ്ങിച്ചാൽ പപ്പയും മമ്മയുംമൊക്കെ എത്ര ഹാപ്പിയാകും എന്നറിയാമോ എന്ന് ഫാദർ ചോദിക്കുമ്പോൾ ഹാപ്പിയാകില്ല എന്നാണവന്റെ മറുപടി. 'ഞാൻ എല്ലാത്തിനും എ ഗ്രേഡ് വാങ്ങിച്ചാൽ എ പ്ലസ് കിട്ടാത്തതിന് വഴക്കുപറയും എ പ്ലസ് കിട്ടിയാൽ പറയും ആർട്ട് ഫെസ്റ്റിവലിൽ ഫസ്റ്റായില്ലെന്ന്.' കുടുംബബന്ധത്തിന്റെ ശൈഥില്യം മൂലം ഞെരുക്കപ്പെടുന്ന ബാല്യത്തിന്റെ പ്രതിരൂപമായി ആബേൽ മാറുന്നു. പീറ്ററിന്റെയും തെരേസായുടേയും സ്വാർത്ഥതാല്പര്യങ്ങൾക്കുള്ള വിലയായി ആബേലിനെ കാണാം.

മിസ്സ് ആൻ - മറ്റൊരു കഥാപാത്രമായ മിസ്സ് ആൻ കുട്ടികളെ മനസ്സിലാക്കുന്ന ഒരദ്ധ്യാപികയല്ല. അധ്യാപനം അവർക്കൊരു തൊഴിൽ മാത്രമാണ്. ഒരു പ്രൈമറിസ്കൂൾ വിദ്യാർത്ഥിയ്ക്കു കൊടുക്കേണ്ട ശ്രദ്ധ അവർ ആബേലിനു കെടുക്കുന്നില്ല. ക്ലാസ്സിൽ ഒറ്റപ്പെടുന്ന കുട്ടിയെ അവന് താങ്ങാവുന്നതിൽ കൂടുതൽ മാനസീക സംഘർഷമേല്പിക്കുന്ന അധ്യാപി

കയാണ് മിസ്സ് ആൻ. 'ആനമുട്ടയിലും വലിയ എന്തെങ്കിലും ഉണ്ടെങ്കിൽ കൊടുക്കേണ്ട രീതിയിൽ കണക്കുപരീക്ഷ എഴുതിയവൻ' ഇത്തരത്തിൽ മിസ്സ് ആബേലിനെ കളിയാക്കിയപ്പോൾ ക്ലാസ്സ് കോറസ് പാടി . പ്രൈമറിസ്കൂൾ വിദ്യാർത്ഥികളുടേതിൽ വലിയവ്യത്യാസമില്ലാത്ത നിലവാരമാണ് ഈ അധ്യാപികയുടേതും.

ഒരു പ്രൈമറിസ്കൂൾ വിദ്യാർത്ഥി അഭിമുഖീകരിക്കേണ്ടിവരുന്ന അന്ത:സംഘർഷങ്ങൾ വായനക്കാരിലേയ്ക്കു പകരാൻ ഈ കഥയ്ക്കാവുന്നുണ്ട്. വീട്ടിലെത്തിയാൽ അണുകുടുംബമായതിനാൽ പപ്പയും മമ്മയുമല്ലാതെ ആരും കുട്ടിയുടെ ലോകത്തില്ല. കഥയിൽ പീറ്ററിന്റെ വിവാഹേതര ബന്ധമാണ് കുട്ടിയോടൊപ്പം സമയംചിലവഴിക്കുന്നതിന് അയാൾക്കുതടസ്സം. കാമുകിയാകട്ടെ രണ്ടുകുടുംബം തകർക്കാനും തയ്യാറാണ്. ഉപഭോഗസംസ്ക്കാരത്തിന്റെ പ്രതിനിധിയാണവൾ. മാതാപിതാക്കളുടെ വഴിവിട്ടജീവിതം കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ വരുത്തുന്ന പിഴവുകൾ ഈ കഥയിൽ ഉള്ളടങ്ങുന്നു. വിവാഹേതര ബന്ധങ്ങൾ നിമിത്തം കുടുംബം തകരുമ്പോൾ ബലികഴിക്കപ്പെടുന്നത് കുട്ടികളാണ്. തെരേസ മുഴുവൻ സമയവും ദൈവത്തിന്റെ കാര്യവും നോക്കി നടക്കുന്നതിൽ പീറ്ററിന് അതൃപ്തിയുണ്ട്. എന്നാൽ അതിന് തക്കതായ കാരണങ്ങളുണ്ടെന്നാണ് അവളുടെ മറുപടി.

ബൈബിളിലെ ഉൽപത്തി പുസ്തകത്തിലെ ആബേലിന്റെയും കായേന്റേയുംകഥ ഈ കഥയുടെ അന്തർധാരയായി വർത്തിക്കുന്നത് കാണാം. ഒരിയ്ക്കൽ ആബേലും കായേനും ദൈവത്തിനു ബലിയർപ്പിച്ചു. ആബേലിന്റെബലി ദൈവത്തിനു സ്വീകാര്യമായി. കായേന്റെ ബലിയിൽ ദൈവം പ്രസാ

ദിച്ചില്ല. കായേനാകാതിരിക്കുക എന്നത് ആബേൽ അനുഭവിക്കുന്ന ഒരു സ്വത്വസംഘർഷത്തിന്റെ ഭാഗമാണ്. ആബേൽ ആകുക, കായേനാകാതിരിക്കുക എന്നത് ഓരോ മനുഷ്യനും അതിജീവനത്തിന്റെ വഴികളിൽ നേരിടുന്നൊരു സമസ്യയാണ്. വ്യക്തിയുടെ കഥയായും മാനവീകതയുടെ പുനരാഖ്യാനമായും ഈ കഥമാറുന്നു.

**അവലംബം.** *ഓർമ്മച്ചിപ്പ് , കെ.വി. പ്രവിൺ ,*
*ഡി.സി.ബുക്സ് കോട്ടയം, 2017.*

# വീണ്ടും ഇര തേടുന്നവർ

രശ്മിമോൾ സുരേഷ്

കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ അതിഗൗരവപൂർവമായ അന്തരീക്ഷത്തിൽ അവതരിപ്പിക്കുന്ന ഒരു കഥാകൃത്താണ് എൻ. എസ് മാധവൻ. ഉത്തരാധുനിക കഥയുടെ ശക്തികേന്ദ്രമാണ് അദ്ദേഹം. സമൂഹത്തിൽ നടമാടുന്ന പ്രശ്നങ്ങളുടെ സചിത്രവിവരണമാണ് എൻ. എസ് മാധവന്റെ കഥകൾ. സാധാരണക്കാരാണ് ഇദ്ദേഹത്തിന്റെ കഥകളിലെ കഥാപാത്രങ്ങൾ. കഥാപാത്രങ്ങൾക്ക് കഥയിൽ അതിന്റേതായ സ്ഥാനം കൽപ്പിച്ചുകൊടുക്കാൻ എൻ.എസ് മാധവനു കഴിഞ്ഞിട്ടുണ്ട്. സാമൂഹിക പ്രതിബദ്ധത ഇദ്ദേഹത്തിന്റെ കഥയുടെ മുഖമുദ്രയാണ്.

എൻ. എസ് മാധവൻ എഴുതിയ ഏറ്റവും പുതിയ കഥയാണ് 'പാല് പിരിയുന്ന കാലം'. കാലിക പ്രസക്തിയുള്ള വിഷയം കൈകാര്യം ചെയ്യുന്ന കഥയാണിത്. വർത്തമാനകാല ഇന്ത്യയുടെ രാഷ്ട്രീയവശങ്ങളെ സൂക്ഷ്മമായി നോക്കിക്കാണുന്ന

കഥയാണിത്. വർഗീയതയും വംശീയതയും ആൾക്കൂട്ടക്കൊലയും മനുഷ്യജീവിതത്തെ എപ്രകാരം ബാധിക്കുന്നു എന്ന് അടയാളപ്പെടുത്തുന്ന കഥയാണിത്. ഒരു രോഗിയും കേരളീയനുമായ സാബു എന്നുപേരുള്ള ചെറുപ്പക്കാരൻ തന്റെ ശരീരത്തിൽ നിന്നു മുറിച്ചുമാറ്റിയ മാംസം ഡൽഹിയിലെ ആശുപത്രിയിൽ വിശദപരിശോധനയ്ക്കായി കൊണ്ടുപോകുന്നതിനായി 12615-ചെന്നൈ ന്യൂഡൽഹി ട്രെയിനിൽ കയറുന്ന രംഗത്തോടെയാണ് 'പാല് പിരിയുന്ന കാലം' എന്ന കഥ ആരംഭിക്കുന്നത്. തിരക്കു കുറഞ്ഞ ഒരു റെയിൽവേ സ്റ്റേഷനായിരുന്നു അത്. ആളൊഴിഞ്ഞു കിടക്കുന്ന എസ്.4 കോച്ചിന്റെ വാതിലിനു മുൻപിൽ കഥാനായകനായ സാബു ചെന്നെത്തുന്നു.പോർട്ടറുടെ വരവിനായി സാബു കാത്തിരിക്കുന്നു. പോർട്ടറുടെ കൈയിൽ പിടിച്ച് സാബു കോച്ചിൽ കയറി. വെളിച്ചമില്ലാത്ത ട്രെയിനിൽ തന്റെ സീറ്റ് നമ്പർ അന്വേഷിച്ചു സാബു നടക്കുന്നു. പോർട്ടർ അവിടെയും രക്ഷകനായി എത്തി സാബുവിനെ സീറ്റിൽ ഇരുത്തുന്നു. ആ സീറ്റിൽ ഇരിക്കുമ്പോൾ താൻ വിളിക്കാതെ വന്ന അതിഥിയായും പെട്ടെന്ന് തന്നെ ഇരുട്ട് ബാധിക്കുന്നതായും അയാൾക്ക് തോന്നുന്നു.ഈ ഇരുട്ട് നിരവധി സന്ദർഭങ്ങളിൽ സാബുവിന് അനുഭവപ്പെടുന്നുണ്ട്. ഒരുപാട് നേരത്തിന് ശേഷമാണ് സാബു തന്നിലേയ്ക്ക് മടങ്ങിവന്നത്. രോഗബാധിതനായതിന്റെ ക്ഷീണം അയാളെ വേട്ടയാടുന്നുണ്ടായിരുന്നു. സാബുവും ഒരു പെൺകുട്ടിയും കൂടാതെ ഒരു യാത്രക്കാരിയുമായിരുന്നു ആ കമ്പാർട്ട്മെന്റിലെ യാത്രക്കാർ. പെൺകുട്ടി തന്നെ നോക്കുന്നതായി സാബുവിന് തോന്നി. ജീൻസും ഷർട്ടും ധരിച്ച പെൺകുട്ടി സാർ എന്ന് തന്നെ വിളിച്ചപ്പോൾ മാത്രമാണ് അയാൾ അവളെ കൂടുതൽ ശ്രദ്ധിച്ചത്. പെൺകുട്ടിയോട് നിങ്ങളുടെ ആഗ്രഹം എന്താണെന്ന് ചോദിക്കുമ്പോൾ അവൾ

തനിക്കാവശ്യം ഈ ലോവർസീറ്റാണെന്ന് പറയുന്നു.അത് പ റ്റില്ല എന്ന് സാബു  കൈയുയർത്തി പറഞ്ഞു. എന്ത് പറ്റില്ലെ ? നിങ്ങൾ ചോദിക്കാൻ പോകുന്ന കാര്യം,ഞാൻ എന്താണ് ചോ ദിക്കാൻ പോകുന്നതെന്നാണ് സാർ വിചാരിക്കുന്നത് -സാബു പറഞ്ഞു ലോവർ ബർത്തല്ലെ തനിക്കാവശ്യം. അതെ എന്ന് അവൾ വ്യക്തമാക്കി. വളരെ അക്ഷമയായാണ്  അവൾ മറുപടി പറഞ്ഞത്. ഈ പെൺകുട്ടിയുടെ സാന്നിധ്യം കഥാഗതിയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നു. ഇതിനിടയിൽ തന്റെ രോഗാവസ്ഥയെക്കുറിച്ച് സാബു പറയുന്നുണ്ട്. അതിനിടയിൽ ഒരു ലോവർ ബർത്തു തരാതെ തന്നെ പ്രതിസന്ധിയിലാക്കിയ സാബുവിനോട് പെൺകുട്ടി താൻ കണ്ടതിൽ വച്ചിട്ട് ഏറ്റവും ദുഷ്ടനായ മനുഷ്യൻ നിങ്ങളാണെന്നു പ്രഖ്യാപിക്കുന്നുണ്ട്. എനിക്ക് നിങ്ങളെ കൊല്ലാനുള്ള ദേഷ്യമുണ്ട്. അല്ല ഞാൻ നി ങ്ങളെ കൊല്ലുകതന്നെ ചെയ്യും. പോ പെണ്ണെ പോയി കിടന്നു റങ്ങാൻ സാബു പറയുന്നു. ഒടുവിൽ ഇരുവരും ഉറങ്ങാൻ കി ടക്കുന്നു. സാബുവിന്റെ ഫോണിലേയ്ക്ക് അയാളുടെ പഴയ കാല സുഹൃത്തായ കാമുകി വിളിക്കുന്നു.രോഗാവസ്ഥയെപ്പറ്റി തിരക്കുന്നു. മൃണാളിനി എന്നാണ് അവളുടെ പേര്. സാബു വിന്റെ ഓപ്പറേഷൻ കഴിഞ്ഞ ശേഷമാണ് കാര്യങ്ങൾ അറിയു ന്നതെന്ന് അവൾ പറയുന്നു. ദിവസവും അമ്പലത്തിൽ പോകു ന്ന നിന്റെ അമ്മയുടെ പുണ്യമാണ്. ഇനിയുള്ള ചികിത്സ ദില്ലി യിൽ, അത് ഞാൻ ജോലിചെയ്യുന്ന ആശുപത്രിയിലാണ് നട ക്കാൻ പോകുന്നത്. സാബുവിന്റെ ശസ്ത്രക്രിയയുമായി ബന്ധ പ്പെട്ട സ്കാനിങ്ങും മറ്റും സിനിമ കാണുന്ന ലാഘവത്തോടെ താൻ കേട്ട കാര്യം മൃണാളിനി അറിയിക്കുന്നു.

നിദ്രയിൽ നിന്ന് പട്ടികളുടെ കുരകേട്ടാണ് സാബു ഉണ രുന്നത്. പട്ടികളുടെ ശല്യം സഹിക്കാനാവാതെ വന്നപ്പോൾ

നാം മുമ്പുകണ്ട പെൺകുട്ടി അൽക്കനേഹി പോലീസുകാരോട് പരാതിപ്പെടുന്നു. എന്നാൽ ഈ പ്ലാറ്റ്ഫോം അവർക്കു കൂടിയുള്ളതാണെന്ന് അയാൾ പ്രഖ്യാപിക്കുന്നു. തന്നെ അൽക്ക എങ്ങനെ കൊല്ലുമെന്നു ചോദിച്ചപ്പോൾ അവൾ പാല് പിരിയുന്നതിന് കാരണമായ അണുക്കളെപറ്റി പറയുന്നുണ്ട്. ആ അണുക്കൾ അന്തരീക്ഷത്തിൽ വ്യാപിക്കുന്നതിന്റെ ഫലമായിട്ടാണ് പാല് പിരിയുന്നതെന്ന് അവൾ പറഞ്ഞുവയ്ക്കുന്നു. പെട്ടെന്ന് സാബുവിനെ ഏതാനും പേർ വളയുന്നു. പട്ടിയുടെ കുരകേട്ടാണ് ആളുകൾ കൂടിയത്. പട്ടികൾ എന്തിന്റേയോ മണം പിടിക്കുന്നു. ആളുകൾ സാബുവിന്റെ ബാഗ് പരിശോധിക്കുമ്പോൾ ഒരു കുപ്പി കിട്ടുന്നു. ആ കുപ്പിയിൽ സ്പിരിറ്റിലിട്ട മാംസകഷണം അവർ കാണുന്നു. 'ഇത് മാംസമാണല്ലോ അതും സ്പിരിറ്റിലിട്ടത്' അവർ കൂടുതൽ പ്രകോപിതരായി. അൽക്കനേഹി സാബുവിന്റെ പേരും ഊരും പറഞ്ഞു പരിചയപ്പെടുത്തുന്നുന്നു.ഈ രംഗത്തോടെ സാബുവിന്റെ മേലുള്ള പിടി മുറുകുന്നു. പേര് സാബു നാട് കേരളം, പറ ഇത് എന്തിന്റെ ഇറച്ചിയാണ്. എന്ന് ആൾക്കുട്ടത്തിൽ ഒരാൾ ചോദിക്കുകയും അതേസമയം അടി സാബുവിൽ പതിക്കുകയും ചെയ്യുന്നു. വേറെ ഒരാൾ നിന്റെ ഇറച്ചി ഇത്കൊണ്ട് റോസ്റ്റ് ഉണ്ടാക്കിയാൽ സ്വാദുകൂടുമോ ? എന്ന് ചോദിക്കുന്നു. ഇത് തന്റെ ഇറച്ചിയാണ്. സത്യമായിട്ടും തന്റെ ഇറച്ചിയാണ് എന്ന് സാബു പറഞ്ഞിട്ടും ആരും ചെവിക്കൊണ്ടില്ല. പോലീസുകാർ ഇടപെട്ടിട്ടും സാബുവിനെ ജനക്കൂട്ടത്തിൽനിന്നും രക്ഷിക്കാൻ കഴിഞ്ഞില്ല.ഗോമാംസം കടത്തിയ കുറ്റത്തിന് സാബുവിനെ ആൾക്കൂട്ടം വിചാരണ ചെയ്തു.വിചാരണയ്ക്കൊടുവിൽ തന്റെ ശരീരത്തിൽനിന്നും ഒലിച്ചിറങ്ങുന്ന ചോരയുടെ പശിമ അയാൾ തിരിച്ചറിഞ്ഞു. അൽക്കനേഹി തന്റെ കൊലപാതകം നടത്തിയെന്ന് അയാൾ

മനസ്സിലാക്കുന്നു. എപ്പോഴും അയാളെ ബാധിക്കുന്ന ഇരുട്ട് എന്നെന്നേക്കുമാണെന്ന് സാബുവിന് തോന്നി.

ഗോമാംസവുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ അരങ്ങേറിയ പ്രശ്നങ്ങളുടെ പ്രതിനിധി മാത്രമാണ് സാബു. അപരാധിയ ല്ലാതെ അപരാധിയായി മാറേണ്ടി വരുന്ന ഒരു നിസ്സഹായനായി സാബു മാറുന്നു. തന്റെ മാംസമാണ് എന്ന് വിളിച്ചു പറഞ്ഞിട്ടും ആരും വിശ്വസിക്കുന്നില്ല. പശുവിനെ ദൈവതുല്യമായി ആരാ ധിക്കുന്ന ഭാരതീയ സമൂഹത്തിൽ ഗോവധവും ഗോമാംസ വിൽ പ്പനയും നിരോധിച്ചിരിക്കുന്ന ഒരു കാലത്ത് നടക്കുന്ന ഒരു സംഭ വമാണ് ഈ കഥയ്ക്ക് ആധാരം. മനുഷ്യജീവന് വിലകൽപ്പി ക്കാത്ത രാഷ്ട്രീയ സ്ഥിതിവിശേഷത്തിലേയ്ക്ക് വിരൽ ചൂണ്ടു കയാണ് കഥാകൃത്ത്.

രാഷ്ട്രീയ തന്ത്രം എന്ന നിലയിൽ അവതരിപ്പിച്ചത് പിന്നീട് ചിലർ ഒരു നിയമമായി മാറ്റുകയായിരുന്നു. ഈ നിയമത്തിനു പിന്നിലും നാം കാണാത്തതായി ചില നിഗൂഢ ലക്ഷ്യങ്ങൾ അന്തർലീനമായിരിക്കുന്നു. ഗോവധവും ഗോമാംസ വിൽപ്പന നിരോധനവും ഒരു ഹിന്ദുരാഷ്ട്രം പണിതുയർത്തുന്നതിനുള്ള കരുനീക്കമായി കാണാം. 'ഗോമാതാ' ആരാധന ഹിന്ദുമതവു മായി ബന്ധപ്പെട്ട് നിൽക്കുന്നു. ഈ നിയമങ്ങളിലൂടെ ഒരുപാട് പേർ വേട്ടയാടപ്പെട്ടു. അതിൽ ഇരയായി മാറേണ്ടിവന്ന ഒരു നിർഭാ ഗ്യവാനാണ് സാബു. വർഗീയതയും വംശീയതയും ആൾക്കൂട്ട ക്കൊലയും എല്ലാം ഈ സംഭവവുമായി ബന്ധപ്പെട്ട് നിൽ ക്കുന്നു. ഒരു മനുഷ്യനെ അതോടൊപ്പം രോഗിയുമായ ഒരാളെ വർഗീയതയുടെയും വംശീയതയുടെയും പേരിലോ ആൾക്കൂട്ട ക്കൊല ചെയ്യുന്ന ദയനീയ ചിത്രം ഈ കഥയിൽ കാണാം.

വർത്തമാനകാല ഇന്ത്യയുടെ സജീവ ചിത്രീകരണം ഈ കഥയിൽ കാണാൻ സാധിക്കുന്നു. ഒരു കേരളീയനായതു കൊണ്ട് അപരാധിയാകേണ്ടിവന്ന ഒരു വ്യക്തിയാണ് സാബു. തന്റെ പേര് സാബു,നാട് കേരളം, പറ ഇതെന്ത് ഇറച്ചി? ഇതു പറയുന്നതോടെ ആൾക്കൂട്ടത്തിൽ ഒരാൾ സാബുവിനെ തല്ലുന്നു. ഇവിടെ ഒരു മനുഷ്യൻ മറുനാട്ടുകാരനായതുകൊണ്ട് കുറ്റ ക്കാരനായി മാറുന്നു. ഇതെന്റെ ഇറച്ചിയാണ് എന്ന പറഞ്ഞിട്ടും ആരും ചെവിക്കൊണ്ടില്ല. ഒരു രക്തസാക്ഷിയെ സൃഷ്ടിക്കാ നുള്ള തിടുക്കം ഇവരിൽ കാണാം.സ്വന്തം മാംസം പോലും തന്റേതല്ല എന്നു കേൾക്കേണ്ടിവരുന്ന സാബുവിന്റെ ദയനീയാ വസ്ഥ ഇവിടെ കാണാം. എല്ലാത്തിനും സാബു സാക്ഷിയായി. നിന്റെ ഇറച്ചി ഇതുകൊണ്ട് റോസ്റ്റ് ഉണ്ടാക്കിയാൽ നല്ല സ്വാദാ ണല്ലേ? എന്ന് ഒരാൾ ചോദിക്കുന്നുണ്ട്. മനുഷ്യമാംസം പോലും മൃഗമാംസമായി മാർക്കറ്റിൽ നിറയുന്ന വാർത്തകൾ നാം നി ത്യേന കേൾക്കുന്നുണ്ട്. ഈ ചോദ്യം ആ വാർത്തയെ ഓർമ്മ പ്പെടുത്തുന്നതാണ്. എന്നാൽ ആൾക്കൂട്ട വിചാരണയിൽ നിന്ന് പോലീസുകാർ സാബുവിനെ രക്ഷിക്കാൻ ശ്രമിച്ചിട്ടും അത് വിഫലമായി മാറുന്നു. റെയിൽവെ സ്റ്റേഷനിൽ അലഞ്ഞുതിരി ഞ്ഞു നടക്കുന്ന നായകൾക്കു കൊടുക്കുന്ന പരിഗണന പോലും സാബുവിന് ലഭിക്കാതെ വരുന്നു.അക്രമ രാഷ്ട്രീയ ത്തിന്റെ ഏറ്റവും ഭീകരമായ അവസ്ഥയെ ഇത് ചിത്രീകരി ക്കുന്നു. വർഗീയത ഇന്ന് രാഷ്ട്രീയ വ്യവസ്ഥയുടെ ഒരു രഹസ്യ കരുനീക്കമാണ്. തന്റെ ഡിസ്ചാർജ് ചീട്ടുകാണിക്കാം എന്നു പറഞ്ഞിട്ടും ആരും അത് വകവെയ്ക്കുന്നില്ല. അക്രമരാഷ് ട്രീയം തഴച്ചുവളരുന്നതിനുള്ള ഏറ്റവും ഫലഭൂയിഷ്ടമായ മണ്ണ് ഇന്ത്യയാണ്.

ഗോമാംസ നിരോധനം ഇന്ന് ശക്തമാണ്. ഇന്ത്യയുടെ പല ഭാഗത്തും ഇത് പ്രാബല്യത്തിൽ വന്നതോടെ നിരവധിപ്പേർ ആൾക്കൂട്ട വിചാരണയ്ക്ക് ഇരയാകുന്നു. ഗോമാംസം കഴിക്കുന്നത് കൊലപാതകത്തേക്കാൾ വലിയ കുറ്റമായി കാണുന്ന സമകാലിക ഇന്ത്യയിലെ പശുവാദക്കാർ 'സംശയാസ്പദമായ' സാഹചര്യങ്ങളിൽ കാണുന്നവരെ നിർദാക്ഷിണ്യം കൊലപ്പെടുത്തി തങ്ങളുടെ വിശ്വാസ സംരക്ഷണത്തിന് ഉദാത്തമാതൃക കാണിച്ചുതരുന്നു ?!! വികലവും മനുഷ്യത്യരഹിതവുമായ ഇത്തരം ചിന്താധാരകൾ ഇന്ത്യയുടെ മതേതരത്വത്തിന് കനത്ത ആഘാതം സൃഷ്ടിക്കും. ഗോമാംസം കൈയിൽ കൊണ്ടുനടക്കുന്നത് ഏറ്റവും വലിയ കുറ്റമായി ഇന്ന് മാറുന്നു. ഇവിടെ പരോക്ഷമായ വിപണന മാർക്കറ്റിംഗ് തന്ത്രങ്ങളും നടമാടുന്നുണ്ട്.ഗോപരിപാലന യജ്ഞത്തിന്റെ ഫലമായി വർത്തമാന ഇന്ത്യയിൽ അരങ്ങേറുന്ന പ്രശ്നത്തിന്റെ ബാക്കിപത്രമായി മാറുകയാണ് സാബുവിന്റെ ജീവിതം. സ്വന്തം മാംസത്തിനുപോലും ഒരാൾ അവകാശിയല്ലാതെയാകുന്നു. ആൾക്കൂട്ട വെറിയുടെ രക്തസാക്ഷിയാണ് സാബു. സമകാലിക ഇന്ത്യയുടെ സചിത്രവിവരണമാണ് എൻ.എസ് മാധവന്റെ പാല് പിരിയുന്ന കാലം എന്ന കഥയിലൂടെ ആലേഖനം ചെയ്യുന്നത്. പാലു പിരിയാൻ കാരണമായ അണുക്കൾ നിരവധി പെറ്റുപെരുകുന്നതുപോലെ വർഗ്ഗീയവാദത്തിന്റെ വിഷാണുക്കൾ മാനുഷിക മൂല്യങ്ങൾക്ക് യാതൊരു വിലയും കൽപ്പിക്കാതെ പെറ്റുപെരുകുന്നു. മനുഷ്യജീവിതത്തിന് യാതൊരു വിലയും കൽപ്പിക്കാതെ മൃഗസംരക്ഷണത്തിനു ചുക്കാൻ പിടിക്കുന്ന വർഗ്ഗീയവാദികളുടെ നേരെ വിരൽചൂണ്ടുന്ന കഥയായി പാല് പിരിയുന്ന കാലം എന്ന കഥയെ ചേർത്തു വായിക്കാം.

# സാറാ ജോസഫിന്റെ 'നീ': ഒരു വിശകലനം

ആര്യ വിജയൻ

സ്ത്രീ ജീവിതത്തിന്റെ അറിയപ്പെടാത്ത അനുഭവമേഖലകൾ തുറന്നു കാണിച്ചാണ് സാറാ ജോസഫ് മലയാളസാഹിത്യത്തിൽ ശ്രദ്ധേയയായ എഴുത്തുകാരിയായി മാറിയത്. സ്ത്രീകളുടെ പ്രശ്നങ്ങൾ മാത്രമല്ല, നിരാലംബരായ ഒരുപറ്റം ജനതയുടെ കണ്ണീരും തന്റെ തൂലികയിലൂടെ പകർത്തി. പ്രാന്തവത്കരിക്കപ്പെട്ട ജനതയുടെ ജീവിത യാഥാർത്ഥ്യങ്ങളിൽ നിന്നും ഇതൾവിരിയുന്ന അനേകം കഥകൾ സാറാ ജോസഫ് രചിച്ചിട്ടുണ്ട്. സമകാല നാഗരിക ജീവിതത്തിൽ മനുഷ്യത്വരാഹിത്യത്തിന്റെ നേർക്കാഴ്ച്ചയാണ് 'നീ'.

സമൂഹം എങ്ങനെ ഒരു വ്യക്തിയിൽ കുറ്റാരോപണം നടത്തി, ആൾക്കൂട്ട വിചാരണയ്ക്ക് വിധേയമാക്കുന്നുവെന്നും, നിരപരാധി എങ്ങനെ കുറ്റവാളിയായി മാറുന്നുവെന്നും കേവലം രണ്ടു കഥാപാത്രങ്ങളിലൂടെ കഥാകാരി നമ്മെ കാണിച്ചു തരുന്നു.

അടക്കിവച്ച നിശബ്ദത ഒരാൾ ചോദ്യം ചെയ്യുമ്പോൾ കാരണം കിട്ടാത്തതിനാലാണ് തെറ്റുകാരനായി മുദ്രകുത്തപ്പെടുന്നത്. നാഗരികമായ അന്തരീക്ഷത്തിൽ പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാതെ ഒരാൾ ഇരിക്കുന്നു. അയാളെ നിരീക്ഷിച്ചുകൊണ്ട് മറ്റൊരാളും. അയാളുടെ കൈയ്യിൽ ഒരു 'കല്ലുമുണ്ട്'. അപരിചിതനായ ഒരാളെ കുറേസമയം ഒരുസ്ഥലത്ത് കണ്ടാൽ സംശയം തോന്നുന്നതു മനുഷ്യന്, മനുഷ്യനോടുള്ള വിശ്വാസരാഹിത്യമാണ് കാണിച്ചുതരുന്നത്. നാഗരികമായ ചുറ്റുപാടും, പുത്തൻ ജീവിതശൈലിയും സംസ്കാരമാറ്റത്തിന്റെ പ്രതീകമായാണിവിടെ നിലനിൽക്കുന്നത്. തിരക്കേറിയ ജീവിതം സ്വന്തം സ്വകാര്യതയിലേയ്ക്ക് തന്നെ മനുഷ്യനെ തളച്ചിടുന്നു. അവിടെ പരിമിതമായി മാത്രം മറ്റൊരാളുമായി സമ്പർക്കം വച്ചുപുലർത്തുന്നു. അതുകൊണ്ടുതന്നെ അപരിചിതനെ സംശയദൃഷ്ടിയാൽ നോക്കിക്കാണാൻ കഴിയുന്നുള്ളു. ഇങ്ങനെ നോക്കാൻ പ്രേരിപ്പിക്കുന്ന ഘടകം ഭയമാണ്. അന്യനാൽ തനിക്ക് ഉപദ്രവമുണ്ടാകുമോ എന്ന തോന്നലിൽ നിന്നാണ് ഈ ഭയത്തിന്റെ ഉറവിടം.

സാമ്പത്തികമായ നേട്ടങ്ങളെ മാത്രം മുൻനിർത്തി ജീവിക്കുന്ന ഒരുപറ്റം ജനത പരസ്പരം തിരിച്ചറിയാതെ വലിയചുറ്റുമതിലിൽ കെട്ടിടത്തിന്റെ മേൽക്കൂരമാത്രം പുറത്ത് കാണാവുന്ന രീതിയിൽ കഴിയുന്നു. ഈ കെട്ടിടങ്ങൾ കാണുമ്പോൾ കഥാകാരിയ്ക്ക് തോന്നുന്നത് 'ആരേയും വിശ്വാസമില്ലാത്ത കൂട്ടർ അപ്രാപ്യമായും, അഭേദ്യമായും കെട്ടിപ്പൊക്കിയതാണെന്ന്'. വിശ്വാസമില്ലായ്മയാണ് ഈ കഥയിലെ അടിസ്ഥാന വിഷയം. മറ്റൊരാളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയിൽ നിലനിൽക്കുന്നതും അതുതന്നെയാണ്. അതിനാലാണ് സ്വന്തം കാര്യം മറന്നുപോകുന്നതും.

കേവലം രണ്ടുവ്യക്തികളിൽ നിന്ന് കഥ തുടങ്ങി ഒരുപറ്റം വ്യക്തികളിലേക്ക് മാറ്റപ്പെടുകയാണ് ചെയ്യുന്നത് മനുഷ്യനെ മനസ്സിലാക്കുന്ന ജനതയുടെ കൈകളിലൂടെയല്ല മറിച്ച് അനുക രണഭ്രമം ഏറിയ ജനതയിലൂടെയാണ് കഥ മുന്നേറുന്നത്. എന്നാൽ കറുത്ത തൊപ്പിവച്ച വ്യക്തി ഒരു 'ചെറുപ്പക്കാരൻ അപ്പോൾ അവിടെ വന്നില്ലായിരുന്നെങ്കിൽ ഇടപെട്ടില്ലായിരു ന്നെങ്കിൽ' കറുത്ത തൊപ്പിക്കാരന്റെ സാന്നിധ്യം കഥാഗതിയിൽ പരിവർത്തനമുണ്ടാക്കുമെന്നും നാം പ്രത്യാശിക്കുന്നു. എന്നാൽ ഇവിടെ നിരാശയാണ് ഫലം.

'കറുത്തതൊപ്പി' അധികാരത്തിന്റെയും അറിവിന്റെയും പ്രതീകമായി നിലനിൽക്കുമ്പോൾ സാധാരണക്കാരന്റെ പക്ഷ ത്തുനിന്ന് ചിന്തിക്കാൻ ആരെങ്കിലും ഉണ്ടായിരിക്കുമെന്ന തോ ന്നൽ സൃഷ്ടിച്ച്, പക്ഷെ അത് വെറുമൊരു മിഥ്യാബോധമാ ണെന്നു നമ്മെ പഠിപ്പിക്കുന്നു. എന്തൊക്കെയോ സത്യങ്ങൾ മറനീക്കി പുറത്തുകൊണ്ടുവരാനുണ്ടായിരുന്നു.മനസ്സിലായോ എന്ന ചോദ്യത്തൽ സാറാജോസഫ് കഥയ്ക്ക് വിരാമമിടുന്നു.

'നീ'യിൽ അവതരിപ്പിക്കപ്പെടുന്നത് നാഗരികതയുടെ വിവിധ അംശങ്ങളാണ്. പ്രധാന രണ്ടു കഥാപാത്രങ്ങൾ രണ്ടു ജീവിത വ്യവസ്ഥയുടെ പ്രതിനിധികളാണ്. ഒരാൾ വേഗതയുടേയും, ചൂഷകന്റെയും രൂപമണിഞ്ഞ നാഗരിക മനുഷ്യനും മറ്റൊരാൾ സൗമ്യതയുടേയും ചൂഷിതന്റെയും രൂപമായ ഗ്രാമീണന്റെയും. നാഗരികവ്യക്തിയിൽ നിലനിൽക്കുന്ന എടുത്തുചാട്ടവും, അയാൾ കൈയ്യിൽ സൂക്ഷിച്ചിരിക്കുന്ന കല്ലും, വരണ്ടതും ചൂടു ള്ളതുമായ അന്തരീക്ഷവും, ആർദ്രതയും കനിവും നഷ്ടപ്പെ ട്ടുപോകുന്ന സമൂഹത്തിനെ കാണിച്ചുതരുന്നു. അതോടൊപ്പം കാലം മാറിയാലും നന്മനിറഞ്ഞ വ്യക്തികൾ നിലനിൽക്കു

ന്നതിന്റെ തെളിവായിട്ടാണ് ഇരിക്കുന്ന കഥാപാത്രം. 'അയാൾ സ്വന്തം ദേഹത്തുവീണ പഴുതാരയെ കുടഞ്ഞുകളയുകയും അതോടൊപ്പം അതിന്റെ കാലിൽ കുരുങ്ങിയ നൂൽ പൊട്ടിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു'. ഇന്നും സഹജീവി സ്നേഹവും, കാരുണ്യവും നിലനിൽക്കുന്നുവെന്നും മൗനംകൊണ്ട് തന്റെ അനേകായിരം വികാരങ്ങളെ തളച്ചിട്ട് ജീവിതത്തിൽ ആനന്ദം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു.

സമകാലമനുഷ്യന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നന്മയെ ഓർമ്മിപ്പിക്കുന്നതോടൊപ്പം ഒരു പ്രശ്നത്തെ എങ്ങനെ സമൂഹം വിലയിരുത്തുന്നുമെന്നുകൂടി കാണിച്ചുതരുന്നു. അതിനായി കഥാകാരി ഒരു സഞ്ചിയ്ക്ക് രൂപം നൽകുന്നു. സഞ്ചിയാണെന്നു മറ്റുള്ളവർക്ക് തോന്നി എങ്കിലും, യഥാർത്ഥത്തിൽ സഞ്ചിയായിരുന്നില്ല അതൊരു തുണി കഷ്ണം മാത്രമായിരുന്നു. പുറമേ കാണുന്നതല്ല സത്യം. അടക്കിപ്പിടിച്ച ഒരായിരം ചോദ്യങ്ങളുടെ ഉത്തരമാണ് പലപ്പോഴും മനുഷ്യൻ. പുറംലോകം അറിയാൻ ആഗ്രഹിക്കാത്ത ഒത്തിരിയേറെ ദുഃഖങ്ങൾ മനുഷ്യൻ സൂക്ഷിക്കുന്നുണ്ടെന്ന കേവലം ഒരു കഥാപാത്രത്തിന്റെ മൗനത്തിലൂടെ കണ്ടെത്തുന്നു.

നാഗരിക ജീവിതത്തിന്റെ മറ്റൊരംശമാണ് അനുകരണഭ്രമം. സമൂഹം എങ്ങനെ വിലയിരുത്തുമെന്നുള്ള മിഥ്യാബോധത്തിൽ നിന്നാണ് അനുകരണം ഉടലെടുക്കുന്നത്.ഒരു വ്യക്തിയെ ആൾക്കൂട്ടം മർദ്ദിക്കുമ്പോൾ കുട്ടിയാണിവിടെ ചിരിക്കുന്നത്. അതേറ്റുപിടിയ്ക്കുകയാണ് ബാക്കിയുള്ള കാണികൾ ചെയ്യുന്നത്. സമകാല സാമൂഹ്യാവസ്ഥയാണ് നീയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. മനുഷത്വരാഹിത്യത്തിന്റെ നേർതെളിവായി ഒരുപറ്റം ജനത മാറുന്നു.

# അലിഗറി സക്കറിയായുടെ കഥകളിൽ

അലീന കെ.നോബിൾ

പ്രതീകാത്മകമായ ഭാഷയിലൂടെ നിഗൂഢമായ അർത്ഥതലങ്ങളെ പ്രതിനിധീകരിക്കുന്ന കാവ്യ സങ്കേതമാണ് അലിഗറി (Allegory). മലയാളത്തിൽ ദൃഷ്ടാന്തം, സൂചിത കഥ, അന്യാപദേശം എന്നീസംജ്ഞകളാണ് അർത്ഥസൂചനയ്ക്കായിഉപയോഗിക്കുന്നത്. സ്വന്ത രൂപത്തെ ആച്ഛാദനം ചെയ്യുക പ്രച്ഛന്ന വേഷം ധരിക്കുക, യാഥാർത്ഥ്യം മറച്ചുവെച്ച് വേറൊന്ന് പ്രകടിപ്പിക്കുക,ഇല്ലാത്തത് നടിക്കുക എന്നെല്ലാമാണ് അപദേശശബ്ദത്തിന്റെ അർത്ഥം. "ഒരു അലങ്കാരം പ്രകൃതാർത്ഥ സൂചനയ്ക്കു വേണ്ടി അപ്രകൃതമായ വേറൊന്ന് പറയുക. പറയുന്നത് ഒന്ന് മനസ്സിലാക്കേണ്ടത് മറ്റൊന്ന്. ഇതത്രേ അന്യാപദേശ രീതി" എന്നാണ് 'ശബ്ദതാരാവലി'യിൽ ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള അർത്ഥം നൽകിയിരിക്കുന്നത് (1983:141). ടി. രാമലിംഗപിള്ള 'ഇംഗ്ലീഷ്-ഇംഗ്ലീഷ് മലയാളം നിഘണ്ടു'വിൽ

അലിഗറിക്ക് ലക്ഷണം, ദൃഷ്ടാന്തം, ദൃഷ്ടാന്തകഥ, അർത്ഥവാദം, ഉപമ, രൂപകം, അന്തരാർത്ഥം, ഭാവന, രൂപാലങ്കാരം, വ്യഞ്ജന, ലക്ഷണോക്തി, സഹായ വിവരണം എന്നിങ്ങനെ വിപുലമായ അർത്ഥമാണ് നൽകുന്നത് (1976:94).

"ഉപമേയം പറയാത്തതാണ് അന്യാപദേശം. ലളിതമായ ഭാഷയിൽ പറഞ്ഞാൽ വലിച്ചു നീട്ടപ്പെട്ട ഒരു രൂപകമാണിത് (വേണുഗോപാൽ കെ.എം.: 2001:21). ഒരു സാഹിത്യ പ്രസ്ഥാനമെന്ന നിലയിൽ പ്രകൃതാർത്ഥ സൂചനയ്ക്കുവേണ്ടി അപ്രകൃതമായ മറ്റൊന്ന് പറഞ്ഞാൽ അത് അന്യാപദേശമായിത്തീരുന്നു. മിക്കപ്പോഴും ഇതിഹാസ കഥകളിലും നീണ്ട കാവ്യങ്ങളിലും ആശയം വ്യക്തമാക്കാൻ ഉപയോഗിക്കുന്ന ഉപകഥകളോ സൂചനകളോ ആയി അന്യാപദേശ കഥ കടന്നുവരാറുണ്ട്. രൂപകാതിശയോക്തിക്ക് ഒരു പരിധിവിട്ട് ദൈർഘ്യമുണ്ടാകുമ്പോൾ അത് അന്യാപദേശത്തിന്റെ രൂപത്തിലേക്ക് മാറ്റപ്പെടുന്നു. ഇതിവൃത്തം മൊത്തത്തിൽ അന്യാപദേശ കഥയല്ലെങ്കിൽ അലിഗറികൾ ഉപകഥകളോ സംഭവങ്ങളോ ആയിരിക്കും. അലിഗറിയിലൂടെ ഒരു സവിശേഷ തത്വമോ സന്ദേശമോ കൈമാറാൻ ആയിരിക്കും ഗ്രന്ഥകാരൻ ഉദ്യമിക്കുന്നത്.

## അവാന്തര വിഭാഗങ്ങൾ

വിമർശനം, ആക്ഷേപം എന്നിങ്ങനെയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടി വരുമ്പോൾ സ്വീകരിക്കാവുന്ന മികച്ച ആവിഷ്ക്കരണ തന്ത്രമാണ് അലിഗറി. 'പ്രയുക്തമാക്കപ്പെടുന്ന വിഷയമനുസരിച്ച് രാഷ്ട്രീയ അന്യാപദേശം (Political Allegory), ചരിത്രപരമായ അന്യാപദേശം (Historical Allegory) എന്നിങ്ങനെ തിരിക്കാറുണ്ട്. രാഷ്ട്രീയ വിമർശനത്തിനും

ആക്ഷേപഹാസ്യ രീതിക്കും ഉതകുന്ന രീതിയിലുള്ള അവത രണമാണ് രാഷ്ട്രീയ അലിഗറിയിൽ ഉൾപ്പെടുന്നത്. ചരിത്ര പരമായ കഥാവസ്തുക്കളേയും സംഭവങ്ങളേയും സമകാ ലിക സാമൂഹ്യ സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റുവാനുള്ള പ്രവണത ഹിസ്റ്റോറിക്കൽ അലിഗറിയിൽ കാണാം. അലിഗ റിയിൽ ഫേബിൾ, പാരബിൾ എന്നിങ്ങനെയുള്ള വിഭജനവും കാണപ്പെടുന്നു. മൃഗങ്ങളും പക്ഷികളും കഥാപാത്രങ്ങളായി വരുന്ന കഥകൾ, കെട്ടുകഥകൾ, കാൽപനിക കഥകൾ, ഐതിഹ്യം, നാടോടിക്കഥ, യക്ഷിക്കഥ, നുണക്കഥ തുട ങ്ങിയവ ഫേബിളിലും ഉപമ, സാദൃശ്യം, ഉദാഹരണം, നീതി കഥ, ദൃഷ്ടാന്തകഥ, കഥാരൂപോപദേശം, അന്യാപദേശ കഥ എന്നിവ പാരബിളിലും അടങ്ങിയിരിക്കുന്നു'. (Abrms M.H.: 2015: 46). വർത്തമാനകാല സംഭവങ്ങളെ ചരിത്രവുമായി കൂട്ടി യിണക്കുന്ന റിവേഴ്സ് അലിഗറി എന്ന അവാന്തര വിഭാഗ ത്തെപ്പറ്റിയും സൂചനകളുണ്ട്.

മുത്തശ്ശിക്കഥകളിലും ജാതകകഥകളിലും ജന്തുകഥകളി ലുമെല്ലാം അന്യാപദേശ രീതിയിലുള്ള കഥാനിർവ്വഹണ രീതി യാണ് പ്രത്യക്ഷപ്പെട്ടിരുന്നത്. ഉപദേശങ്ങളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമെല്ലാം നേരിട്ട് പറയുന്നതിനു പകരം വളച്ചു കെട്ടി പറയുന്ന രീതി അതിപ്രാചീന കാലം മുതൽക്കേയുണ്ട്. അത്തരം കഥാകഥന രീതി മലയാളത്തിൽ പരീക്ഷിച്ചിട്ടുള്ള ചെറുകഥാകൃത്താണ് സക്കറിയ.

## സക്കറിയായുടെ കഥാപ്രപഞ്ചം

മലയാളത്തിൽ ആധുനികതയുടെ യുഗം ആരംഭിക്കുന്ന അറുപതുകളിലാണ് സക്കറിയ എഴുതി തുടങ്ങുന്നത്. "സക്ക

റിയയുടെ ആദ്യകാല കഥകളേറെയും ആധുനികതയുടെ സ്വാധീനതയിൽ പിറവിയെടുത്തതാണ്. ഇത്തരം കഥകളെ സാർവ്വജനീനമാണെങ്കിലും സംസ്കൃത സാഹിത്യങ്ങളായ രസം, ധ്വനി, ഔചിത്യം, രീതി, അലങ്കാരം തുടങ്ങിയ നിയമങ്ങൾകൊണ്ട് വ്യാഖ്യാനിക്കാനാവില്ല. പാശ്ചാത്യവിമർശകർ ചെറുകഥപോലുള്ള ഗദ്യസാഹിത്യരൂപങ്ങളെ നിബന്ധിച്ചിരിക്കുന്നത് മിത്ത്, അലിഗറി, ഫാന്റസി, മെറ്റഫോർ, സിംബൽ, ഐറണി, പാരഡോക്സ് തുടങ്ങിയ സങ്കേതങ്ങളുപയോഗിച്ചാണ്. അതിനാൽ സക്കറിയായുടെ ചെറുകഥകളെ ഇത്തരം സങ്കേതങ്ങളും ഭാഷാ പ്രയോഗത്തിലെ അപൂർവ്വതകളും വെച്ച് വിലയിരുത്തുന്നതാകും ഉചിതം" എന്നാണ് കെ.പി. അപ്പൻ നിരീക്ഷിക്കുന്നത് (1983:49).

കഥാഖ്യാനത്തിന്റെ മേഖലയിൽ പരമ്പരാഗതവും ആധുനികവുമായ അനവധി സംവേദന തലങ്ങൾ സക്കറിയ സ്വീകരിച്ചിട്ടുണ്ട്. മിത്ത്, അലിഗറി, സിംബൽ, ഐറണി, ഫാന്റസി, മെറ്റഫർ, പാരഡോക്സ് തുടങ്ങിയ സങ്കേതങ്ങളുപയോഗിച്ചുകൊണ്ടാണ് കഥകളെ സാംസ്കാരികാഖ്യാനങ്ങളാക്കി രൂപപ്പെടുത്തുന്നത്. കേവല ഭാവന മാത്രമല്ല സക്കറിയായുടെ കഥകൾ. സമകാലിക ജീവിതത്തിന്റെ ദുരന്തങ്ങളും ദുശ്ശങ്കകളും ഉത്കണ്ഠകളും ആലംബഹീനത്വങ്ങളുമൊക്കെ ചൂണ്ടിക്കാട്ടുന്ന ഒരു വഴികാട്ടിയായി അദ്ദേഹത്തിന്റെ കഥകൾ നിലകൊള്ളുന്നു. അതിനായി യക്ഷിക്കഥകളിലൂടെയും കെട്ടുകഥകളിലൂടെയുംഐതിഹ്യങ്ങളിലൂടെയുംപുരാവൃത്തങ്ങളിലൂടെയും ബൈബിൾ ഉപമകളിലൂടെയും ഗുണപാഠകഥകളിലൂടെയും ഈസോപ്പ്, പഞ്ചതന്ത്രം കഥകളിലൂടെയും മിത്തുകളിലൂടെയും ജന്തുകഥകളിലൂടെയുമൊക്കെ നാമെങ്ങോ കേട്ടുമ

റന്ന കഥപറച്ചിലിന്റെ രീതിയാണ് സക്കറിയ സ്വീകരിക്കുന്നത്. അന്യാപദേശമെന്ന് പറയാവുന്ന അത്തരം രചനാതന്ത്രത്തിലൂടെ ശിഥിലമായ സമൂഹത്തിന്റെ നേർക്ക് തൊടുക്കുന്ന സന്ദേശങ്ങളായി കഥകൾ മാറുന്നു. ഒപ്പം ഒരു സാരോപദേശമോ ഗുണപാഠമോ പകർന്നുകൊണ്ട് അന്തരീക്ഷത്തിന് ലാഘവത്വം വരുത്തുകയും ചെയ്യുന്നു. കുസൃതികളും കുന്നായ്മകളും നിറഞ്ഞ സക്കറിയയുടെ ഭാഷ ഒരു കോമാളിയേപ്പോലെ ആസ്വാദകനെ രസിപ്പിക്കുന്നു. ഭാഷയുടെ ഇരയായിത്തീർന്ന കഥാപാത്രങ്ങളാവട്ടെ പ്രമേയത്തെ ഒളിപ്പിച്ചു വെയ്ക്കുന്നു. അലിഗറിയും പാരഡിയുമൊക്കെ നിറഞ്ഞ് സക്കറിയായുടെ ചെറുകഥകൾ മനുഷ്യാനുഭവങ്ങളുടെ ആംശികപ്രതിനിധാനങ്ങളിലൂടെ, സവിശേഷ പ്രത്യയ ശാസ്ത്രങ്ങൾക്കുള്ളിൽ സാധ്യമാകുന്ന സാംസ്ക്കാരിക നിർമ്മിതിയായി മാറുകയാണിന്ന്.

അന്യാപദേശ കഥാകഥനരീതി ഓരോ കഥകളിലും വ്യത്യസ്ഥമായാണ് സക്കറിയ ആവിഷ്ക്കരിച്ചിരിക്കുന്നത്. റിവേഴ്സ് അലിഗറി പൊളിറ്റിക്കൽ അലിഗറി, ഹിസ്റ്റോറിക്കൽ അലിഗറി തുടങ്ങിയ ഉപവിഭാഗത്തിൽ പെടുന്നവയാണ് അദ്ദേഹത്തിന്റെ അന്യാപദേശ കഥകൾ. പറയുന്നതൊന്ന് അതിൽനിന്ന് മനസ്സിലാക്കേണ്ടത് മറ്റൊന്ന് എന്ന രീതി അനുവർത്തിക്കുന്നതിനാൽ അഭിധാർത്ഥത്തേക്കാൾ വ്യജ്ഞനാർത്ഥത്തിനാണ് ഇവിടെ പ്രാധാന്യം. സാധാരണക്കാരന് പ്രാപ്യമായ ഭാഷയിൽത്തന്നെയാണ് രചനാരീതിയെങ്കിലും ഉള്ളടക്കത്തിലെ ആക്ഷേപഹാസ്യത്തെ തിരിച്ചറിയണമെങ്കിൽ ആസ്വാദകന് ചിന്താശക്തി അനിവാര്യമാണ്. കപടനാട്യങ്ങളില്ലാതെ ഒരുതരം നിസ്സംഗതയോടെ, വികാരവിക്ഷോഭമന്യേ ജീവിത ചലനങ്ങൾ നോക്കിക്കാണുന്ന കഥാകൃത്താണ് സക്കറിയ. അദ്ദേഹത്തിന്റെ

'ഇതാ ഇവിടെ വരെയുള്ള പരസ്യവണ്ടി പുറപ്പെടുന്നു', 'ഒരു നസ്രാണി യുവാവും ഗൗളിശാസ്ത്രവും', 'നമ്മുടെ പറുദീസാ നഷ്ടം' തുടങ്ങിയ കഥകൾ രാഷ്ട്രീയ അന്യാപദേശങ്ങൾ എന്ന് വിളിക്കാവുന്നവയാണ്. കുറുക്കന്റെയും കോഴിയുടെയും ബന്ധം കോഴിയുടെ ആത്മകഥയായി ചിട്ടപ്പെടുത്തി 'ഒരു പിടക്കോഴിയുടെ ആസന്നമരണചിന്തകൾ', ആധുനികോത്തര പാരഡിയായ 'മാംസനിബന്ധമല്ല രാഗം', കുതിരയുടെ കഥ ഫാന്റസിയായെഴുതിയ 'അശ്വാരൂഢനായ വരന്റെ വരവും പോക്കും', തവളയിലൂടെ ജീവിത സത്യങ്ങൾ ആവിഷ്ക്കരിക്കാൻ ശ്രമിക്കുന്ന 'ഒരിടത്ത്', 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ' തുടങ്ങിയ കഥകളെല്ലാം മൃഗങ്ങൾ കഥാപാത്രങ്ങളായി വരുന്ന അന്യാപദേശങ്ങളാണ്. ഇത്തരത്തിൽ അലിഗറിയുടെ സങ്കേതങ്ങളെ ഔചിത്യപൂർവ്വം ഉപയോഗിച്ച കഥാകൃത്താണ് സക്കറിയ.

## കണ്ണാടി കാണ്മോളവും

ബൈബിൾ സംസ്കൃതിയെ പ്രശ്നവത്ക്കരിക്കുകയും അഴിച്ചുപണിയുകയും ചെയ്ത ആഖ്യാനയുക്തിയാണ് 'കണ്ണാടി കാണ്മോളവും' എന്ന കഥയുല്പാദിപ്പിക്കുന്നത്. വരണ്ട പാലസ്തീൻ മണ്ണിൽ അലക്കാനോ കുളിക്കാനോ വെള്ളമില്ലാതെ, ശരീരം വിയർത്ത് അങ്കിക്കടിയിലൂടെ വിയർപ്പൊഴുകുമ്പോൾ, പേനരിക്കുന്ന താടിമീശവടിച്ച് കുളിക്കാനാലോചിക്കുന്ന യേശുവിനെ മുൻനടത്തുകയാണ് ആഖ്യാനം. കടുത്ത ദാരിദ്ര്യത്തിൽ മുങ്ങിത്താഴുന്ന അമ്മയേയും സഹോദരിമാരെയും രക്ഷിക്കാനാവാതെ അസ്വസ്ഥനാകുന്ന രക്ഷകനെ – യേശുവെന്ന ചരിത്ര പുരുഷനെ മുൻനിർത്തി ഒരു സാമൂഹ്യ സത്യത്തെ അനാവരണം ചെയ്യുകയാണ് സക്കറിയ. പാലസ്

തീൻ എന്ന മണലാരണ്യമാണ് കഥാപശ്ചാത്തലം. നീണ്ട യാത്ര ക്കുശേഷം നാട്ടിൽ മടങ്ങിയെത്തിരിക്കുന്ന ഒരു കുടുംബ ത്തിന്റെ ഏകാശ്രയമാണ് കഥാനായകൻ. ഇവിടെ യേശുവിനെ ഉടുതുണിക്കു മറുതുണിയില്ലാത്ത, നിസ്വമനുഷ്യനായി സങ്കൽ പ്പിക്കുന്നു. ഒപ്പം മതാധികാരത്തിന്റെ ഉരുക്കുതടവറയിൽനിന്ന് യേശുവെന്ന മനുഷ്യപുത്രനെ തിരിച്ചുപിടിക്കാനുള്ള പോരാട്ട മായി കഥ വികസിക്കുന്നു. സാഹിത്യം സംസ്ക്കാരത്തെ അഴി ച്ചുപണിയുന്നതിന്റെ രീതികളിലൊന്നാണിത്. ഇവിടെ ഉപമാ നകരണമാണ് സക്കറിയ സ്വീകരിക്കുന്നത്. ഒരു ബൃഹദ് കൂട്ടാ യ്മ പരിണമിച്ചും ആശയാദർശങ്ങൾ ഉറച്ചുമാണ് ക്രിസ്തുമത മുണ്ടായതെന്നും ഒരു യുവാവിനെ ചുറ്റിപ്പറ്റി മാത്രമല്ല ക്രിസ്തു മതമുണ്ടായതെന്നും വാദിക്കുന്ന സക്കറിയ ബൈബിളിനെ ത്തന്നെ അപനിർമ്മിക്കുന്നു. അമ്മയും അലസന്മാരായ സഹോ ദരന്മാരും ലൈലയെന്ന സഹോദരിയും കൂട്ടുകാരനായ ലാസ റും പ്രിയസഖിയായ മറിയവുമെല്ലാം യേശുവിന്റെ ജീവിത ത്തോട് ചേർന്ന് നിൽക്കുന്നവരാണ്. ഇവരിലൂടെയാണ് ഒരു കുടുംബത്തിന്റെ ഘടന വ്യക്തമാക്കുന്നതും തൊഴിൽരഹിത നായ ഒരു യുവാവിന്റെ അവസ്ഥാന്തരങ്ങളെപ്പറ്റി സൂചിപ്പിക്കു ന്നതും.

"ദൈവരാജ്യത്തിന്റെ അറിവുമായി ഈ മുറ്റത്തിരുന്നിട്ടെന്തു കാര്യം?" എന്ന് ആത്മഗതം നടത്തുന്ന യേശുവിനെ അറിവും വിദ്യാഭ്യാസവും ലഭിച്ചിട്ടും അത് വേണ്ടവിധം ഉപയോഗപ്പെ ടുത്താനാവാതെ ജീവിക്കേണ്ടി വന്നവരുടെ പ്രതിനിധിയാ യാണ് കഥയിൽ അവതരിപ്പിക്കുന്നത്. ആ യുവാവ് പല പ്പോഴും തന്റെ താടിയേയും നീണ്ട മുടിയേയുംകുറിച്ച് ആലോ ചിച്ചിരുന്നുവെന്ന് പറയുന്നിടത്ത് സദാ സമയവും ദൈവകാ

ര്യങ്ങളിൽ മുഴുകിയിരുന്നവനാണ് യേശുവെന്ന വാദം ഖണ്ഡിക്കപ്പെടുന്നു. "ചെല്ല്, ആ കണ്ണാടിയെടുത്ത് നീ മുഖമൊന്ന് കാണ്. നീ സുന്ദരനാണേലും നിനക്ക് ഗൗരവമുണ്ടോ? ദൈവരാജ്യത്തിന്റെ അടയാളമെങ്കിലും അവിടെ കാണാനുണ്ടോ?" അപകർഷതാബോധമനുഭവിക്കുന്ന ഒരു യുവാവിനോടാണ് കണ്ണാടി ഇത് ചോദിക്കുന്നത്. ദൈവമെന്ന അധികാരസ്ഥാപനത്തെ സ്നേഹത്തിന്റെ സമതാബോധത്താൽ മാറ്റിയെഴുതുകയാണ് ഇവിടെ. അധികാരത്തിന്റെ നിഗൂഢവും ഗൗരവതാനാട്യവുമാർന്ന ഭാഷ ഉപേക്ഷിച്ചുകൊണ്ട് സുതാര്യവും വിവൃതവുമായ ശൈലി ഇതിനായി സക്കറിയ തെരഞ്ഞെടുത്തത് മന:പൂർവ്വമാണെന്നു വേണം കരുതാൻ. കാരണം പഞ്ചതന്ത്രം പോലുള്ള കഥകളിൽ ലളിതമായി ആവിഷ്ക്കരിക്കപ്പെടുന്ന അന്യാപദേശ കഥാകഥനരീതി മറ്റൊരു തരത്തിൽ അനുവർത്തിക്കുമ്പോൾ, ഗഹനമായ ഭാഷയിൽ ആശയപ്രകാശനം പൂർണ്ണമായെന്നു വരില്ല. യേശുവിനെ ഒരു സാധാരണ മനുഷ്യനായി കൽപ്പിക്കുകയാണിവിടെ. ലോകരക്ഷകൻ-കണ്ണാടി കാണാൻ- തന്നിലേക്കു നോക്കാൻ ഭയക്കുന്ന മനുഷ്യനായി, തോളിൽ കൈയ്യിട്ടു നടക്കുന്ന കൂട്ടുകാരനായി പുന:സങ്കൽപ്പിക്കപ്പെടുന്നു.

ക്രിസ്തുമതമെന്ന സ്ഥാപനത്തെ കടന്നാക്രമിക്കുമ്പോഴും ക്രിസ്തു സങ്കൽപ്പത്തിന്റെ പരിശുദ്ധിയെ കഥാകൃത്ത് വിലമതിക്കുന്നുണ്ട്. കപടസദാചാരത്തെയും നാട്ടുനടപ്പുകളേയും തെറ്റിദ്ധരിപ്പിക്കലുകളേയും മുതലെടുപ്പുകളേയും മതപൗരോഹിത്യത്തേയും വിമർശനവിധേയമായി നോക്കിക്കാണുവാൻ അദ്ദേഹം ശ്രമിക്കുന്നു. ഈ കഥ നിത്യജീവിത യാഥാർത്ഥ്യങ്ങളെക്കുറിച്ച് വായനക്കാരോട് സംവദിക്കുന്നുണ്ട്. അതിനു

വേണ്ടിയാകാം കണ്ണാടിയേക്കൊണ്ട് കഥാകൃത്ത് യേശുവിനെ മണ്ടാ എന്നുപോലും വിളിപ്പിച്ചത്.

## കണ്ണട വാൽ എന്നിവ

അഗമ്യഗമനവും പിതൃവിദ്വേഷവുംകൊണ്ട് പാറ്റയായി പരിണമിച്ച ഗ്രിഗർ സാംസയെ അവതരിപ്പിച്ച 'മെറ്റമോർഫോസിസ്' എന്ന കഥയെ അന്യാപദേശരൂപത്തിൽ പുനരവതരിപ്പിക്കുന്ന കഥയാണ് 'കണ്ണട വാൽ എന്നിവ'. രൂപാന്തരീകരണം സൃഷ്ടിക്കുന്ന ആധുനിക കലാസങ്കൽപ്പത്തെ ദൈവം, മാലാഖ, പിശാച് എന്നിവയുടെ രൂപാന്തരണത്തിലൂടെ സാധ്യമാക്കുന്ന തന്ത്രമാണ് സക്കറിയ സ്വീകരിച്ചിരിക്കുന്നത്. ഒടിവിദ്യയിലൂടെ ഇസ്പയേർഡ് ഗുലാനായി മാറുന്ന ചെറുപ്പക്കാരൻ ഭാതൃവൈര്യത്തിന് വിധേയനാവുകയും തുടർന്ന് പൂർവ്വരൂപത്തിലേക്ക് മടങ്ങുകയും ചെയ്യുന്നതാണ് കഥാസാരം. അറിവ് പ്രദാനം ചെയ്യുന്ന വിലക്കപ്പെട്ട ഫലം എന്ന ബൈബിൾ സങ്കൽപ്പത്തിന് സതുല്യമായി കണ്ണടയാണ് കഥയിൽ പ്രത്യക്ഷപ്പെടുന്നത്. അറിവിന്റെ ഫലം തിന്ന മനുഷ്യന് പറുദീസ നഷ്ടമാക്കുന്നതുപോലെ കണ്ണടവെച്ച ചെറുപ്പക്കാരൻ ഇസ്പയേർഡ് ഗുലാനായി പരിണമിക്കുന്ന പരിഹാസച്ചിരി ഇവിടെ മുഴങ്ങിക്കേൾക്കുന്നു. റിവേഴ്സ് അലിഗറി എന്ന തന്ത്രമാണ് സക്കറിയ സ്വീകരിക്കുന്നത്. ഭൂതകാല സംഭവങ്ങളെ സമകാലിക സാഹചര്യങ്ങളെ മുൻനിർത്തി അവതരിപ്പിക്കുന്ന രീതി. അനുജൻ ഇസ്പേഡ് ഗുലാനായി ഇരിക്കുന്ന ചീട്ട് ഉൾപ്പെടെ കീറാൻ തുനിയുന്ന ജ്യേഷ്ഠൻ ഭാതൃഹത്യയുടെ അരികുവരെയെത്തി കായേലിന്റെ ഓർമ്മ ഉണർത്തുന്നു. "മരണം ഒരു യാഥാർത്ഥ്യമായി, ഒരു സ്പർശിക്കാവുന്ന വേദനയായി എന്റെയടുത്തു നിന്നു". "എന്റെ ചേട്ടാ... എന്റെ ചേട്ടാ... ഞാൻ പ്രാർത്ഥിച്ചു. എന്നെ

കൊല്ലല്ലേ എന്റെ ദൈവമേ, എന്നെ രക്ഷിക്കണേ... "എന്ന ഇസ്പേഡ് ഗുലാനായ ആഖ്യാതാവിന്റെ രോദനം ആബേലിന്റേതുതന്നെയാണെന്ന് വ്യക്തമാക്കപ്പെടുമ്പോൾ അത് നാഗരികസമൂഹത്തിൽ ഒറ്റപ്പെട്ടു പോകുന്നവന്റെ വിലാപം കൂടിയായി മാറുന്നു. സ്വന്തം സഹോദരിയേപ്പോലും തിരിച്ചറിയാനാവാത്ത ക്രൂരത, പണത്തിനുവേണ്ടി കൂടപ്പിറപ്പുകളെപ്പോലും ഇല്ലാതാക്കുന്ന നിഷ്ഠുരത, ഉദരത്തിലുരുവായ ജീവനെ നശിപ്പിക്കുന്ന നിർദ്ദാക്ഷിണ്യം എന്നിങ്ങനെ വർത്തമാനകാലവുമായി കൂട്ടിവായിക്കാൻ കഴിയുന്ന ധാരാളം ഘടകങ്ങൾ കഥാകൃത്ത് ചൂണ്ടിക്കാട്ടുന്നുണ്ട്. അതിനുവേണ്ടി അന്യാപദേശ രചനയുടെ പ്രാഥമിക രീതി സ്വീകരിക്കുകയും അതിനുള്ളിൽത്തന്നെ റിവേഴ്സ് അലിഗറിയുടെ തന്ത്രം ഒളിപ്പിച്ചു വെയ്ക്കുകയും ചെയ്യുന്നു. പ്രഥമദൃഷ്ട്യാ ഒരു സാഹചര്യം അവതരിപ്പിച്ചുകൊണ്ട് മുന്നിലേക്കും പിന്നിലേക്കും വിരൽ ചൂണ്ടാനുള്ള സൗകര്യമാണ് ഇത്തരത്തിൽ സംജാതമാകുന്നത്. കഥാകൃത്തിന്റെ തന്നെ വേഷപ്പകർച്ചയിലൂടെ മെറ്റമോർഫോസിസ് പ്രമേയത്തെ സൃഷ്ടിച്ചുകൊണ്ട് സക്കറിയ ബൈബിൾ കഥാപാത്രങ്ങളുടെ പാരഡി സൃഷ്ടിക്കുകയാണ്.

ഇസ്പേഡ് ഗുലാനിൽനിന്നും മുയലായി പരിണമിച്ച മനുഷ്യന്റെ അനുഭവങ്ങളെല്ലാം ലബോറട്ടറികളിൽ പരീക്ഷണവസ്തുക്കളാകുന്ന ജീവികളുടേതിന് സമാനമാണ്. നിരീക്ഷണപരീക്ഷണങ്ങളിലൂടെ ശാസ്ത്രപുരോഗതി കൈവരിച്ചുവെന്ന് അഭിമാനിക്കുമ്പോഴും ഇന്നത്തെ പരീക്ഷണ മൃഗത്തിന്റെ അവസ്ഥ തന്നെയായിരിക്കും നാളത്തെ മനുഷ്യനും എന്ന് ഓർമ്മിപ്പിക്കുകയാണ് കഥാകൃത്ത്. അതിന് അലിഗറി എന്ന സങ്കേതമാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്. "പ്രൊഫസറുടെ

ശൂന്യമായ തൊപ്പിക്കുള്ളിൽനിന്ന് എന്നെങ്കിലുമൊരു ദിവസം ഒരു ചാവിയേപ്പോലെ തലകീഴായി കെട്ടിത്തൂങ്ങി പുറത്തു വീണു മരിക്കാതിരിക്കാൻവേണ്ടി ഞാൻ എന്റെ രാക്ഷസരൂപ ത്തിന്റെ ശക്തിയിലേക്ക് കുതിച്ചു" എന്ന് പറഞ്ഞവസാനിപ്പിക്കു മ്പോൾ അസ്തിത്വബോധത്തിന്റെയും മൃത്യുബോധത്തിന്റെ യും അസംബന്ധചിന്തയുടേയും ആവിഷ്ക്കാരം പുതിയ സങ്കേ തങ്ങളുപയോഗിച്ച് നിർവ്വഹിക്കുകയാണ് സക്കറിയ. ശാസ് ത്രവും സാങ്കേതികവിദ്യയും മറ്റ് നിർമ്മിതികളും ചേർന്ന് ഒരു രാക്ഷസനെപ്പോലെയാക്കിയ മനുഷ്യന്റെ പരിണാമവും മൃത്യു ബോധവും ഒടിവിദ്യയുടേയും മാജിക്കിന്റേയും സങ്കേതങ്ങളു പയോഗിച്ച് അവതരിപ്പിക്കാനാണ് കഥാകൃത്ത് ശ്രമിക്കുന്നത്.

## ഒരു നസ്രാണി യുവാവും ഗൗളി ശാസ്ത്രവും

രാഷ്ട്രീയാന്യാപദേശങ്ങൾ എന്നുകൂടിവിളിക്കാവുന്ന പ്രത്യ യശാസ്ത്രവിമർശനത്തിന്റെ സ്വഭാവം പ്രകടിപ്പിക്കുന്ന കഥ യാണ് 'ഒരു നസ്രാണി യുവാവും ഗൗളി ശാസ്ത്രവും'. അവിശ്വാ സവും രാഷ്ട്രീയ വിശ്വാസവും കുഴിയിൽ ചാടിക്കുന്ന മധ്യ വർഗ്ഗമലയാളിയുടെ അകാൽപ്പനിക ജീവിതത്തെക്കുറിച്ചുള്ള തീക്ഷ്ണമായ പരിഹാസമാണ് ഈ കഥ. അനാശാസ്യമായ വായ നയിലൂടെ അന്ധവിശ്വാസങ്ങളിൽ വീണുപോയ ഒരുവന് തന്റെ പാപത്തിന് ശിക്ഷ ലഭിക്കുന്നതാണ് കഥയുടെ ഇതിവൃത്തം.

ഗൗളിശാസ്ത്രം ഭൗതികശാസ്ത്രത്തെയും കാമശാസ്ത്ര ത്തെയും പ്രത്യയശാസ്ത്രത്തെയുംപോലെതന്നെ മാത്തുക്കുട്ടി എന്ന യുവാവിന്റെ ജീവിതത്തെയും കീഴ്മേൽ മറിക്കുന്നു. കഥ യിൽ സ്വയം ശാസ്ത്രവും പ്രത്യയശാസ്ത്രവുമായി മാറുന്നു ഗൗളി. പുസ്തകം വായിക്കാത്തതിന്റെ ശിക്ഷ പോലെതന്നെ

വായിച്ചതിന്റെ ശിക്ഷയും നസ്രാണികളെ തേടിവരുന്നു. ശാസ്ത്രങ്ങളേയും പ്രത്യയശാസ്ത്രങ്ങളേയുമാണ് നാം സൂക്ഷിക്കേണ്ടത്. കഥകളെ കുറെയെല്ലാം വിശ്വസിക്കാം എന്ന് മാത്തുക്കുട്ടിക്ക് കഥാകൃത്ത് ഉപദേശം നൽകുന്നുണ്ട്. അയാൾ അത് ചെവിക്കൊള്ളുന്നില്ല. അതിന്റെ പരിണിതഫലമാകട്ടെ മാർക്സിയൻ വീക്ഷണകോണിൽ നിന്നു നോക്കിയാൽ ഇത് ഒരിടത്തരക്കാരൻ അന്ധവിശ്വാസി ബൂർഷ്വായുടെ ഭാര്യയെ ഒരു ക്യാപ്പിറ്റലിസ്റ്റ് യുവാവ് പിഴപ്പിക്കുന്നതിന്റെ കഥ സെന്റിമെന്റ്സ് ഇല്ലാതെ എഴുതിയിരിക്കുന്നതാണെന്ന് കഥാകൃത്തിന് പറയേണ്ടിവരുന്നു. ബുദ്ധിജീവികളെന്ന് വിളിക്കുന്ന ഒരു വിഭാഗം മനുഷ്യരെ ലക്ഷ്യമാക്കിയാണ് ഗൗളി എന്ന പ്രയോഗം സക്കറിയ അവതരിപ്പിക്കുന്നത്. ഇവിടെ അറിവ് പ്രത്യയശാസ്ത്രവും പ്രത്യയശാസ്ത്രം മിടുക്കന്മാരെ പിടിക്കുന്ന പല്ലിയുമായി മാറുന്നു. പ്രത്യയശാസ്ത്രങ്ങൾക്കടിമപ്പെടുന്ന മനുഷ്യന്റെ വിചിത്രമായ പരിണാമത്തെ അലിഗറിയിലൂടെ അവതരിപ്പിക്കുകയാണ് കഥാകൃത്ത്. ഗൗളിശാസ്ത്രം മാത്തുക്കുട്ടിയെ അടിപ്പെടുത്തി. മാർക്സിസം, എക്സ്റ്റൻഷ്യലിസം, അഗസ്റ്റീനിയൻ ദൈവശാസ്ത്രം, സോഷ്യലിസം, ഗുണനപ്പട്ടിക, ഇരുപത്തഞ്ചിന പരിപാടി തുടങ്ങിയ പ്രത്യയശാസ്ത്രങ്ങളെപ്പോലെ ഗൗളിശാസ്ത്രവും മാത്തുക്കുട്ടിയിൽനിന്ന് പൂർണ്ണവിശ്വാസം പിടിച്ചുവാങ്ങി. ഗൗളികൾ മാത്തുക്കുട്ടിയുടെ ജീവിതം കൈയ്യിലെടുത്തു എന്നിട്ട് സാധാരണപോലെ അതിലേയ്ക്കൊരു വിപ്ലവം കൊണ്ടുവന്നു. ഈ വിപ്ലവവും വിപ്ലവമായി മാത്രം അവശേഷിക്കുന്നില്ലല്ലോ എന്ന ഉത്തരംകൂടി കഥാകൃത്ത് നൽകുന്നുണ്ട്. മാർക്സിസവും എക്സ്റ്റൻഷ്യലിസവും ജീവിതത്തെ പ്രായോഗികമായി വിശദീകരിക്കാത്തപ്പോഴും മതം അത് നിർവ്വഹിക്കുന്നതിന്റെ ഒട്ടും മായികമല്ലാത്ത കഥയാണ് സക്കറിയ പറയുന്നത്.

## ഗ്രന്ഥസൂചി


1. അപ്പൻ കെ.പി., ഉത്തരാധുനികത വർത്തമാനവും വംശാവലിയും, ഡി.സി. ബുക്ക്സ്, കോട്ടയം.1983
2. പത്മനാഭപിള്ള ജി. ശ്രീകണ്ഠേശ്വരം, ശബ്ദതാരാവലി, സാഹിത്യപ്രവർത്തക സഹകരണ സംഘം,കോട്ടയം. 1983
3. രാമലിംഗപിള്ള ടി., ഇംഗ്ലീഷ് ഇംഗ്ലീഷ് മലയാളം നിഘണ്ടു, ഡി.സി. ബുക്ക്സ്, കോട്ടയം. 1976
4. വേണുഗോപാൽ കെ.എം., സിംബലിസം മലയാള കവിതയിൽ. ഡി.സി. ബുക്ക്സ്, കോട്ടയം. 2001
5. സക്കറിയ, സക്കറിയായുടെ കഥകൾ, ഡി.സി. ബുക്ക്സ്, കോട്ടയം. 2004.
6. സക്കറിയ, സക്കറിയായുടെ തെരഞ്ഞെടുത്ത കഥകൾ, ഡി.സി. ബുക്ക്സ്, കോട്ടയം. 2010.
7. Abrams M.H., Harpham Galt Geoffery, A Glossary of Literary Terms (Eleventh Edition). (Engage Learning India Private Limited, New Delhi. 2015.

# ദേശീയത ഉത്തരാധുനിക ചെറുകഥകളിൽ

## തിരഞ്ഞെടുത്ത കൃതികളെ മുൻനിർത്തി ഒരു പഠനം

ലിന്റാ റാണി

ഒരു രാഷ്ട്രത്തിലെ ജനങ്ങളുടെ ഇടയിൽ രൂപപ്പെടുന്ന രാജ്യത്തോടുള്ള കൂറ്, ഐകമത്യബോധം എന്നീ സ്വഭാവഗുണങ്ങൾ ഒരുമിച്ച് ചേരുന്ന സവിശേഷ വൈകാരിക അവസ്ഥയാണ് ദേശീയത അഥവാ ദേശീയ ബോധം. രാജ്യത്തെ ജനങ്ങളുടെ അതിവിശിഷ്ടമായ ഒരു മനോവികാരമായി ദേശീയബോധത്തെ കണക്കാക്കാം. ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രമേ ഒരു രാഷ്ട്രത്തിൽ ദേശീയ ബോധം ഉടലെടുക്കാറുള്ളൂ. ഒരു രാഷ്ട്രത്തിലെ ജനങ്ങളെല്ലാം ഒരേ ഭാഷ സംസാരിക്കുന്നവരാണെങ്കിൽ അവരുടെ ഇടയിൽ ഐകമത്യബോധം വളരുന്നു. അതിൽത്തന്നെ ഒരു രാഷ്ട്രത്തിലെ ജനങ്ങളെല്ലാം ഒരേ വംശത്തിൽ പെട്ടവരാണെങ്കിൽ അവരുടെ ഇടയിൽ ദേശീയബോധം വളരുന്നു. ഇന്ത്യയിൽ നിലനിൽക്കുന്ന ശക്തമായ ദേശീയ ബോധം ഇതിനുദാഹരണമാണ്. പൊതുവായ സംസ്കാരിക

പാരമ്പര്യമാണ് ഇതിന് സഹായിച്ചത്. ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ രാഷ്ട്രീയ സ്വാതന്ത്ര്യം നേടുക എന്ന പൊതുലക്ഷ്യം ഇന്ത്യയിലെ ദേശീയബോധത്തിന്റെ വളർച്ചയെ ഉത്തേജിപ്പിച്ചു. ഒരാളുടെ ദേശീയമായ സ്വത്വത്തെ ദേശീയത്വമായി മനസ്സിലാക്കാം. അതായത് രാജ്യത്തിന്റെ അതിരുകൾ അതിനകത്തുള്ളവർക്ക് നൽകുന്ന ഐഡന്റിറ്റിയാണ് നാഷണാലിറ്റി. ദേശം ആദർശമായി മാറുന്നിടത്താണ് ദേശീയതയും ദേശീയവാദവും ഉത്ഭവിക്കുന്നത്. പൊതുവായ ഒരു സാംസ്കാരിക പൈതൃകം, പാരമ്പര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഐക്യത്തിന്റേയും ഏകത്വത്തിന്റേയും ശക്തമായ വികാരമാണ് ദേശീയത എന്ന് പൊതുവായി വിവരിക്കപ്പെടുന്നു. പൊതുവായ ഒരു ഭാഷ സംസാരിച്ചും, പൊതുവായ ഒരു ഭൂപ്രദേശത്ത് അധിവസിച്ചും പൊതുവായ ഒരു ചരിത്രം ഉൾക്കൊണ്ടും ആ വികാരങ്ങൾ കൂടുതൽ ശക്തമായി തീരുന്നു. ബ്രിട്ടീഷ് ഭരണം ഇന്ത്യൻ സമൂഹത്തിനുണ്ടാക്കിയ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ മാറ്റങ്ങൾ ഇന്ത്യൻ ദേശീയതയുടെ വളർച്ച കൂടുതൽ വേഗത്തിലാക്കി. കൊളോണിയൽ അധിനിവേശങ്ങളോടുള്ള ചെറുത്തുനിൽപ്പാണ് ഇന്ത്യയിൽ ദേശീയബോധം സൃഷ്ടിച്ചത്.

## ദേശീയത ചെറുകഥാസാഹിത്യത്തിൽ

സാഹിത്യത്തിന്റെ ഒരു ശാഖ എന്ന നിലയ്ക്ക് ചെറുകഥകൾക്ക് സമൂഹത്തിന്റെ മീതെ വളരെ വലിയ ഒരു സ്ഥാനമുണ്ട്. സാഹിത്യത്തിന്റെ പ്രചാരമേറിയ ശാഖ എന്ന നിലയിൽ ഇത് സാധാരണക്കാരനെ ആകർഷിക്കുകയും അവരുടെ മാനസിക വികാസത്തിന് സഹായിക്കുകയും ചെയ്യുന്നു. മുപ്പത് നാൽപ്പത് കാലഘട്ടങ്ങളിൽ ചെറുകഥകൾ സാഹിത്യത്തിന്റെ ശക്ത

മായ ശാഖ എന്ന നിലയിൽ സമൂഹത്തിലെ സംഘർഷങ്ങളും ഗ്രാമീണ ജീവിതത്തിലെ വൈരുദ്ധ്യങ്ങളും പ്രതിപാദിച്ചുവന്നു. ഈ കാലഘട്ടത്തിൽ അനേകം ദേശീയവാദികളും സാമൂഹിക പരിഷ്കർത്താക്കളും കഥകളെഴുതി സാഹിത്യത്തെ സമ്പന്നമാക്കുകയുണ്ടായി. അവരിൽ പ്രമുഖരായ തകഴി ശിവശങ്കരപ്പിള്ള, കേശവദേവ്, പൊൻകുന്നം വർക്കി എന്നിവർ വായനക്കാരുടെ പ്രീയപ്പെട്ടവരായിരുന്നു. കെ.പി കേശവമേനോൻ തികഞ്ഞ ദേശീയവാദിയും എഴുത്തുകാരനുമായിരുന്നു. ധൈര്യം, ദേശീയസംസ്കാരം, സ്വാഭിമാനം എന്നിവ പ്രതിഫലിപ്പിക്കുന്ന കേരളീയ ജീവിതത്തിന്റെ കൊളോണിയൽ പ്രാഗ് കാലഘട്ടം അദ്ദേഹത്തിന്റെ പല കഥകളുടേയും പശ്ചാത്തലമായിരുന്നു. ദേശാഭിമാനം, സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സമരവും ഇത്തരം കഥകൾ പ്രോൽസാഹിപ്പിച്ചു. തകഴി തന്റെ കഥകളിൽ കുട്ടനാട്ടിലെ തകർന്ന കർഷകരുടേയും കർഷകതൊഴിലാളികളുടേയും വേദനകൾ ചിത്രീകരിച്ചു. മുപ്പതുകളിലും- നാൽപ്പതുകളിലും ദേശീയതയും സാമൂഹിക പരിഷ്കാരവും പ്രോത്സാഹിപ്പിക്കുന്നതിൽ ചെറുകഥകൾ വഹിച്ച പങ്ക് ഇത്തരം ഉദാഹരണങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. സമകാലീനഇന്ത്യയിൽ ഏറെ കോളിളക്കം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഒരു വികാരമാണ് ദേശീയത എന്നത്. വൈവിധ്യങ്ങളെ ഇല്ലാതാക്കി ഏകശിലാത്മകമായ ഒരു ദേശീയതയ്ക്ക് വേണ്ടിയുള്ള ശ്രമങ്ങളും ഇന്ന് ഇന്ത്യയിൽ നടന്നുവരുന്നു. ന്യൂനപക്ഷങ്ങളുടേയും, കീഴാളരുടേയും പ്രാന്തവത്കരണവും ഇതിലൂടെ നമുക്ക് കാണാൻ കഴിയും.

ഇന്ത്യയിൽ പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിലുണ്ടായ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ ആർഷഭാരത

സംസ്കാരത്തിന്റെ മൂല്യങ്ങളായി ഉയർത്തിപ്പിടിച്ചത് ഹിന്ദുത്വ ത്തിന്റെ ആശയങ്ങളായിരുന്നു. ഇതിന് നമ്മുടെ ദേശീയബോധം വളർത്തിയതിൽ വലിയ പങ്കുണ്ട്. ഈ ദേശീയതയുടെ അനുര ണനങ്ങൾ നമ്മുടെ സാഹിത്യത്തിലും ഉണ്ടായി. നോവലിലും കവിതയിലും കഥയിലുമെല്ലാം ദേശീയതയുടെ പ്രാധിനിത്യ മുള്ള ധാരാളം രചനകൾ ഉണ്ടായി. ഇപ്രകാരം ഉത്തരാധുനിക ചെറുകഥകൾ എഴുത്തുകാരിൽ ദേശീയതയെ എപ്രകാരമാണ് അടയാളപ്പെടുത്തുന്നതെന്നുള്ള ഒരന്വേഷണം ഇവിടെ നട ത്തുന്നു. ഇന്ദുമേനോന്റെ 'സംഘപരിവാർ', കെ.രേഖയുടെ 'മഞ്ഞ്കുട്ടികൾ' എന്നീ പ്രാധിനിത്യസ്വഭാവമുള്ള കഥകൾ ദേശീയതയെ അടയാളപ്പെടുത്തുന്ന വിധം നമുക്കൊന്ന് പരി ശോധിക്കാം. പുതുതലമുറയിലെ സർഗ്ഗവൈഭവമുള്ള എഴുത്തു കാരുടെ മുൻനിരയിൽ തന്നെയാണ് ഇന്ദുമേനോന്റെ സ്ഥാനം. വളരെ സങ്കീർണ്ണവും ചലനാത്മകവുമായ ഒരു പ്രതലമാണ് ഇന്ദുമേനോന്റെ കഥകളിൽ ഉടനീളം കാണാൻ കഴിയുന്നത്. അപ്രതീക്ഷിതത്വ സ്വഭാവമുള്ള ചിന്താവിന്യാസം, നർമ്മ ത്തിന്റെ നിർമമത ബലപ്പെടുത്തിയ ജീവിത നിരീക്ഷണം, പാര മ്പര്യവിമുക്തമായ മനുഷ്യബന്ധസമീപനം, എന്നിവ ഇന്ദുമേ നോന്റെ കഥകളുടെ പ്രത്യേകതകളായി സക്കറിയ അടയാളപ്പെ ടുത്തുന്നു. ശുദ്ധകലാപത്തിന്റെ കഥകളെന്ന് ഇന്ദുമേനോന്റെ കഥകൾ അറിയപ്പെടുന്നു.

## സംഘപരിവാർ

ഇന്ദുമേനോന്റെ 'സംഘപരിവാർ' എന്നകഥ അപരവത്കരണ ത്തിന്റെ സംഘർഷങ്ങളെയാണ് ആവിഷ്കരിക്കുന്നത്. നസ്രു ദീൻ എന്ന വൃദ്ധന്റെ ഓർമ്മകളിലൂടെയും, ഒരു തീവണ്ടി യാത്ര യിലൂടെയുമാണ് ഈ കഥയുടെ ആഖ്യാനം.

*'ഇന്നലെ ഫയിസുവും ഉമ്മറും.*

*നമ്മുടെ പരമ്പരയ്ക്ക് സംഭവിക്കാൻ പോകുന്നത് ഉന്മൂലനാശമാണ്.*

*എഴുപത്തഞ്ചിലേയും ആറിലേയും അവരുടെ അജണ്ടപ്രകാരം നമ്മൾ ന്യൂനപക്ഷക്കാർ'.*

ഈ സംഭാഷണത്തിലൂടെ പാർശ്വവത്കരണത്തിന്റേയും, അപരവത്കരണത്തിന്റേയും കെടുതികൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കലാപത്തിൽ സേട്ടുവിന്റെ മകനെ കാണാതാവുകയും നസറുദ്ദീന്റെ മകൻ കൊല്ലപ്പെടുകയും ചെയ്തു. പരിക്കേറ്റ് മരണാസന്നയായ മകളെ കാണാനും മയ്യത്ത് മറവു ചെയ്തിട്ട് കുട്ടികളെ നാട്ടിലേക്ക് കൊണ്ടുവരാനുമായി മകൻ വാങ്ങിച്ച ട്രാൻസിസ്റ്റർ വിറ്റ പണവുമായി തീവണ്ടിയിൽ യാത്ര ചെയ്യുകയാണ് നസറുദ്ദീൻ. തന്റെ ബാർബർഷോപ്പിൽ നാനാജാതി മതസ്ഥർ വന്നിരുന്ന കാലം വൃദ്ധനോർക്കുന്നു.

എന്നാൽ തൊണ്ണൂറുകൾക്ക് ശേഷം ഹിന്ദുക്കളടക്കമുള്ള അന്യമതസ്ഥർ കടയിൽ വരാത്തതും മുസ്ലീങ്ങൾ മാത്രം തന്റെ കട തേടിവരുന്നതുമായും നസ്റുദ്ദീൻ മനസ്സിലാക്കുന്നുണ്ട്. ബാബറി മസ്ജിദ് തകർത്തതും അതിനെത്തുടർന്നുണ്ടായ വർഗ്ഗീയ ധ്രുവീകരണവുമാണ് ഇതിന് കാരണം. അതിന് ശേഷം ഒരു ഭയം നസ്രുദ്ദീനെ കീഴടക്കുന്നുമുണ്ട്. ദേശീയത ഒരു പ്രശ്നമേഖലയാകുന്നത് അത് രാഷ്ട്രത്തിലെ എല്ലാ ജനവിഭാഗങ്ങളെയും ഒരുപോലെ ഉൾക്കൊള്ളുന്നില്ല എന്നിടത്താണ്. ന്യൂനപക്ഷമായ മുസ്ലീംജനത പലപ്പോഴും ആക്രമണങ്ങൾക്ക് ഇരയാകാറുണ്ട്. തീവ്രവാദികൾ എന്ന പേരിൽ മുദ്രകുത്തപ്പെടാറു

മുണ്ട്. സേട്ടുവിന്റെ മകന്റെ തിരോധാനത്താലും സ്വന്തം മകന്റെ മരണത്താലും ഭയചകിതനായ വൃദ്ധന് തീവണ്ടിയാത്രയിൽ ഉറങ്ങാത്തവർ എല്ലാം തന്നെ ശ്രദ്ധിക്കുന്നതായും എല്ലാവരുടേയും കണ്ണുകളിൽ പകയും പുച്ഛവും ഉള്ളതായും തോന്നി. ഈ തോന്നൽ ന്യൂനപക്ഷ വിഭാഗക്കാർക്ക് ഭൂരിപക്ഷ സമൂഹത്തോടോ, മതത്തോടോ ഉളവാകുന്ന മനോഭാവം തന്നെയാണ്. മുടിവെട്ടുന്ന നസ്റുദ്ദീനോട് മുസ്ലീമിന്റെ തലവെട്ടുന്ന കാര്യം സൂചിപ്പിച്ചപ്പോൾ ഷേവിങ്ങിനിടെ ആ വൃദ്ധന്റെ കയ്യിലുണ്ടായിരുന്ന ബ്ലേഡ് വിറയ്ക്കുകയും സേട്ടുവിന്റെ കവിൾ മുറിഞ്ഞതും അദ്ദേഹം ഓർക്കുന്നുണ്ട്. മരിക്കുംമുമ്പ് മകളെ ഒരുനോക്ക് കാണണമെന്ന ആഗ്രഹത്തോടെയാണ് നസറുദ്ദീൻ തീവണ്ടി കയറിയത്. തീവണ്ടി നിൽക്കുമ്പോൾ വർഗീയവാദികൾ കയറുമെന്നും അവരുടെ നെറ്റിയിൽ രക്തവർണ്ണത്തിലുള്ള കുറിയുണ്ടാകുമെന്ന് അപായസൂചന നൽകിക്കൊണ്ടാണ് സേട്ടു യാത്രയാക്കിയത്. എന്നാൽ ഈ സൂചനയെ അവഗണിച്ചാണ് വൃദ്ധൻ യാത്രയായത്. നസ്റുദ്ദീന്റെ ഈ ഭീതി കഥയുടെ അവസാനം വരെ നിലനിൽക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. യാത്രക്കിടയിൽ നസ്റുദ്ദീന്റെ കമ്പാർട്ട്മെന്റിൽ ഇരുന്ന ഒരു മുസ്ലീം ചാടിയിറങ്ങുന്നതും നെറ്റിയിൽ കുറിയിട്ട ഒരു സംഘം ചാടിക്കയറുന്നതും അയാൾ ഭയത്തോടെ കണ്ടു. ഭയന്നുവിറച്ച് അയാൾ വാതിലിനരികെ നിൽക്കുകയും ട്രെയിൻ നീങ്ങിത്തുടങ്ങിയപ്പോൾ ചാടിയിറങ്ങുകയും ചെയ്തു. ഇത്തരത്തിലൊരു വർഗ്ഗത്തിന്റെ ഭയത്തെ ഹൃദയസ്പർശകമായി ആവിഷ്ക്കരിക്കാൻ കഥാകാരി ഇവിടെ ശ്രമിക്കുന്നു. എന്നാൽ ചാടിയിറങ്ങിയതിന് ശേഷം അവർ കലാപകാരികളല്ല എന്ന് വൃദ്ധൻ തിരിച്ചറിയുന്നിടത്ത് ഭയാന്തരീക്ഷം മാറുകയും ചെയ്യുന്നു. മതേതര

ത്വത്തിന്റെ നാടാണ് ഇന്ത്യ. നൂറ്റാണ്ടുകളായി വിവിധ മതക്കാർ സ്നേഹത്തോടെയും, സൗഹാർദ്ദത്തോടെയും ജീവിച്ച് കടന്നുപോയ മണ്ണാണിത്. എന്നാൽ ഒരുകൂട്ടം ജനങ്ങൾ ഈ സൗഹാർദ്ദത്തെ തകർക്കുകയും ദേശീയതയിലെ വൈവിധ്യത്തെ തകർക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള സംഘർഷാവസ്ഥകളെ യാഥാർത്ഥ്യബോധത്തോടെ അവതരിപ്പിക്കാൻ ഈ കഥയിലൂടെ കഥാകാരി ശ്രമിക്കുന്നു.

ദേശീയതയെ പ്രശ്നവത്കരിക്കുന്ന കെ.രേഖയുടെ കഥയാണ് 'മഞ്ഞുകുട്ടികൾ'. സമകാലികമലയാള ചെറുകഥയിലെ ശക്തവും വ്യതിരിക്തവുമായ സാന്നിധ്യമാണ് കെ.രേഖ. പാർശ്വവത്കരിക്കപ്പെട്ട സ്ത്രീകളുടെ പ്രതിരോധവും പ്രതിഷേധവും തന്റെ രചനകളിലൂടെ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാൻ അവർ ശ്രമിക്കുന്നു. രേഖയുടെ രചനകളിൽ തലയെടുപ്പോടെ നിൽക്കുന്ന ഒന്നാണ് മഞ്ഞ്കുട്ടികൾ. ചാലിയാറിന്റെ കരകളിൽ ജീവിക്കുന്ന ഇത്തീബിയുടേയും മകനായ ഷാഹിന്റെയും ജീവിതാനുഭവങ്ങൾ അവതരിപ്പിക്കുന്നതോടൊപ്പം മുസ്ലീം സമുദായം അനുഭവിക്കുന്ന വേദനകളെയും അപരവത്കരണത്തെയും ഉള്ളുരുകുന്ന വൈഷമ്യത്തോടെ കഥാകാരി വരച്ചു കാണിക്കുന്നു. ഒപ്പം മുസ്ലീംസമുദായത്തിൽ സ്ത്രീകളനുഭവിക്കുന്ന ദുരവസ്ഥകളെക്കുറിച്ചും പ്രത്യേകിച്ച് (ബഹുഭാര്യാത്വം, ശൈശവവിവാഹം, വിദ്യാഭ്യാസനിഷേധം) കഥാകാരി വ്യക്തമാക്കുന്നുണ്ട്. മുസ്ലീം സ്ത്രീകളുടെ സാമൂഹ്യാവസ്ഥകളെക്കുറിച്ച് ചിന്തിക്കാൻ ഈ കഥ പ്രേരണ നൽകുന്നു. ഇത്തീബിയും ഏക മകൻ ഷാഹിനും അനുഭവിക്കേണ്ടിവരുന്ന ദുരന്തങ്ങളിലൂടെയാണ് കഥ പുരോഗമിക്കുന്നത്. പുരുഷാധിപത്യവും യാഥാസ്ഥിതികവുമായ ഒരു സമൂഹത്തിന്റെ ഇരയാണ് ഈ കഥ

യിലെ ഇത്തീബി. അവൾക്ക് വിദ്യാഭ്യാസവും അതുവഴിയുള്ള സാമൂഹ്യനീതിയും നിഷേധിക്കപ്പെടുന്നതായി കഥയിൽ കാണാം. ഷാഹിൻ എന്ന കഥാപാത്രത്തെക്കുറിച്ച് ചുരുക്കം ചില സൂചനകൾ മാത്രമേ കഥയിൽ കാണാൻ സാധിക്കുകയുള്ളു. മറ്റൊരാളുടെ ഭാര്യയായിരുന്ന ഹിന്ദുസ്ത്രീയെ സ്നേഹിച്ചതിനാൽ മാമൻ അവനെ വീട്ടിൽനിന്നും ഇറക്കിവിടുന്നു. ഇത്തീബിപലപ്പോളുംഅവനെകാണാൻശ്രമിക്കുന്നുണ്ട്. പക്ഷെ അത് നടക്കുന്നില്ല. ചുമടെടുപ്പുകാരനായും പുസ്തക കച്ചവടക്കാരനായും നടന്ന അവനൊടുവിൽ നാടുവിട്ടുപോയി എന്നാണ് കഥയിൽ സൂചിപ്പിക്കുന്നത്. കഥയിൽ ഷാഹിൻ തെറ്റുകാരനോ അല്ലെയോ എന്നുള്ള സൂചനകളൊന്നും കണ്ടെത്താൻ കഴിയില്ല. മകനൊടുവിൽ രാജ്യദ്രോഹിയായി കൊല്ലപ്പെട്ടതറിഞ്ഞപ്പോൾ തന്റെ അഭയം നഷ്ടപ്പെടുമെന്നോർത്ത് ഇത്തീബി മകന്റെ മയ്യത്ത് കാണണ്ട എന്ന് പറയുന്നു. മാധ്യമങ്ങളെല്ലാം ഒരു ദിവസംമാത്രം ഇത്തീബിയുടെ സ്നേഹം കൊണ്ടാടി. കേസും മറ്റുമാകുമെന്ന് ഭയന്ന് സഹോദരൻ ഇത്തീബിയെ വീട്ടിൽനിന്നും ഇറക്കിവിടുന്നു. ഇവിടെ ഒരു മുസ്ലീമായി ജനിച്ചതിനാൽ രാജ്യസ്നേഹം തെളിയിക്കേണ്ട ബാധ്യത ഇത്തീബിക്കും സഹോദരനും വന്നുചേരുന്നു. മകനെ തള്ളിപ്പറഞ്ഞ ഇത്തീബിയുടെ രാജ്യസ്നേഹം വാഴ്ത്തിയവരാരും അവർക്ക് അഭയം നൽകിയില്ല എന്നുള്ളത് കഥയിൽ വ്യക്തമാണ്. ദേശീയത ഒരു മുഖ്യവിഷയമായി കടന്നുവരുന്നത് ഇവിടെ കാണാൻ സാധിക്കും. രാജ്യദ്രോഹക്കുറ്റത്തിന് മരണമടഞ്ഞ മകന്റെ മയ്യത്തുകാണാതിരിക്കുന്നതോടുകൂടി തീവ്രവാദവും തീവ്രവാദവിരുദ്ധവുമായ മുസ്ലീം സ്വത്വം കടന്നുവരുന്നു. ഈ മുസ്ലീം സ്വത്വം അപരവത്കരണത്തിന്റെ പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ട്.

ചുരുക്കത്തിൽ നാനാത്വത്തിൽ ഏകത്വമെന്ന് പറയുന്നുണ്ടെങ്കിലും ഇന്ത്യൻ ദേശീയത ന്യൂനപക്ഷ മതവിഭാഗങ്ങളെ അപരവത്കരിക്കുന്നുണ്ടെന്ന് ഇന്ദുമേനോൻ, കെ.രേഖ എന്നിവരുടെ കഥകളിൽ നിന്നും നമുക്ക് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള കലാപങ്ങളും അടിച്ചമർത്തലുകളും ഇന്ത്യയിലിന്ന് പലഭാഗങ്ങളിലായി നടന്നുവരുന്നു. അത്തരമൊരവസ്ഥയിൽ ന്യൂനപക്ഷ സമുദായത്തിന്റെ ഭയം എന്ന വികാരത്തെ ഇന്ദുമേനോൻ ‘സംഘപരിവാറിൽ’ ചിത്രീകരിക്കുമ്പോൾ വർത്തമാനകാലത്തിന്റെ ക്രൂരയാഥാർത്ഥ്യങ്ങളുടെ നേർചിത്രീകരണമായി കെ.രേഖയുടെ ‘മഞ്ഞുകുട്ടികൾ’ മാറുന്നു.

# സ്ത്രീശരീരത്തിന്റെ പ്രതിനിധാനം കെ.ആർ മീരയുടെ കഥകളിൽ

പ്രഫിത ജോസ്

ഉത്തരാധുനിക സ്ത്രീ എഴുത്തുകാരിൽ ശ്രദ്ധേയയാണ് കെ. ആർ. മീര. ഇവരുടെ കഥകൾ ഭാഷാസൃഷ്ടികൊണ്ടും ആശയ സ്വീകരണം കൊണ്ടും വ്യത്യാസപ്പെട്ടിരിക്കുന്നു. ഈ സമൂഹ ത്തിൽ ഇന്ന് സ്ത്രീകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതാ വസ്ഥകളെ ഫെമിനിസത്തിന്റെ അതിരുകൾക്കപ്പുറം കടത്തി തീവ്രമായി ആവിഷ്കരിക്കുവാൻ മീരയ്ക്ക് കഴിയുന്നു. ധാരാ ളം എഴുത്തുകാരികൾ നിലനിൽക്കുന്നു എങ്കിൽക്കൂടി സാഹി ത്യത്തിൽ അവർ ആവിഷ്ക്കരിക്കുവാൻ മടിക്കുന്ന ചില യാഥാർ ത്ഥ്യങ്ങളുണ്ട്. അങ്ങനെയൊരു മേഖലയാണ് ലൈംഗികത. ഇത് ജീവിതത്തിന്റെ അടിസ്ഥാനഘടകമാണ്. എന്നാലിതിലേ യ്ക്ക് എത്തുമ്പോൾ ഭയപ്പെടുന്ന ചിലരെയെങ്കിലും നമുക്ക് കാണാം. പക്ഷെ മീര ഇതിൽനിന്നും വ്യത്യസ്തയാണ്. തന്റെ കഥകളിൽ ലൈംഗികതയെ ആർജ്ജവത്തോടെയും പരിഭ്രമമി

ല്ലാതെയും ഫലിതപാടവത്തോടെയും അവതരിപ്പിച്ച് മികവുനേടുകയാണവർ.

മാധവിക്കുട്ടിക്ക് ശേഷം പെൺമനസ്സിനേയും പെണ്ണവസ്ഥകളെയും അവളുടെ വികാര വിചാരങ്ങളെയും തീക്ഷ്ണമായി തുറന്നെഴുതാൻ മീരയ്ക്ക് സാധിച്ചു. രോഗം, പ്രണയം, ലൈംഗികത എന്നിവയെല്ലാം മുഖ്യപ്രമേയമായി ഈ കഥാകാരി തന്റെ രചനകളിൽ ആവിഷ്ക്കരിച്ചു. പ്രത്യേകിച്ച് സമകാലികരായ പല എഴുത്തുകാരും കടന്നുചെല്ലാൻ ധൈര്യം കാണിക്കാത്ത മേഖലകളും മീര ആവിഷ്ക്കരിക്കുന്നുണ്ട്.

സ്ത്രീയുടെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കാൻ, അവളുടെ വായടക്കാൻ പുരുഷസമൂഹം മുഖ്യപ്രമേയമായി ഉപയോഗിക്കുന്നത് സ്ത്രീയുടെ ലൈംഗികതയാണ്. ഇവിടെ സ്ത്രീ പിന്നോട്ട് മാറുന്നതായി കാണാം. അതിനാൽ തന്നെ സ്വന്തം ആത്മാവിന്റെ സ്വരം കേൾപ്പിക്കുന്നതിന്, തന്റെ വ്യക്തിത്വം മനസ്സിലാക്കിപ്പിക്കുന്നതിന് ഈ പ്രവണത അവൾക്ക് മാറ്റിയേ പറ്റൂ. അതായത് ലൈംഗികത ആവിഷ്ക്കരിക്കാനുള്ള സ്വാതന്ത്ര്യം അവൾക്ക് വേണം. വിലക്കുകളെ എല്ലാം മറികടക്കണം. അതുകൊണ്ടുതന്നെ പുരുഷ കേന്ദ്രീകൃതമായ ലൈംഗികതയിൽ മീരയും ഒരു പൊളിച്ചെഴുത്ത് നടത്തുന്നുണ്ട്. എന്തും തുറന്നെഴുതാൻ ധൈര്യം കാണിക്കുന്ന മീര ഒരു ശരീരമെഴുത്ത് തന്നെ കഥയിലൂടെ നടത്തുന്നു. ഒരു സ്ത്രീക്ക് എല്ലാം തന്റെ ശരീര കേന്ദ്രീകൃതമാണ്. അതിനാൽത്തന്നെ ശരീരത്തെ മാറ്റി നിർത്തി അവൾക്ക് എഴുതാനാവില്ല.

യഥാർത്ഥ സ്ത്രീയാണ് ഇവിടെ ചിത്രീകരിക്കപ്പെടുന്നത്. ഇത്തരം മെയ്യെഴുത്തിലൂടെ പുരുഷന്റെ കാമത്തെ ശമിപ്പിക്കാനല്ല മീര ശ്രമിക്കുന്നത്. മറിച്ച് ഒരു സ്ത്രീ എന്താണെന്ന് വ്യക്ത

മാക്കുകയാണ് ചെയ്യുന്നത്. ഏത് സംഭവവും പച്ചയായും ലളിതമായും ആവിഷ്കരിക്കാനുള്ള കഴിവ് ഈ കഥാകാരിക്കുണ്ട്. വർത്തമാനകാല സംഭവങ്ങൾക്ക് പ്രാധാന്യം നൽകുന്ന കഥകളായതുകൊണ്ട് സമൂഹത്തിന്റെ പൊതു മണ്ഡലത്തിലേക്ക് അവ നമ്മെ നയിക്കുന്നു.

## സ്വവർഗ്ഗ സങ്കടങ്ങൾ

പുരുഷ വർഗത്തിന്റെ ദുഃഖങ്ങളിൽ മുഴുകുന്ന ഗോപാലകൃഷ്ണപിള്ളയുടെ കഥയാണ് 'സ്വവർഗ്ഗസങ്കടങ്ങൾ'. സ്ത്രീകൾക്ക് യാതൊരു വിലയും കൽപ്പിക്കാത്തൊരു മനുഷ്യനാണയാൾ. സ്വന്തം കുടുംബം നോക്കാത്ത അയാൾ ഒരു വേശ്യാസ്ത്രീയുമായി ബന്ധം പുലർത്തുകയും ചെയ്യുന്നു. ഒരു പ്രസംഗത്തിന്റെ അവതരണത്തിലൂടെയാണ് മീര സ്ത്രീകളനുഭവിക്കുന്ന ദുരിതവും ഇതിനെതിരെയുള്ള ശക്തമായ പ്രതികരണവും സൃഷ്ടിച്ചിരിക്കുന്നത്. 'പെണ്ണ് ഘോരഘോരം പ്രസംഗിച്ചു. കോഴിക്കുഞ്ഞിന്റെ ഒച്ച, കടുവയുടെ ഭാവം ഈ ലിംഗമാണ് ഇന്ന് നാടുഭരിക്കുന്നത്. സ്ത്രീയെ കീഴ്പ്പെടുത്തി അവളുടെ മേൽ ലൈംഗികമായ അധികാരം സ്ഥാപിക്കുകയാണ് പുരുഷൻ. ലിംഗം ഒരു പ്രതീകമാണ്. അതാണ് ഇന്നത്തെ ദുഷിച്ച അധികാര വ്യവസ്ഥയുടെ ആണിക്കല്ല്, അച്ചുതണ്ട്. സ്ത്രീയുടെ സ്വത്വത്തിന്മേൽ ലൈംഗികമായ അധീശത്വം സ്ഥാപിക്കുകയാണ് പുരുഷൻ. ഓരോ പുരുഷനും റേപ്പിസ്റ്റാണ്. ആക്രമിച്ച് കീഴടക്കാനാണ് അവന് വാസന. ഒരു സ്ത്രീയും പുരുഷനെ ആഗ്രഹിക്കുന്നില്ല. അവൾ അവന് കീഴ്പ്പെടുന്നത് നിവൃത്തികേടുകൊണ്ടാണ്. സ്ത്രീയുടെ ലൈംഗികത അവനുള്ള ഒരു ഔദാര്യവും സൗജന്യവുമാണ്. വായ്നാറ്റവും വിയർപ്പുനാറ്റവും സഹിച്ച് തളരാത്ത ഏത് സ്ത്രീയാണ് സംസ്ഥാനത്തുള്ളത്'?.

ഇവിടെ സ്ത്രീയിൽ നിന്നും ലിംഗം എന്ന വാക്കുകേട്ടത് ഗോപാലകൃഷ്ണന് ഉൾക്കൊള്ളാൻ സാധിക്കുന്നില്ല. താൻ പ്ര സംഗത്തിൽകേട്ട കാര്യം ഭാര്യയോട് പറഞ്ഞപ്പോൾ 'അടിച്ചോടി ച്ചാലും തരക്കേടില്ല, ഉണ്ടാക്കിയിട്ട പിള്ളേർക്ക് ചിലവിന് കൊ ടുക്കാത്തവൻ ഒക്കെ ഇതെന്തിനാ കൊണ്ടുനടക്കുന്നതെന്ന് ക്ഷോഭിച്ചു'. പ്രതികരണ ശേഷിയുള്ള സ്ത്രീയെയാണ് മീര ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ദേഷ്യം വന്ന് ഗോപാലകൃ ഷ്ണപിള്ള അവളെ ഉപദ്രവിച്ചപ്പോൾ അടിച്ചോടിക്കുകയല്ലെടാ മഹാപാപി വെട്ടിമുറിച്ച് കുഴിച്ചിടണം എന്നവൾ പ്രാകി. സ്ത്രീ യുടെ ശക്തമായ പ്രതിഷേധമാണ് ഇവിടെ കാണുന്നത്. തന്റെ കഥകളിൽ മീര ലൈംഗികതയെ ആർജ്ജവത്തോ ടെയും പരിഭ്രമമില്ലാതെയും ഫലിതപാടവത്തോടെയും അവ തരിപ്പിക്കാറുണ്ട്. അതിന് ഉത്തമ ഉദാഹരണമാണ് ഈ കഥ.

## ശൂർപ്പണഖ

ഫെമിനിസ്റ്റ് സ്വത്വം ഉൾക്കൊള്ളുന്ന കഥകളാണ് മീരയുടേത്. എന്നാൽ ഒരു ആന്റി–ഫെമിനിസ്റ്റ് കഥ എന്ന രീതിയിൽ ഏറെ ശ്രദ്ധിക്കപ്പെട്ടതാണ് മീരയുടെ 'ശൂർപ്പണഖ'. ശൂർപ്പണഖയുടെ കഥയെന്ന് കേൾക്കുമ്പോൾ ആദ്യം മനസ്സിലോടിവരുന്നത് രാമാ യണത്തിലെ ആരണ്യകാണ്ഡമാണ്. പക്ഷെ മീരയുടെ ശൂർപ്പ ണഖ അത്തരത്തിലൊരുവളല്ല. ഫെമിനിസത്തെ ജീവശ്വാസ മായി കരുതുകയും വിവാഹത്തേയും മാതൃത്വത്തേയും പൊള്ള യായി കരുതുന്നവളുമാണ് ശൂർപ്പണഖയിലെ നായിക കഥാപാ ത്രം. ഇതിനുദാഹരണമാണ് റാമിന്റേയും അനഘയുടേയും സംഭാഷണം.

'റാം നമുക്ക് ഒന്നിച്ച് ജീവിച്ചുകൂടെ'?

'എന്നുവെച്ചാൽ വിവാഹം'?

അതുവേണോ? ജസ്റ്റ് ലിവിങ് ടുഗതർ.....!!

'റേറ്റ്കൂടി ഒന്ന് പറഞ്ഞേക്ക് ' ?!

'മനസ്സിലായില്ല'?

എന്റെ അറിവിൽ ഇത്തരം

സ്ത്രീകൾക്ക് നേരം വെളുക്കുമ്പോൾ

ചോദിക്കുന്ന പണം കൊടുക്കണം'.

'അത് അവരുടെ ജീവിതമാർഗ്ഗമാണ്'.

അതെ അതുകൊണ്ട് അതിന്

കുറച്ചുകൂടി മാന്യതയുണ്ട് '.

ഇവിടെ സ്ത്രീയുടെ മനോഭാവം വ്യത്യാസപ്പെട്ടിരിക്കുന്നത് കാണാം. സ്ത്രീ ശക്തിനേടി. അവൾ പരിഷ്കൃതയായി. ഒരു കുടുംബത്തിനുള്ളിൽ ഒതുങ്ങാൻ അവൾ തയ്യാറാകുന്നില്ല. ഇവിടെ മീര സ്ത്രീയെ തന്റെ സ്വത്വം തിരിച്ചറിഞ്ഞ് അടിമ നിലയിൽ നിന്നും പുരുഷാധിപത്യത്തിൽ നിന്നും ഉയർത്തിക്കൊണ്ടുവരുന്നു. മാത്രമല്ല ഉത്തരാധുനികതയുടെ പ്രത്യേകതയായ തുറന്നെഴുത്തും ഈ കഥയിൽ കാണാം.

'റാം നിങ്ങളെന്റെ ബ്രെസ്റ്റിൽ തൊടരുത്, എനിക്കിഷ്ടമല്ല. തുടർന്നവൾ പറയുന്നത് സ്ത്രീ പുരുഷ ബന്ധം പ്രത്യുൽപ്പാദനത്തിന് വേണ്ടിയുള്ളതാണ്. സെക്സ് ഒരു പ്ലഷറായി കാണുമ്പോൾ സ്ത്രീശരീരത്തെ നിങ്ങൾ ഉപഭോഗ വസ്തുവായി കാണുകയാണ്'. ഇവിടെ സ്ത്രീക്ക് തന്റെ ശരീരത്തിലുള്ള അധികാരം വ്യക്തമാകുന്നു.

സ്ത്രീ ഒരമ്മയാകുമ്പോൾ പ്രത്യേകിച്ച് മുലയൂട്ടലിൽ അവ ൾക്ക് അനുഭവിക്കേണ്ടിവരുന്ന വേദനകൾ മീര അനഘയി ലൂടെ അവതരിപ്പിക്കുന്നു. ദംഷ്ട്രകൾ ഉള്ളിലടക്കിയ കുഞ്ഞു മോണകളുടെ ശക്തി, തൊലിയടരുന്ന മാംസം, നീറ്റൽ, വിങ്ങൽ, വേദന ഇവയെല്ലാം യാഥാർത്ഥ്യമാണെങ്കിൽക്കൂടി മീര പരിഹാ സമായാണ് അവതരിപ്പിച്ചിരിക്കുന്നത്.

അനഘയ്ക്ക് ബ്രസ്റ്റ് ക്യാൻസറാണ്. എന്നാൽ അവൾ തളരു ന്നില്ല. ക്യാൻസറിനെപ്രതി ബ്രസ്റ്റ് രണ്ടും മുറിച്ച് മാറ്റുമ്പോൾ താൻ അക്ഷരാർത്ഥത്തിൽ ശൂർപ്പണഖയാകുന്നു എന്നുപറഞ്ഞ് അവൾ ചിരിക്കുന്നു. സമ്മതപത്രത്തിൽ ഒപ്പ് വയ്ക്കാൻപോലും ഭർത്താവിന്റെ ആവശ്യം അവൾക്കില്ല. അവൾ പറയുന്നത് 'എന്റെ ശരീരം, നെഞ്ചിൽ പാൽഗ്രന്ഥികളും അടിവയറ്റിൽ അണ് ഡാശയവുമുള്ള എന്റെ ശരീരം, ഇത് കീറി മുറിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാൻ ഇതുരണ്ടും ഇല്ലാത്ത ഒരാ ളുടെ സമ്മതം എന്തിനാണെന്നാണ്'. ദൃഢനിശ്ചയമുള്ള, പുരു ഷന്റെ ഒരുവിധ സഹായവും ആവശ്യമില്ലാത്ത ഒരു സ്ത്രീയെ മീര ഇവിടെ അവതരിപ്പിച്ചിരിക്കുന്നു.

തന്റെ ശരീരത്തിന്റെ അവകാശി താൻ തന്നെയാണെന്നും മറ്റൊരാൾക്കും അതിൽ അവകാശമില്ലെന്നും പി.പി അനഘ എന്ന ഫെമിനിസ്റ്റിലൂടെ മീര വ്യക്തമാക്കുന്നു. സ്ത്രീ കേവല മൊരു ഉപഭോഗ വസ്തു അല്ലെന്നുള്ള തിരിച്ചറിവും അതിനെ തിരേയുള്ള പ്രതിഷേധവും ശൂർപ്പണഖയിലൂടെ സാധ്യമാക്കു കയാണ് കഥാകാരി.

ഒരോ കഥയിലും മീര വ്യത്യസ്തത കൈവരിച്ചിരിക്കുന്ന തായി കാണാം. 'സ്വവർഗ്ഗ സങ്കടങ്ങൾ' എന്ന കഥയിലൂടെ സ്ത്രീ

കളുടെ മഹത്വം ഉയർത്തിക്കാട്ടുകയാണ് മീര. പുരുഷനോടുള്ള തന്റെ പ്രതിഷേധം ഈ കഥയിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. സ്വവർഗ്ഗസങ്കടങ്ങൾ എന്ന പേരുനൽകി സ്ത്രീയുടെ ജീവിതം ചിത്രീകരിക്കുകയും അവളെ ഉദാത്തവത്കരിക്കുകയും ചെയ്യുന്നതിലൂടെ മീര പുരുഷ സമൂഹത്തെ പരിഹസിക്കുന്നു. 'ശൂർപ്പണഖ'യിലൂടെ സ്ത്രീ തന്റെ സ്വാതന്ത്രം നേടിയെടുക്കുന്നു. പാരമ്പര്യമായി സ്ത്രീക്ക് കൽപ്പിച്ച് നൽകിയ ഭാവങ്ങളിൽ നിന്ന് മോചനം നേടി പരിഷ്കൃതയായ സ്ത്രീയെയാണ് മീര ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. തന്റെ ശരീരം തന്റെ സ്വാതന്ത്ര്യമായി കരുതാൻ സ്ത്രീ കെൽപ്പുള്ളവളായി മാറിയിരിക്കുകയാണ് ഈ കഥയിൽ.

# മൃഗകഥാപാത്രങ്ങൾ വി.ആർ സുധീഷിന്റെ കഥകളിൽ

അലീന ഡോമി

മലയാള സാഹിത്യത്തിൽ ഏക്കാലത്തേയും നല്ല കഥാകാരനാണ് വി.ആർ. സുധീഷ്. അദ്ദേഹത്തിന്റെ ഓരോ കഥയും വായനയ്ക്കുശേഷം ഒരു നൊമ്പരപ്പെടുത്തുന്ന ഓർമ്മയായി നിരന്തരം പിന്തുടർന്നു കൊണ്ടേയിരിക്കും. 'ഓരോ സെൻ കഥപോലെയാണ്. മുഖമടച്ചൊരടി തരുന്നു' എന്നാണ് ഡോ. എം.ലീലാവതി അദ്ദേഹത്തിന്റെ കഥകളെക്കുറിച്ച് പറഞ്ഞത്. കവിഞ്ഞൊഴുകുന്ന പ്രണയവും, സഹജീവി സ്നേഹവും, നിരന്തരം കേൾക്കുന്ന സംഗീതവും ആ കഥകളുടെ പ്രത്യേകതയാണ്.

മൃഗങ്ങളെ ഇത്രയേറെ സ്നേഹിച്ച ഒരു കഥാകൃത്ത് വേറെയുണ്ടാവുകയില്ല. എല്ലാവരും ഭൂമിയുടെ അവകാശികളാണെന്ന ബഷീറിന്റെ തത്ത്വം തന്നെയാണ് ഇദ്ദേഹത്തിന്റേയും. ജന്തുക്കളുടെ സമൃദ്ധമായ  ലോകം ഇദ്ദേഹത്തിന്റെ കഥകളുടെ പ്രത്യേകതയാണ്. വംശാനന്തരതലമുറ, ചേരയുടെ വീട്,

പുലി, നാഗരാജാവിന്റെ വരവ്, കിരാതമൗനം, കത്തുന്ന പുല രികൾ, തുടങ്ങിയവ ഉദാഹരണങ്ങളാണ്. മൃഗങ്ങളെ കഥാ പാത്രങ്ങളാക്കുക മാത്രമല്ല, അവയ്ക്ക് മനുഷ്യ ഭാവം നൽകു കയും ചെയ്യുന്നു.

മനുഷ്യത്വം പോലും നഷ്ടപ്പെട്ട മനുഷ്യരുടെ ഇടയിൽ ഇത്ര മാത്രം ജീവി സ്നേഹം വെച്ചു പുലർത്തുന്ന ഇദ്ദേഹം മറ്റുള്ള വരിൽ നിന്ന് വ്യത്യസ്തനാകുന്നു. മനുഷ്യനിൽ മൃഗഭാവ ങ്ങളും മൃഗങ്ങളിൽ മനുഷ്യഭാവങ്ങളും ഉണ്ടെന്ന സത്യം മന സ്സിലാക്കേണ്ടിയിരിക്കുന്നു. മനുഷ്യനുവേണ്ടി മാത്രമുള്ളതല ഭൂമി. അവിടെ വേറെയും അനേകം ജീവികളുണ്ട്. ജീവിതങ്ങ ളുണ്ട്. അവർക്കും ഭൂമി അവകാശപ്പെട്ടതു തന്നെ. അവയ്ക്കും മനുഷ്യരുടെയെന്നപോലെ ജീവിതത്തിലെ അഗ്നി പരീക്ഷ കളെ നേരിടേണ്ടതുണ്ട്. ത്യാഗപൂർണ്ണം തന്നെയാണ് ജീവിവർഗ്ഗ ങ്ങളുടെ ജീവിതം. അത് തവളയായാലും ചേരയായാലും മീനായാലും ശലഭമായാലും എല്ലാം അങ്ങനെ തന്നെ. മൃഗങ്ങ ളിൽ മനുഷ്യഭാവം അധികമായാൽ അതും ഒടുവിൽ സ്വാർത്ഥ നാകും എന്ന കാര്യം മറഞ്ഞിരിക്കുന്നു. ഓരോ മനുഷ്യനെയെ ന്നപോലെ ഓരോ ജന്തുവിന്റെയും അനുഭവങ്ങൾ പലതാണ്. അവർക്ക് പറയാനുള്ള കഥകളും പലതാണ്. ആ കഥകളാണ് വി.ആർ.സുധീഷിന് പറയാനുള്ളത്. ആത്മ സംഘർഷത്തിന്റെ കഥാനുഭവങ്ങളാണ് വി.ആർ. സുധീഷിന്റെ മനുഷ്യേതരകഥാ പാത്രങ്ങൾ വായനക്കാർക്ക് നൽകുന്നത്. മനുഷ്യരോളം ദുഷ്ട ന്മാരല്ല ഞങ്ങൾ എന്ന ദർശനം സമസ്ത ജീവജാലങ്ങൾക്കും അറിയാം. ബോധപൂർവ്വം അത് മറക്കുന്നത് മനുഷ്യരാണ്. അതു കൊണ്ടുതന്നെയാണ് കുറുക്കാ... കുറുക്കാ..., പൂച്ചയെ വളർ ത്തിയ മനുഷ്യൻ എന്നീ കഥകൾ വ്യത്യസ്തമാകുന്നത്.

## 1.1 കുറുക്കാ ... കുറുക്കാ...

കുറുക്കന്റെ ഇന്നലെകളെയും ഇന്നിനേയും താരതമ്യം ചെയ്യുന്ന കഥയാണ് കുറുക്കാ.... കുറുക്കാ. ഒരു ജന്തു എന്ന തിലുപരി കേട്ടു പഴകിയ കഥാപാത്രം കൂടിയാണ് കുറുക്കൻ. ഇന്നലെകളിൽ കുറുക്കൻ പഞ്ചതന്ത്രം കഥകളിലും മുത്തശ്ശി കഥകളിലും നിറഞ്ഞുനിന്നിരുന്നു. കുറുക്കൻ ഇത്തരമൊരു പരിവേഷത്തിലായിരുന്നുവെന്ന് പറയാം. പകൽ മറഞ്ഞിരി ക്കുകയും രാത്രിയിൽ ഉറക്കെ ഓരിയിടുകയും ചെയ്യുന്ന കുറു ക്കൻ തേറുകുന്നിൽ നിന്നും ഇറങ്ങി വന്ന് കോഴിയെ പിടിക്കു മായിരുന്നു. പേടിപ്പിക്കുന്ന ഓർമ്മകളാണിതെല്ലാം. കുറു ക്കനെ പറ്റി ധാരാളം കഥകൾ കേട്ടിരുന്ന കാലമായിരുന്നു അത്. കുറുക്കനും ഇന്ന് പറയാറുണ്ട്, ജീവിതമറിഞ്ഞ കാലമാ ണതെന്ന്.

ഇന്ന് അതെല്ലാം പഴങ്കഥകൾ മാത്രം. അവസ്ഥകൾ മാറി മറിഞ്ഞു. കുറുക്കൻ ജനകീയനായിരിക്കുന്നു. ആർക്കും കു റുക്കനെ ഇന്ന് പേടിയില്ല. മനുഷ്യനെ പോലെ മനുഷ്യർക്കിട യിലാണ് ഇന്നവന്റെ ജീവിതം. ചൊല്ലി പതിഞ്ഞ പഴഞ്ചൊല്ലു കളെല്ലാം നിരർത്ഥകമായിരിക്കുന്നു.

'കുറുക്കനും കോഴിയും ഒന്നായിരിക്കുന്നു. കീരിയും പാമ്പും ഒന്നിച്ചു കളിക്കുന്നു. കുറുക്കനും പട്ടിയും ഇണചേരുന്നു.' പര സ്പരം ദ്വന്ദ്വമായിരുന്നവയെല്ലാം ഇപ്പോൾ ഒന്നായിരിക്കുന്നു. കുറുക്കനിന്ന് എവിടെയുമുണ്ട്. ബസ് സ്റ്റോപ്പിലും, ക്യൂവിലും, നാലാളുകൂടുന്നിടത്തെല്ലാം. അവൻ മനുഷ്യനെ പോലെ ചിന്തി ക്കുന്നു, നടക്കുന്നു. ഒരിക്കൽ കുറുക്കന്റേയും കോഴിയുടെയു മൊക്കെ ശബ്ദം അനുകരിക്കുന്ന വാര്യരോട് കുറുക്കൻ പറയു ന്നുണ്ട്. 'ഞങ്ങളിന്ന് ഓരിയിടാറില്ല.'

കുറുക്കനിന്ന് കുറുക്കനായല്ല ജീവിക്കുന്നത്. അവൻ അവന്റെ സ്വത്വം നഷ്ടപ്പെട്ടിരിക്കുന്നു. വിദ്യാർത്ഥിനിയായ ശ്രീജിനി പറയുന്നുണ്ട്. 'ഞങ്ങളുടെ നാട്ടിൽ ഇപ്പോൾ കുറുക്കന്മാരേയില്ല. ഒരുപാടു കുറുക്കന്മാരുള്ള സ്ഥലമായിരുന്നു. ഞങ്ങളെല്ലാം പേടിച്ചു കഴിഞ്ഞ കാലമുണ്ടായിരുന്നു. ഇപ്പോൾ എല്ലാം എങ്ങോട്ടോ പോയി. പകരം ഇപ്പോൾ പൂവാലശല്യമാണ്.'

പഴയ കുറുക്കന്റെ സ്വഭാവം, ഇന്ന് മനുഷ്യനാണെന്ന് ധ്വനി കഥയിലുണ്ട്. ടി.വി.യിലെ ലോകസഭ വർത്തമാനം കുറുക്കന് ഓരിയിടലായാണ് അനുഭവപ്പെട്ടത്. എഴുത്തുകാരൻ വംശശുദ്ധിയെ ചോദ്യം ചെയ്തപ്പോൾ ചുട്ടമറുപടിയാണ് കുറുക്കനിൽ നിന്ന് ലഭിച്ചത്.

'അങ്ങനെയൊരു വിശുദ്ധിയെക്കുറിച്ചുള്ള സങ്കല്പം നിരർത്ഥകമാണ്. ചോദിക്കട്ടെ, മനുഷ്യവംശത്തിന്റെ വിശുദ്ധി എന്നു പറഞ്ഞാൽ എന്താണ്? നിങ്ങൾ ഞങ്ങളെപ്പോലെ സങ്കര വർഗ്ഗങ്ങളെ ഉണ്ടാക്കുന്നില്ലല്ലോ? എന്നിട്ട് എവിടെപ്പോയി നിങ്ങളുടെ വംശശുദ്ധി.' 'കുറുക്കൻ എന്നും കുറുക്കൻ തന്നെയാണ്. കൗശലക്കാരൻ എന്നും ദ്രോഹിയെന്നും നിങ്ങൾ വിളിക്കും. പക്ഷേ, ആ കൗശലക്കാരൻ നിങ്ങൾ ഇന്നു കുഞ്ഞുങ്ങൾക്കു പറഞ്ഞു കൊടുക്കാത്ത കഥകളിലാണുള്ളത്.' കുറുക്കന് അവന്റെ വീടുകളും മേച്ചിൽ പുറങ്ങളും നഷ്ടപ്പെട്ടു. അല്ല നഷ്ടപ്പെടുത്തി അതാണ് സത്യം. ഒടുവിൽ,

'തിരിച്ചുപോവുകയാണ്. യാത്ര ചോദിക്കാൻ വന്നതാണ്.'

'എങ്ങോട്ട്.'

'പറ്റുമെങ്കിൽ പഴയ കഥകളിലേക്ക്. ഇല്ലെങ്കിൽ ...'

‘എങ്ങനെയാണ്.’

‘പഞ്ചതന്ത്രം പയറ്റിനോക്കാക്കണം. സാധിച്ചില്ലെങ്കിൽ....’

കഥയുടെ അവസാനം കുറുക്കന്റെ തിരോധാനത്തിലാണ്. കുറുക്കനെ കാണാനില്ല. പറഞ്ഞതുപോലെ പഞ്ചതന്ത്രം കഥ കളിലേയ്ക്ക് മടങ്ങിപോയതായും അറിവില്ല. ഇത് വരെ ആരും കൈകാര്യം ചെയ്യാത്ത ഒരു വിഷയമാണ് ഈ കഥയുടെ പ്ര മേയം. കുറുക്കൻ എന്ന കഥാപാത്രത്തിലൂടെ മനുഷ്യന്റെ ചെ യ്തികളെ വിമർശിക്കുകയാണ് കഥാകൃത്ത്.

## 1.2. പൂച്ചയെ വളർത്തിയ മനുഷ്യൻ.

വി.ആർ. സുധീഷിന്റെ ആത്മാംശം നിറഞ്ഞ കഥകളിലൊ ന്നാണ് പൂച്ചയെ വളർത്തിയ മനുഷ്യൻ. ഇതിലെ കേന്ദ്ര കഥാ പാത്രം പപ്പി എന്ന പൂച്ചയാണ്. പപ്പിയുടെയും അവളുടെ വംശാനന്തരതലമുറകളുടെയും കഥയാണിത്.

കുറേ കാത്തിരുന്നതിനു ശേഷമാണ് കുഞ്ഞ് പപ്പി പ്രപ ഞ്ചത്തിലേയ്ക്ക് വരുന്നത്. സാധാരണ പൂച്ചയെ കുറിച്ച് പറയാ റുള്ള ചില വിശ്വാസങ്ങൾ ആ വീട്ടിലും ഉണ്ടായിരുന്നു. പ്രപഞ്ച ത്തിൽ പപ്പി കുടുംബാംഗമായി. അമ്മുവിന് അവൾ അനുജത്തി തന്നെ. മകൾ അമ്മുവും പപ്പിയും തമ്മിലുള്ള നിഷ്കളങ്ക മായ സ്നേഹബന്ധം കഥയിൽ കാണാം. ഒപ്പം തന്നെ കഥാകൃ ത്തിന് അമ്മുവിനോടും പപ്പിയോടുമുള്ള സ്നേഹവും. വായന ക്കാരെ ആകർഷിക്കുന്ന ഒരു പാട് നിമിഷങ്ങൾ പപ്പിയുടേതാ യുണ്ട്. ഒരു കുഞ്ഞിന്റെ കളിചിരികളെന്ന പോലെ പൂച്ചയുടെ പ്രവർത്തികളെ ആസ്വദിക്കുകയാണ് കഥാകൃത്ത്. പപ്പിയുടെ ആദ്യ മരം കേറ്റം പ്രപഞ്ചത്തിലെ അംഗങ്ങളെയെന്നപോലെ

വായനക്കാരെയും ആവേശരാക്കി. പപ്പിയുടെ സൂക്ഷ്മമായ ഓരോ ഇരിപ്പും നടത്തവുമെല്ലാം കഥയിലുണ്ട്. ഓരോ ഇരിപ്പും ചാരുതയാർന്നതാണ്.

'ലോകകപ്പ് ഫുട്ബോളോ സിനിമയോ സീരിയലോ ടി.വി.യിൽ തകർത്തുനടക്കുമ്പോഴും രാത്രിയിൽ എല്ലാവർക്കുമരികിൽ സൗഹൃദം പങ്കിട്ട് അത് ടി.വി.ക്കു മുകളിൽ കാണും. അടുക്കളയിൽ ഫ്രിഡ്ജിനു മുകളിൽ, എന്റെ മുറിയിൽ, എഴുത്തുമേശയിൽ. താഴെ കട്ടിലിൽ അമ്മുവിനരികിലും പുലർച്ചെ എന്റെ കാലിനരികിലും.' അമ്മുവിനെ സ്കൂളിലേക്ക് യാത്രയയ്ക്കുന്നതും, കുക്കുവിനെ കാത്തിരിക്കുന്നതും അതിന്റെ ദിനചര്യകളാണ്.

അഞ്ചു വയസ്സുകാരി അമ്മു പപ്പിയുടെ മീശ വെട്ടുന്ന രംഗമുണ്ട്. പപ്പി അതിനു സന്തോഷത്തോടെ നിന്നു കൊടുക്കുകയായിരുന്നു. അങ്ങനെ മീശ നഷ്ടപ്പെട്ട പപ്പിയ്ക്ക് ചില പ്രശ്നങ്ങളുണ്ടായി. പപ്പിയ്ക്ക് സൂക്ഷ്മകാഴ്ചയും ഘ്രാണ ശക്തിയും നഷ്ടപ്പെട്ടു. ജീവിതകാലം മുഴുവൻ പപ്പിയ്ക്ക് ഈ പ്രതിസന്ധി നേരിടേണ്ടതായിവന്നു.

പപ്പിയുടെ ജീവിത വികാസത്തിനൊപ്പം കഥാകൃത്തിന്റെ ജീവിതത്തിലുണ്ടായ മാറ്റങ്ങളും ഇഴചേർന്നിരിക്കുന്നു. കഥാകൃത്തിന് പൂച്ചയുമായുള്ള ആത്മബന്ധം വായനക്കാരിലേക്കും പകരുകയാണ്. നമ്മിൽ ഒരാളായി പപ്പി മാറുന്നു. പപ്പി അടുത്ത തലമുറയ്ക്ക് ജന്മം നൽകിയപ്പോൾ അവളോടുള്ള ഇഷ്ടവും കൗതുകവും ഏറുകയാണ്. നാൽപതോളം കുഞ്ഞുങ്ങളെ അവൾ പ്രസവിച്ചു. കുഞ്ഞുക്കൾക്കായി ആവശ്യക്കാർ ധാരാളമായിരുന്നു. ജീവിച്ച കുഞ്ഞുങ്ങളെല്ലാം ഓരോരോ വീടുകളി

ലാണ്. അവരിൽ ചിലരുടെ കഥയും കാണാം. ദേവു, ചാന്തു, പഞ്ചമി, ടോബി അങ്ങനെ നീളുന്നു അവരുടെ ലിസ്റ്റ്. ടോബി ഒരുനാൾ മദ്യപിച്ച് ഫിറ്റായി താഴെ വീണ് കാലൊടിഞ്ഞ രംഗങ്ങൾ വളരെ ഭംഗിയായി ആവിഷ്ക്കരിച്ചിരിക്കുന്നു.

പിന്നീടങ്ങോട്ട് ജീവിതത്തിന്റെ ഒഴുക്കിൽ കഥാകാരന് കൂട്ട് പപ്പി മാത്രമാകുന്നു. പപ്പി റോഡരുകിൽ മരിച്ചു കിടന്നുവെന്ന് അറിയുമ്പോൾപ്രപഞ്ചത്തിലെന്നപോലെവായനക്കാരുംദുഃഖിതരാകുന്നു. ഒരു പൂച്ചയുടെ ജീവചരിത്രം തന്നെയാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പപ്പിയുടെ ദിനചര്യകളും, ജീവിതത്തിലെ അഗ്നിപരീക്ഷകളുമെല്ലാം അതിന്റെ ഭാഗമാണ്. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള ആത്മബന്ധത്തിന്റെ കഥ കൂടിയാണിത്.